ശ്രീ

# കാശിമാഹാത്മ്യം

കിളിപ്പാട്ട്.

# ശ്രീ

# കാശിമാഹാത്മ്യം

## കിളിപ്പാട്ട്.

---

പാലക്കാട്, പള്ളത്തിരി,

**കപ്പടത്ത് ശങ്കരമേനോനാൽ**

സംസ്കൃതത്തിൽനിന്ന് പരിഭാഷപ്പെടുത്തി

തൃശ്ശിവപേരൂർ

"ഭാരതവിലാസം" അച്ചുകൂടത്തിൽ

അച്ചടിപ്പിക്കപ്പെട്ടത്.

---

[കോപ്പി—൧൦൦൦]

---

൧൦൭൨:

# മുഖവുര

ശ്രീവേദവ്യാസമഹർഷിയാൽ [illegible] പ്രണീതങ്ങളായ അഷ്ടാദശപുരാണങ്ങളിൽ പ്രധാനമായിരിക്കുന്ന പത്മപുരാണത്തിലുള്ള പാതാളഖണ്ഡത്തിൽ ശ്രവണമാത്രേണാഘനാശകങ്ങളായ അനേക ദിവ്യകഥാസന്ദർഭങ്ങളോടുകൂടി ആഖ്യാനവും അനേക സഹസ്ര ശ്ലോകരൂപമായി പ്രതിപാദിച്ചിട്ടുള്ളതും അനായാസേന മോക്ഷമൂലകമായ ലോമശാദിമഹർഷിമാരുടെ പ്രസ്ഥാനസാരമായി നർമ്മദാതീരത്തിങ്കൽവെച്ച് ബ്രഹ്മപുത്രനായ ഭൃഗുമഹർഷി സർവ്വലോകോപകാരകമായി ആ മഹർഷിമാരോട് ഉപദേശിച്ചതും ആകുന്നു കാശീമാഹാത്മ്യമെന്ന ഈ ഗ്രന്ഥം. ഇതിൽ ആദിമുതൽ അവസാനംവരെ പ്രതിപാദിച്ചിട്ടുള്ള കഥകളെ യഥാക്രമം ഇവിടെ വിവരിക്കുന്നതായാൽ ഈ അവതാരിക അധികമായി ദീർഘിക്കും. ഈ ഗ്രന്ഥത്തിന്റെ പാരായണമാത്രത്താൽ ഫലവും എളുപ്പത്തിൽ അറിയത്തക്കതായിരിക്കുന്നു എന്നും നിരൂപിച്ച് ഇവിടെ വിസ്തരിക്കുന്നില്ല.

വാരാണസീപുരീവാസ വാസനാവാസിതാന്തരാ
കിംശ്രുതാ സമതാം യാതി പരമാപാകരോതരേ.
മണിമാംസോളുംശ്ച വിഭൂതിശ്ചാവിഭൂഷണം
കൌപീനയുഗ്മകമ്പളശ്ചാ സംകാശീ ക്ഷേത്രമിച്ഛതാം.

ഇത്രമാത്രം മാഹാത്മ്യമുള്ള ശ്രീ കാശീമാഹാത്മ്യത്തെ സംസ്കൃത പാണ്ഡിത്യമില്ലാത്ത മലയാളികൾക്കുകൂടി അറിയാൻ സാധിക്കേണമെന്നുള്ള പരോപകാരതല്പരത്വത്തോടുകൂടി അരുണാചലമാഹാത്മ്യത്തിന്റെ പരിഭാഷകനും പ്രധാനമായ കപ്പടത്ത് ശങ്കരമേനോനവർകൾ സംസ്കൃതത്തിലുള്ള കാശീമാഹാത്മ്യത്തിൽനിന്നു ലളിതതരമായും ശ്രാവ്യമായും പ്രായേണ സർവ്വജനവിജ്ഞേയമായും മണിപ്രവാളരീതിയിൽ കിളിപ്പാട്ടായി മൂലാനുസാരം മലയാളത്തിൽ ഭാഷാന്തരം ചെയ്യുന്നതാകുന്നു ഈ ഗ്രന്ഥം. ഇതുകൊണ്ടുത

ന്നെ ടി. ശങ്കരമേനോനവർകളുടെ ജീവകാരുണ്യവും സ്വോപാസനയും അനിതരസാധാരണമായ കവനസാമർത്ഥ്യവും സഹൃദയ നിർമ്മത്സരന്മാരായ സജ്ജനങ്ങൾക്ക് ശ്ലാഘനീയമായിട്ടുതന്നെ തീർന്നിരിക്കുന്നു.

(ശ്ലോ.) കാശീകാശീതിമന്ത്രസ്യ യാൽ ജപോ നാസ്തിമുഖേനതു
തസ്യപാപാനിനശ്യന്തി നാത്രകാര്യാവിചാരണാ.

എന്നാണല്ലോ മഹദ്വാക്യം. ഇപ്രകാരം ഇരിക്കെ ശ്രീകാശീ മാഹാത്മ്യത്തെ സർവ്വജനോപകാരമായി കിളിപ്പാട്ടു രീതിയിൽ ഭാഷാന്തരം ചെയ്തു ജനത്തിന്നു അതിനെ പാരായണം ചെയ്യുന്നവർക്കും ശ്രവിക്കുന്നവർക്കും ഉണ്ടാവുന്ന പുണ്യഫലം അഗണ്യമെന്നല്ലാതെ മറ്റൊന്നും പറവാൻ തോന്നുന്നില്ല. ഈ കാശീമാഹാത്മ്യകർത്താവായ ടി. ശങ്കരമേനോനവർകൾ ഇനിയും സത്യസ്വരൂപങ്ങളായി പവിത്രാത്മകങ്ങളായിരിക്കുന്ന പുരാണങ്ങളേയും മറ്റും ഭാഷാന്തരപ്പെടുത്തി ലോകോപകാരത്തെ ചെയ്തു ശ്രേയസ്സും യശസ്സും ദീർഘായുസ്സും പ്രാപിക്കേണമെന്നു ഈശ്വരനോടു അപേക്ഷിച്ച് ഇത് ഇവിടെ സമർപ്പിക്കുന്നു.

മായാവിഭ്രാന്തിയിൽപ്പെട്ടകമതകിലുഴന്നീടുമീമാനവന്മാ-
ക്കായാസംമേലിലുണ്ടാകരുതിതിനിനിയ്ക്കമിച്ചെന്തമൻശങ്കരാഖ്യൻ
മായംവിട്ടാമതെതിൽക്കനിവൊടെതിഹൈകാശികാമാഹാത്മ്യമേവം
ജീയാൽപണ്ഡിതന്മാർക്കഭിമതമായിപാരിലെന്നുംപറഞ്ഞുകൊള്ളുകാലം.

കാശീമാഹാത്മ്യമേവംസരസസരളമായ്മെയ്യൂരളമൊഷയൊപി
ക്കേസുക്കേടൊടെപാട്ടായ്ജനരതനായിത്തീർന്നൊരങ്ങേക്കനിത്യം
ആശാവസ്ത്രാംഗിരാമൻപുരരിപുഭഗവാനന്തരാന്മാധിനാഥൻ
നാശംകൂടാതെയുല്ലാരനാമനിലയെഴുംമംഗളംനൽകിടട്ടെ.

തൃശ്ശിവപേരൂർ.
൧൦൭൨ മിഥുനം ൭-നു-

തൃശ്ശിവപേരൂർഡിസ്ത്രിക്കുകോർട്ടുവക്കീൽ
മാക്കോത്ത് കൃഷ്ണമേനോൻ.

ശ്രീ

# കാശിമാഹാത്മ്യം

## കിളിപ്പാട്ടു്.

### പ്രഥമാദ്ധ്യായം

---

ഹരിഃ ശ്രീഗണപതയേനമഃ അവിഘ്നമസ്തു
ശ്രീഗുരുഭ്യോനമഃ

---

ശ്രീകാശിപുരാവാസശങ്കരവിശ്വേശ്വര
ശ്രീകാശിപുരാവാസഗൌരീശമഹേശ്വര.
ശ്രീകാശിപുരാവാസചന്ദ്രശേഖരഹര
ശ്രീകാശിപുരാവാസകരുണാലയശംഭോ.
ശ്രീകാശിപുരാവാസധൂൎജ്ജടമൃത്യുഞ്ജയ
ശ്രീകാശിപുരാവാസപരമേശ്വരവിഭോ.
ശ്രീകാശിപുരാവാസഭക്തവത്സലശിവ
ശ്രീകാശിപുരാവാസഭഗവന്നമോസ്തുതെ.
ശ്രീകാശീശ്വരതിരുനാമങ്ങൾപാടീടുമാരം-
ലംഗതമായകിളിപ്പൈതലെചാരുശീലെ.
ചാരത്തുവന്നുവസിച്ചമ്പോടുനല്ലപഞ്ച-
സാരവുംപാലുംതേനുംകദളീഫലങ്ങളും.
പാരാതെഭുജിച്ചുനിന്നാലസ്യംതീൎത്തുകൊണ്ടു
പൂരിച്ചമോദമോടുംകാശിമാഹാത്മ്യത്തെ.
നേരോടെചൊല്ലീടേണമെന്നുകേൾപ്പതിന്നക-
താരതിലതിമോഹംഞങ്ങൾക്കുവളരുന്നു.
ശീലകളേവംകേട്ടുശാരികതാനുംവന്ദ്യ-
ന്മാരെവന്ദിച്ചുഭക്ത്യാപറഞ്ഞുതുടങ്ങിനാൾ.
ഗൌരീശതനയനാംഗണനായകൻവിഘ്ന-
പൂരത്തെയൊഴിത്തുപരിപാലിച്ചുകൊണ്ടീടേണം.
സാരസോത്ഭവജായേകാരുണ്യാലയതായേ
ഭാരതിദേവിവേദരൂപിണികേളിപ്രിയേ.

വാരിജവിലോചനേവാരണവരയാന
സൈരമെൻനാവുതന്മേൽവാണരുളീടുകംബെ.
അരുണാദ്രീശൻതന്റെപാദനാംഭോജമുള്ളിൽ
മരുവീടേണംമറ്റവശരണമിങ്ങില്ലേതും.
ഗുരുകാരുണ്യമൂൎത്തിഗുരുമാരുതേശനും
വരമിങ്ങരുളുവാൻപേൎത്തുകെവണങ്ങുന്നേൻ.
നാരദവ്യാസസനകാദിമാമുനിമാരു-
മാരണശ്രേഷ്ഠന്മാരുമാവോളംതുണനല്കേണം.
ദുൎഭരമായിട്ടുള്ളഗൎഭഭാരാദിനോവും
നിൎഭരംപ്രസവകാലാസഹ്യദുഃഖങ്ങളും.
ഏൾപ്പുരുംസഹിച്ചോരുപരസരംമലമയ
തല്പത്തിൽകിടന്നേറാംകഷ്ടപ്പെട്ടനാരതം.
ഉൾപ്രേമമോടുമെന്നെവളൎത്തമാതാവിന്നു
തൽപ്രതിവിധിയെന്തൊന്നിഹഞാൻചെയ്തീടേണ്ടു
കെല്പേറിടുന്നപുത്രനാകിലുംജനനിക്കു
തൽപ്രതികൃതിചെയ്വാൻശക്തനായ്വരാന്നൂനം.
ഇപ്പരിചാകയാലിന്നത്യന്തഭക്തിയോടും
മൽപ്രസൂപാദേവീണൊന്നൊന്നുവണങ്ങുന്നേൻ.
സൽപുമാന്മാരിലത്യുത്തമനായീടുന്നോരു
മൽപിതാതാനുംനിത്യമുൾപ്പൂവിൽവിളങ്ങേണം.
മൽപൂൎവ്വഭൂതന്മാരാമവരുംകരുണയോ-
ടെപ്പോഴുമിനിക്കേറാംതുണപ്പാൻവന്ദിക്കുന്നേൻ,
അല്പജ്ഞനായൊരെന്നെശ്ശൂശ്രവേഗുരുതങ്ക-
ലപ്പിച്ചുവിദ്യാഭ്യാസംചെയ്യിച്ചമഹാഭാഗൻ.
സൎപ്പശായിയാംമാരുതഗേഹേശന്റെ
നൽപദാംഭോജേലയിച്ചീടിനമമാഗ്രജൻ.
കെല്പോടനുഗ്രഹംചെയ്തുകൊണ്ടെന്നുള്ളത്തി-
ലെപ്പോഴുംവിളങ്ങേണമതിനായ്തൊഴുന്നുഞാൻ.
ചിത്രപത്തനവാസിയാകുമെൻഗുരുനാഥ-
നുത്തമമാൎത്തണ്ഡൻശ്രീകൃഷ്ണാഭിധാനാലംകൃതൻ.
ശാസ്ത്രതത്വാൎത്ഥവാദിതൻചരണാംഭോരുഹ-
മാൎത്തിതീൎത്തകതാരിൽവിളങ്ങീടേണംസദാ.
ചൊല്ലുള്ളവാരാണസീമാഹാത്മ്യംഭാഷയായി-
ച്ചൊല്ലേണമെന്നുചിന്തിച്ചിരിക്കുംകാലത്തിങ്കൽ.

നല്ലോരുലളിതോപാഖ്യാനത്തെഞാൻചൊല്ലാ-
നല്പംസമോദമോടെത്രനിഞ്ഞീടിനേനാകയാലെ.
വല്ലതുമറിഞ്ഞപോലിന്നിതുഭംഗിയായി-
ച്ചൊല്ലുകെന്നെൻറഗുരുതന്നുടെനിയോഗത്താൽ.
സല്ലോകക്രമംപോലെയുള്ളതിലൊത്തുകൊണ്ടു
ചൊല്ലുവാനാരംഭിച്ചീടുന്നേൻഞാനാകുംവണ്ണം.
നല്ലസജ്ജനമിതുകണ്ടനുഗ്രഹിക്കേണ-
മില്ലൊരുഖേദമജ്ഞന്മാരുപഹസിച്ചാകിൽ.
നൈമിശാരണ്യവാഴുംമുനിമാരോടുസൂത-
നാമോദമോടുചൊന്നതെങ്കിലോകേട്ടുകൊൾവിൻ.
നമ്മദാനദിതൻറെപുളിനേസുഖംവാഴും
ബ്രഹ്മപുത്രനാംഭൃഗുമുനിയോടൊരുദിനം.
നിമ്മലന്മാരാംലോമശാദിമാമുനീന്ദ്രന്മാർ
സമ്മോദമോടെവിനയാന്വിതംചോദ്യംചെയ്താർ.
ഭഗവൻസവ്വതത്വവേദിയാംഭവാനോടു
ഭൃഗുമാമുനേഞങ്ങളൊന്നുണ്ടുചോദിക്കുന്നു.
ജഗതീതലേമോക്ഷകാമികളായുള്ളോക്കു
ലഭ്യമാംമോക്ഷത്തിന്നുഹേതുവാംവേദങ്ങൾക്കും.
അത്യന്തംരഹസ്യമായ്ഭവന്നിശ്ചിതമായ
തത്വംയാതൊന്നോഭവാനതിനെവഴിപോലെ.
ശ്രദ്ധാലുക്കളായീടുംഞങ്ങൾക്കുവിവേചിച്ചു
ബദ്ധസമ്മദമരുൾചെയ്യേണംദയാനിധേ.
മായാമോഹിതന്മാരായീട്ടുകകൊണ്ടുഞങ്ങൾ-
ക്കായതിന്നകതാരിലുറച്ചീടുന്നീലേതും:
ഇത്ഥംമാമുനിവരന്മാരുടെവാക്കുകേട്ടു
തത്വാത്ഥദശ്ശികനാംഭൃഗുവുമരുൾചെയ്താൻ.
അല്ലയോമഹാഭാഗന്മാരാംതാപസന്മാരെ
നല്ലതുനല്ലതേവംചോദിച്ചതെന്നുനൂനം.
നല്ലൊരുതത്വമറിഞ്ഞീടുവാനകതാരിൽ
തെല്ലല്ലാതുള്ളമോഹംവദ്ധിക്കനിമിത്തമായ്.
കല്യാണംമേല്ക്കുമേലെനിങ്ങൾക്കുഭവിച്ചീടു-
മില്ലസംശയംമഹാഭാഗന്മാരല്ലോനിങ്ങൾ.
ഉള്ളവണ്ണമേതത്വംബോധിപ്പിച്ചീടുവാനു-
മുള്ളത്തിൽധരിപ്പാനുംബ്രഹ്മാവിനാലുംകൂടി.

എത്രയോകാലംകൊണ്ടുംസാധിപ്പാനെളുതല്ലെ-
ന്നുത്തമന്മാരെനിങ്ങളകമേഗ്രഹിച്ചാലും.
ഇത്തരമെന്നാകിലുംമുന്നംഞാൻകേട്ടപോലെ
സത്യമായ്ചൊല്ലീടുവൻനമിച്ചുധാതാവിനെ.
ഉത്തമന്മാരാംഭവാന്മാരുടെചോദ്യത്തിനി-
ന്നുത്തരംചൊൽവാന്മഹാദുൎഘടമെന്നാകിലും.
പ്രത്യഹംമഹാദേവസ്മരണമൊന്നുതന്നെ-
യത്യന്തംസഹായമെന്നോൎത്തുഞാൻതുടങ്ങുന്നേൻ.
ചിന്തിതകന്മഷഹരമാദിമംമഹത്തരം
ബുദ്ധിവൃദ്ധിക്കുമുഖ്യസാധനംമോക്ഷപ്രദം
ഉത്തമമാകുംകാശീമാഹാത്മ്യത്തെച്ചൊല്ലീടുവൻ
ചിത്തമേകാഗ്രമാക്കി കേട്ടുകൊള്ളുവിൻനിങ്ങൾ.
കല്പാന്തകാലത്തിങ്കൽസൂൎയ്യചന്ദ്രാദികളു-
മപ്പൃഥിവ്യാദിമഹാഭൂതസഞ്ചയങ്ങളും.
ഒട്ടുമേശേഷിയാതെനഷ്ടങ്ങളായിപ്പിന്നെ
വിഷ്ടപഗണസാമ്യംശ്രീപതിമായാവശാൽ.
സംഭവിച്ചേവംബഹുകാലംചെന്നതിൻശേഷ-
മന്പെഴുംവിഭുസൎഗ്ഗോന്മുഖനെന്നതുകണ്ടു.
ബ്രഹ്മംതാനാധാരമായിരിക്കുംമഹാമായാ
ചിന്മയിതാനുംപരിപാകത്തെപ്രാപിച്ചിതു.
അന്നേരംമായയിൽനിന്നുണ്ടായിതാകാശവും
പിന്നെയാകാശത്തിങ്കൽനിന്നു വായുവുമുണ്ടായ്.
എന്നതുപോലെവായുവിങ്കന്നഗ്നിയുമുണ്ടാ-
യ്വന്നിതുവഹ്നിയിൽനിന്നപ്പുമുണ്ടായിവന്നു.
അപ്പിൽനിന്നുളവായിച്ചമഞ്ഞുപൃഥിവിയു-
മിപ്പഞ്ചഭൂതങ്ങളുംവൎദ്ധിച്ചുക്രമത്താലേ.
ഇങ്ങിനെഭൂതങ്ങളെസ്സൃഷ്ടിച്ചുപശ്ചാദേഷണ
മംഗലാത്മകൻസൎവ്വലോകനായകൻപരൻ.
ഭക്തന്മാൎക്കനുഗ്രഹംചെയ്വാനീശ്വരൻലീലാ
ഗാത്രത്തെപ്പിന്നെധരിച്ചീടിനാൻമനോഹരം.
നീലപങ്കജദളംപോലെശ്യാമളമായ
കോലവുംശംഖചക്രപങ്കജഗദകളാൽ.
ചാലവേവിളങ്ങുന്നനാലുകൈകളുംപീത-
ചേലയാൽസമാവൃതമാകിയസുമദ്ധ്യവും.

പങ്കജപത്രതുല്യനയനങ്ങളുംരത്ന
കങ്കണാദികളായഭൂഷണജാലങ്ങളാൽ.
ശോഭിതമായിജ്ജലാന്തർഗ്ഗതമായിട്ടതി-
ശോഭനമായദേഹംധരിച്ചോരനന്തരം.
നൂറുയോജനവിസ്താരംപൂണ്ടബാലാർക്കനൊ
നേരായുജ്ജ്വലിച്ചീടുംതൻനാഭിപത്മത്തിങ്കൽ.
നിന്നുളവായിച്ചമഞ്ഞീടിനാൻധാതാവുതാ-
നന്നേരംനാലുദിക്കുംനോക്കിനാൻപിതാമഹൻ.
ആരെയുമൊരേടത്തുംകണ്ടതില്ലപ്പോൾക-
താരതിൽസർവ്വേശ്വരൻതാൻതന്നെയെന്നുമോർത്താൻ.
ഏവമജ്ഞാനിയായിട്ടഹങ്കാരിയാംപത്മ-
ഭൂവിനെയറിഞ്ഞൊരുഭഗവാൻജനാർദ്ദനൻ.
തന്നുടെസ്വരൂപംകാട്ടികൊടുത്തുനീയാരെന്ന-
തന്നേരംചോദിച്ചപ്പോൾബ്രഹ്മാവുമുരചെയ്താൻ.
ഞാനല്ലോസാക്ഷാൽസർവ്വഭൂതനായകൻതാനും
ഞാനല്ലോഭവാനുടെകാരണഭൂതൻതാനും.
ഞാനല്ലോസൃഷ്ടിചെയ്തിരിക്കുന്നായവയെല്ലാ-
മൂന്നമെന്നിയേയെന്നെയറിയുന്നീലേഭവാൻ.
പങ്കജഭവൻതന്റെവാക്യമിങ്ങിനെകേട്ടു
പങ്കജനേത്രൻതാനുമുള്ളതിലേവമോർത്താൻ.
ആശ്ചര്യമവിദ്യതൻമാഹാത്മ്യമോർത്തുകണ്ടാ-
ലാശ്ചര്യമിവനേവംനാഭിപങ്കജജാതൻ.
നിശ്ചയംമഹാമൂഢധീയാമിച്ചതുർമ്മുഖ-
നീശ്വരനായോരെന്നെയറിയുന്നീലയേതും.
ഇത്തരംനിജഹൃദിചിന്തിച്ചുവിരിഞ്ചനോ-
ടുത്തരമരുൾചെയ്യാനിന്ദിരാമനോഹരൻ.
പങ്കജയോനേനിജഹേതുഭൂതനാമാദി-
പങ്കജാക്ഷനെവഴിപോലെനോക്കീടുഭവാൻ.
ആയതുനോക്കിയറിഞ്ഞീട്ടുനിന്നുടെഗുരു-
വായവരെന്നെത്തന്നെനീശരണംപ്രാപിച്ചാലും.
എന്നവരിരുവരുംതങ്ങളിൽവിവാദിച്ചു
വന്നൊരുമഹാരോഷംസഹിയാഞ്ഞതുനേരം.
ഞാനല്ലോമുമ്പൻമുമ്പൻഞാനല്ലോഞാൻഞാനെന്നു
മാനത്താൽവാക്കുകൊണ്ടുയുദ്ധംചെയ്തിതുപാരം.

പിന്നെയുംനിജനിജമാഹാത്മ്യംകൊണ്ടുണ്ടായോ-
രുന്നതശസ്ത്രാസ്ത്രങ്ങൾകൊണ്ടവർയുദ്ധംചെയ്താർ.
അന്യോന്യമുള്ളശസ്ത്രപാതത്താലിരുവരും
ഭിന്നഗാത്രരായ്രക്തംകൊണ്ടഭിഷിക്തന്മാരായ്.
ഇങ്ങിനെതന്നെനൂറുവത്സരംവിരിഞ്ചനും
ശാർങ്ഗപാണിയാംരമാവല്ലഭൻതാനുംതമ്മിൽ,
സംഗരമതിഭയങ്കരമാംവണ്ണംചെയ്തു-
മങ്ങവർക്കേതുംജയാജയങ്ങൾഭവിച്ചീലാ.
അന്നേരംശരൽക്കാലചന്ദ്രന്മാരയുതമ-
ങ്ങൊന്നിച്ചുകൂടിയുദിച്ചയന്നതേജസ്സോടും.
മുന്നിലാമ്മാറകാണായ്വന്നിതങ്ങവർക്കപ്പോ-
ളിന്ദുശേഖരലിംഗമെത്രയുംതേജോമയം.
അതിങ്കൽനിന്നുവ്യാപിച്ചുള്ളോരുജ്യോതിസ്സുക-
ണ്ടതിനിഷ്പ്രഭന്മാരായ്വിസ്മിതന്മാരായുള്ള.
ദൈതേയവൈരിയായവിഷ്ണുവുംവിരിഞ്ചനും
ഭീതിപൂണ്ടിനിയിപ്പോൾചെയ്യേണ്ടതെന്തെന്നുള്ളിൽ.
ഏതുമെതിരിയാതെകുറഞ്ഞൊന്നഗ്രേകാണും
ജ്യോതിസ്സങ്ങിനെയുണ്ടാമെവിടെനിന്നിതേവം.
ചിത്തത്തിൽവിചാരിച്ചുനില്ക്കുമ്പോൾമഹാലിംഗ-
മദ്ധ്യത്തിലൊരുപുമാൻതന്നെയുംകാണായ്വന്നു.
പിംഗലജടാജൂടധാരിയായ്നരകപാ-
ലങ്ങളെക്കൊണ്ടുംഭുജഗങ്ങളെക്കൊണ്ടുമേറ്റം.
മംഗലമാമ്മാറലംകൃതനായ്ദിഗംബരനായ്
ശംഖകുന്ദേന്ദുതുല്യനിർമ്മലതേജസ്വിയായ്.
പ്രത്യക്ഷമായിക്കണ്ടനേരത്തുവിരിഞ്ചനും
ദൈത്യാരിതാനുമേവംമനസിനിശ്ചയിച്ചാർ.
ചിത്രമെത്രയുമിദമിക്കാണായവൻസർവ്വ
ശക്തനാംപരൻപുമാനില്ലസംശയമേതും.
ഇത്തരമോർത്തവർവൈദികസ്തോത്രങ്ങളാ-
ലുത്തമപുരുഷനെസ്തുതിച്ചാരന്നേരം.
ശങ്കരശംഭോമഹാദേവദേവേശപ്രഭോ
തിങ്കൾശേഖരകരുണാനിധേപശുപതേ.
ഗംഗാകാമുകസമസ്തേശപരമേശ്വര
മംഗലാത്മകത്രിപുരാന്തകവ്യോമകേശ.

അംഗജാരാതേഗിരിജാപതേഭൂതപതേ
പിംഗലജടാജൂടധരവിശ്വേശശംഭോ.
ശാശ്വതസനാതനസകലജഗന്മയ
ഈശ്വരവൃഷധ്വജപാലയനമോസ്തുതേ.
ഇത്തരംബഹുവിധംസ്തുതിച്ചുവിരിഞ്ചനും
ദൈത്യാരിതാനുംഭക്ത്യാവന്ദിച്ചുനില്ക്കുന്നേരം.
എത്രയുംപ്രസാദിച്ചുകമലാസനപത്മ-
നേത്രന്മാരോടീവണ്ണമരുളിച്ചെയ്താനീശൻ.
നിർഭരംതേജോമയമാകിയമഹാലിംഗ-
മത്ഭുതമിതുഭവാന്മാരാൽസന്ദൃഷ്ടമായി.
ഭക്തികൈക്കൊണ്ടുസ്തുതിക്കപ്പെട്ടിതതിനാൽഞാ-
നെത്രയുംപ്രീതനായിബ്ഭവിച്ചിതതുമൂലം.
ചിത്തത്തിലിഷ്ടവരമെന്തുവരിച്ചാലു-
മത്രഞാൻനല്കീടുവനാദിജന്മാരേചൊൽവിൻ.
എന്നതുകേട്ടങ്ങപേക്ഷിച്ചിതുവിരിഞ്ചനു-
മിന്ദിരാരമണനുമന്നേരംഭക്തിയോടെ.
ശങ്കരസദാശിവഞങ്ങളിൽപ്രസന്നനാ-
യെങ്കിലോഭവാൻതങ്കൽഞങ്ങൾക്കുനിശ്ചലയാം.
ഭക്തിയുണ്ടാകവേണംമറ്റൊരുവരംഞങ്ങൾ
മുഗ്ദ്ധേന്ദുമൌലേവരിക്കുന്നീലാജഗല്പതേ.
എന്നാലുമൊരുശങ്കഞങ്ങടെഹൃദയത്തിൽ
വന്നുദിക്കുന്നിതതുംതീൎത്തുകൊള്ളേണംവിഭോ.
തേജോരൂപമായുള്ളയാതൊരുലിംഗേഭവാൻ
ഹേജഗല്പതേവൎത്തിക്കുന്നിതെന്തതിൻനാമം.
എന്തൊന്നാശ്രയമെന്തുരൂപംമാഹാത്മ്യമെന്തെ-
ന്നതമ്മോടേനേസൎവ്വംചൊല്ലേണംദയാനിധേ.
എന്നതുകേട്ടുമഹാദേവനരുൾചെയ്താൻ
മുന്നിൽശോഭിച്ചുകാണാകുന്നോരീമഹാലിംഗം.
വിശ്വനാഥാഖ്യംസച്ചിദാനന്ദസ്വരൂപകം
വിശ്വപാതകഹരംമോക്ഷദംമഹാദിവ്യം.
ലിംഗദേഹത്തിൻലയംപരമംവിശേഷമായ്
സംഗമിപ്പിക്കകൊണ്ടുലിംഗമെന്നാഖ്യാതമായ്.
സൎവ്വത്രവ്യാപകമെന്നാകിലുംസ്വഭാവത്താൽ
നിൎവ്വികാരമായ്ബ്രഹ്മമായതിമഹത്തായി.

നിൎവ്വാണസാധനമാമിതിൻറമാഹാത്മ്യത്തെ
യിവണ്ണമെന്നുപരമാൎത്ഥത്തോടറിവാനായ്.
ശക്തരല്ലല്ലോമഹാവിഷ്ണുവുംഞാനുമോൎത്താ-
ലത്രമാഹാത്മ്യമിതിന്നെന്നുധരിച്ചാലും.
അപരിച്ഛിന്നമായിവൎത്തിക്കുമന്തരിക്ഷം
സപദിശബ്ദഹേതുവായ്ഭവിച്ചതുമൂലം.
പരിച്ഛിന്നമായ്ഭവിച്ചതുപോലീലിംഗവും
പരിച്ഛിന്നമായ്ഭവിച്ചിരിക്കുന്നിതുപാരം.
കേട്ടാലുംനിത്യാനന്ദരൂപമാമീലിംഗത്തിൻ
വൃഷ്ടമാംമാഹാത്മ്യത്തെയത്യന്തംശ്രദ്ധയോടും.
വിഷ്ണുപത്തികലുള്ളസത്തുക്കളെത്യജിച്ചൻ
വിട്ടുവെന്നാകിൽസച്ചിദാനന്ദസ്വരൂപതാം.
പെട്ടെന്നുയഥായോഗ്യംപ്രാപിക്കുംനൂനമതി-
നൊട്ടുംസന്ദേഹമില്ലമറ്റൊന്നുംചിന്തിക്കേണ്ടാ.
മൎത്ത്യനാരൊരുവനാകിലുമിവിടത്തിങ്കൽവന്ന
മാത്രത്തിൽതന്നെപൂൎവ്വാൎജ്ജിതമാംമഹാപാപം.
ഒക്കെയുംവിനാശത്തെപ്രാപിച്ചങ്ങതിമാത്ര-
മുൽകൃഷ്ടമേറുംപുണ്യസഞ്ചയംവൎദ്ധിച്ചീടും.
മുക്തിതൻപദമിതമാകയാലെത്രവന്നു
മൃത്യുവെപ്രാപിച്ചീടുംപ്രാണിതൻകൎണ്ണത്തിങ്കൽ.
ശ്രീശംഭുതാരകോപദേശത്തെയുംചെയ്തുകൊണ്ടു
നിത്യവുമത്രെഞാൻവസിച്ചീടുന്നോരുനൂനം.
വാക്യോപദേശമെന്യേബ്രഹ്മാത്മൈകത്വംപര-
മോൎത്ഥിലോകശാലികളെയില്ലെന്നതുധരിച്ചാലും.
ബ്രഹ്മാത്മൈകത്വജ്ഞാനമെന്നിയെമുക്തിനര
ജന്മികൾക്കൊരുനാളുമുണ്ടാകയില്ലനൂനം.
അത്രഞാൻനിയമത്തോടതുള്ളിച്ചെയ്യാമതു
ചിത്തമോദേനകേട്ടുകൊണ്ടാലുംവഴിപോലെ.
നിത്യവുംനിജനിജകൎമ്മത്തിൽസ്ഥിതന്മാരാ-
മുത്തമന്മാരെന്നല്ലമദ്ധ്യമാധമന്മാരും.
അത്യന്തമമാൎഗ്ഗസ്ഥരാകിലുമവരെഞാൻ
സത്വരംപരമായഗതിയെപ്രാപിപ്പിക്കും.
പണ്ഡിതനെന്നാകിലുംമൂഢനെന്നിരിക്കിലും
ചഞ്ചലനെന്നാകിലുംമൂൎഖനെന്നാകിലും.

നിൎണ്ണയമത്രവന്നുജീവനെത്യജിച്ചാകിൽ
പൂൎണ്ണാനന്ദമാംമോക്ഷംപ്രാപിക്കുമില്ലവാദം.
വിശ്വേശലിംഗംനിരാശ്രയമിതെന്നാകിലും
വിശ്വവാസികൾക്കെല്ലാംപരമാശ്രയമല്ലൊ.
നിഷ്കളമീലിംഗത്തിൽവസിച്ചുനിരന്തരം
മംഗലമായതപംപ്രാപിച്ചുകൊണ്ടീടുവിൻ.
ഇങ്ങിനെവിശ്വനാഥനാകിയഭഗവാനു-
മങ്ങരുൾചെയ്തുമറഞ്ഞീടിനാനതുനേരം.
ശാൎങ്ഗപാണിയുംകമലാസനൻതാനുമപ്പിന്നെ-
ത്തിങ്ങിനരോഷംവെടിഞ്ഞത്രയുംമോദമേപൂണ്ടാർ.
അംഗജാരിയെസ്സേവിച്ചിരുന്നുചിരകാലം
തങ്ങൾതങ്ങൾക്കുള്ളോരുപദവ്യുംപുക്കുവാണാർ.
മോക്ഷഹേതുവായുള്ളതപമെന്നോടുനിങ്ങൾ
സാക്ഷാലങ്ങറിയുവാൻചോദിക്കനിമിത്തമായ്.
അക്ഷീണമോദംചൊന്നേൻവിശ്വേശകഥാസാര
സംക്ഷേപംമോക്ഷൈകസാധനമെത്രയുംപുണ്യം.
ബ്രഹ്മാവുംവിഷ്ണുതാനുംയാതൊരുശിവലിംഗ-
മുണ്മെയാകണ്ടിതെന്നാലതിനെത്തന്നെയിപ്പോൾ.
വേദത്തിങ്കലുംലോകത്തിങ്കലുംകാശിയെന്നു
സാദരംഗാനംചെയ്യീടുന്നിതുമുനിമാരെ.
പാണിയിൽവിളങ്ങുന്നഫലമെന്നതുപോലെ
ചേണാൎന്നീടുന്നമുക്തിയിവിടെലഭ്യയല്ലൊ.
ചൊല്ലേറുംവാരാണസീദൎശനമാത്രത്താലെ
വല്ലാത്തമഹാപാപസംഘങ്ങൾനശിച്ചീടും.
ഇങ്ങിനെയെല്ലാമിപ്പോൾനിങ്ങളോടുരചെയ്യുൻ
മംഗലമായകാശീമാഹാത്മ്യംമനോഹരം.
ഇന്നിയുംകേൾപ്പാനുള്ളിലാശയെന്തെന്നാലതു-
മിന്നുഞാനുരചെയ്യാംമാമുനിവരന്മാരെ.
എന്നതുകേട്ടുലോമശാദിയാംമുനീന്ദ്രന്മാർ
വന്ദിച്ചുഭൃഗുമുനിതന്നോടുചൊല്ലീടിനാർ.
അംഗജാരാതിഭക്തോത്തംസമേമഹാമുനി
പുംഗവനിഖിലതത്വാൎത്ഥജ്ഞഭൃഗുമുനെ.
നിന്തിരുവടിയുടെമുഖപങ്കജത്തിൽനി-
ന്നാനന്ദമോദനകാശീതന്നുടെമാഹാത്മ്യത്തെ.

ചന്തമോടാകൎണ്ണനംചെയ്കയാൽ ഞങ്ങളുടെ
വൻതാപമഖിലമിപ്പോൾത്തന്നേ പന്നിതുമന്നെ.
ഇന്നിയും വാരാണസിതന്റെ സല്ക്കഥകളെ-
ത്തന്നേ ചൊല്ലേണം സമാസിച്ചെന്നും ചുരുക്കാതെ.
എന്തൊരു തന്മാഹാത്മ്യമെങ്ങിനെയറിയേണ്ട-
തെന്നതിൻപരിമാണം പരാൽസേവിപ്പാൻയോഗ്യം.
എന്തുപായത്താൽ ലഭിച്ചീടുമിതെല്ലാം ദേവാ-
നന്തരാ നിശ്ചയിച്ചു ചൊല്ലേണം വിശേഷിച്ചു.
നിന്തിരുവടിയുടെ വചനാമൃതരസം
ഹന്ത ഞങ്ങടെ ശ്രോത്രപാത്രങ്ങൾ കാംക്ഷിക്കുന്നു.
ലോമശാദികളുടെ വാക്യമിങ്ങിനെ കേട്ടു
സാമോദം ഭൃഗുമുനിശ്രേഷ്ഠനവരോടു ചൊല്ലു.
യാതൊരു കാശിതന്റെ മാഹാത്മ്യശ്രവണത്താൽ
പാതകങ്ങളിൽനിന്നു മുക്തരാകുന്നു ജനം.
മോദമോടക്കാശിതന്മാഹാത്മ്യമെല്ലാം നിങ്ങൾ
സാദരം സാവധാനം കേട്ടുകൊള്ളുവിനെങ്കിൽ.
ഉണ്ടായി ഭൂരിദ്യുമ്നനെന്നൊരു മഹാരാജ-
നണ്ടർകോനൊത്ത ബലവീൎയ്യവാൻ കൃതയുഗേ.
കണ്ടാകിലതിമനോമോഹനാകാരൻ ശ്രീമാൻ
പണ്ഡിതൻ ഭൂരിബലവാഹനസമന്വിതൻ.
കണ്ടകകുലകാലനായിട്ടുമവൻ ഭൂമീ-
മണ്ഡലം പരിപാലിച്ചിരിക്കും കാലത്തിങ്കൽ.
വണ്ടാർപൂങ്കുഴലിമാരവന്നുന്നൂറായിര-
മുണ്ടായീ കണ്ടാലതിസുന്ദരഗാത്രിമാരായ്.
അവരിൽ വെച്ചു വിഭാവരിയെന്നാഖ്യയായ
യുവതീമണിയൊരാൾ ശ്രേഷ്ഠയായ്ഭവിച്ചിതു.
അവളിൽത്തന്നേ സദാകാലവും നൃപൻതന്നി-
ക്കവധികൂടാതുള്ള രാഗവും വളൎന്നിതു.
വൃന്ദാരകേന്ദ്രൻ പുലോമജയാം ദേവിയോടു-
മൊന്നിച്ചു രമിച്ചതിസുഖമാസ്വാദം പോലെ.
കന്ദൎപ്പൻ തന്നാലതിക്രാന്തമാനസനായ
മന്നവൻ ഭൂരിദ്യുമ്നൻ തന്നുടെ വല്ലഭയാം.
സുന്ദരീശിരോരത്നമാകിയ വിഭാവരി-
യൊന്നിച്ചു നിരന്തരം കാനനഖണ്ഡങ്ങളിൽ.

നന്നായിരമിച്ചുകൊണ്ടങ്ങിനെതന്നെ ചിരം
ചെന്നിതു സ്വപരാജ്യത്തിൽ ചെന്നീലാമനസ്സേതും.
ഇത്തരാവിലാസതലാസക്തനായിരുന്ന
പൃത്ഥ്വീശൻ വിടവൃത്തിയായിട്ടുവാഴുംകാലം.
ശത്രുക്കൾ വന്നു ഭണ്ഡാരത്തെയും രാജ്യത്തെയു-
മുത്തമസ്ത്രീകളെയും സമസ്തസൈന്യത്തെയും.
മിത്രവൃന്ദനസാകം സതപരമടക്കിനാ-
രത്യന്താത്ഭുതം ദൈവചരിത്രം നിരൂപിച്ചാൽ.
വൃത്തമിങ്ങിനെയുള്ളതെപ്പേരും കേട്ടുനൃപ-
സത്തമൻ താനും ശോകസന്തപ്തനായാനേറ്റം.
ഉത്തമയായ വിഭാവരിയോടൊരുമിച്ചു
ബദ്ധസാദ്ധ്വസം തത്രനിന്നുടൻ പുറപ്പെട്ടു.
വിന്ധ്യകാനനം നോക്കിഗ്ഗമിച്ചു ധർമ്മമാത്ര
ബന്ധുവാകിയ നരപാലകൻ ഭ്രമിച്ചുള്ളൻ.
ക്ഷുൽപ്പിപാസാദികളാലാർത്തനാകിയ ഭൂപ-
നുല്പലനേത്രയായ കാന്തയോടൊരുമിച്ചു.
ഘോരമായുള്ള വിന്ധ്യകാന്താരം ബാഹുനാൽ കൊ-
ണ്ടേറാതഴൂചത്തോടും ചെന്നുചേർന്നൊരുശേഷം.
രോഷത്താൽ ചലിതമായുൽക്ഷിപ്തമായങ്ങതി
ഭീഷണമായ ലാംഗൂലത്തോടു സമേതമായ്.
വിദ്രുതം മൃഗയൂഥചമർദ്ദിയായീടുന്ന
ശാർദ്ദൂലശാബയൂഥത്താൽ സദാനിഷേവിതം.
വാരണവീരനിനാദങ്ങളാൽ ചിലേടത്തും
ഘോരപഞ്ചാസ്യഗർജ്ജിതങ്ങളാൽ ചിലേടത്തും.
ഭൈരവമഹിഷഹുങ്കാരത്താൽ ചിലേടത്തും
പാരമാകുലം വിശ്വഭീഷണം മഹാവനം.
ഘോരപൈശാചരക്ഷസ്സേവിതം നിർമ്മാനുഷം
ക്രൂരകീടാദിപൂർണ്ണം കണ്ടതിഭയത്തോടും.
നാരീമൌലിയാം വിഭാവരിയും ഭൂമിപാല-
വീരനെ നോക്കിപ്പറഞ്ഞീടിനാളതുനേരം.
ഹന്ത ഭൂപതേ സത്യസഹായനാം ഭവാൻ തനി-
ക്കെന്തവമുള്ളൊരവസ്ഥാന്തരം വന്നീടുവാൻ.
കാന്താരം ദുഷ്ടമൃഗസേവിതമിതിൽ ഭവാൻ
കാന്തയാമെന്നോടും ചേർന്നിങ്ങിനെ ചരിക്കുന്നു.

എന്നതന്നെയുമല്ലാഞാപിന്നദേവാനോടി-
ങ്ങൊന്നിരെച്ചങ്ങിനെവാണീടുന്നതുനരപതെ.
മാനുഷന്മാരെയൊരെടത്തുമെകാണ്മാനില്ലാ
പാനീയമില്ലാകുടിച്ചീടുവാനെവിടെയും.
മാനവവീരകുറഞ്ഞൊന്നുനാംഭക്ഷിപ്പാനും
ഞാനിന്നൊരുപായവുംകണ്ടീലാമഹാമതെ.
ക്ഷുല്പിപാസാദികളാലെത്രയുംവലഞ്ഞുഞാ-
നല്പമല്ലാതെയുള്ളസാദവുംവളരുന്നു.
മല്പതെകെൾക്കഭവാൻതന്നുടെമുഖാബ്ജവു-
മിപ്പൊഴെറ്റംവാടിത്തളൎന്നുകാണുന്നിതു.
സല്പതെഭവാനെപ്പോലുള്ളോൎതളൎച്ചയെ-
ന്നാല്പ്പവിലില്ലെന്നതുംതൊന്നുന്നുനരപതെ.
അവധിയില്ലാതുള്ളസമൃദ്ധിലഭിച്ചിട്ടും
ലവലേശവുംപുണ്യംചെയ്യതില്ലല്ലൊഭവാൻ.
സുമസായകൻതന്റെസേവാമാത്രത്താൽതന്നെ
സമയംവൃഥാനയിപ്പിച്ചിതുമഹാകഷ്ടം.
ക്ഷമയിലെചവൻധൎമ്മാൎത്ഥങ്ങളെയുപെക്ഷിച്ചു
സുരതെകാമംമാത്രംസേവിച്ചുവാണീടുന്നു.
നൃപതേഭവാനെപ്പോലാരവൻദുഃഖാൎത്തനായ്
വിപദിപതിച്ചുസംഭ്രാന്തനായുഴന്നീടും.
വിപുലസമ്പത്തുണ്ടെന്നാകിലുംബുദ്ധിയുള്ളോർ
സപദിചെയ്തീടേണംസൎവ്വഥാപുണ്യംനൂനം.
മാഞ്ചേലുംമിഴിതന്റെവാക്യമിങ്ങിനെകെട്ടു
താൻചെയ്തോരപരാധമൊക്കെയുംനിനച്ചവൻ.
ചഞ്ചലഹൃദയനായ്ക്ഷുൽതൃഷ്ണാപീഡിതനായ്
കിഞ്ചനപോലുമുരച്ചീലതിന്നുത്തരമായ്.
ദമ്പതിമാരാമവർപിന്നെയുംഘോരവനെ
സംഭ്രമിച്ചേറ്റംക്ഷുത്തൃഡാൎത്തരായുഴന്നഥ.
അഞ്ചുവാസരംകൊണ്ടുശാലങ്കായനൻതന്റെ
സഞ്ചിതമായപൎണ്ണശാലയിൽചെന്നീടിനാർ.
ഫലമൂലാദികൾകൊണ്ടവരെമഹാമുനി
കുലനായകൻതാനുംപൂജിച്ചാൻവിധിപോലെ.
അവിടെവിശ്രമനായ്വസിച്ചീടിനാൻനിജ-
വിവശഭാവമത്രയുംപറഞ്ഞുനരൊത്തമൻ.

ഇവണ്ണമൊരുരാത്രിനയിപ്പിച്ചനന്തരം-
മയന്തീപതിനിജവല്ലഭയോടുംചേൎന്നു.
വിവശരാവതൊടെപിന്നെയുമേവംബഹു
ദിവസംമഹാവിന്ധ്യകാനനംസഞ്ചരിച്ചാൻ.
ദുഷ്കൎമ്മത്തിന്റെപരിപാകത്താലുള്ളവ-
ൎക്കൊലാഫലമൂലാദികളുംലഭിച്ചീലാ
വക്ത്രാംബുജംശുഷ്കിച്ചതൻവല്ലഭയോടുംനൃപ-
സത്തമനേവംവിന്ധ്യകാനനത്തോടകംനാൾ.
വീരനാംഭൂപൻതന്റെബുദ്ധിരാക്ഷസിയായി-
ക്രൂരയായിട്ടുതന്നെഭവിച്ചിതെന്നേവേണ്ടൂ.
ഭാൎയ്യയായീടുംവിദൎഭവരിയെക്കൊന്നുകുക്ഷി-
പൂരണംചെയ്യാനുള്ളിലോൎത്തിതുനൃപനപ്പോൾ.
ആയതങ്ങറിഞ്ഞൊരുസാദ്ധ്വിയാംവിഭാവരീ
നായകനോടുശോകഹീനമിങ്ങിനെചൊന്നാൾ.
അല്ലയോമഹാരാജകേൾക്കേണംഭവാനിപ്പോൾ
വല്ലാതുള്ളോരുവിശപ്പേറവുംവൎദ്ധിക്കയാൽ.
അല്ലലേറവുമുണ്ടെന്നല്ലജീവനുംകൂടി
നില്ലാതെഗമിച്ചീടുമെന്നുതോന്നീടുന്നു.
തെല്ലുമേമടിക്കൂടാതെന്റെദേഹത്തിൽനിന്നു
നല്ലോരുമാംസമരിഞ്ഞതിനെഭക്ഷിച്ചാലും.
വല്ലഭവിളംബവുമേതുമേവേണ്ടാചെറ്റ-
മല്ലലിന്നിനിക്കുള്ളിലില്ലതുകൊണ്ടുനാഥ.
മല്ലനേത്രമാക്കിതില്പരമായൊരുധൎമ്മ-
മില്ലെന്നുധരിച്ചാലുംഭൂപാലശിഖാമണേ.
നല്ലൊരുപുരാണജ്ഞന്മാരായമഹാത്മാക്കൾ
ചൊല്ലിക്കേട്ടിരിക്കുന്നുഞാനുമെന്നതുകാന്ത.
യാതൊന്നുകൊണ്ടുനിജഭൎത്താവിന്നുപകാരം
ചേതസിഭവിക്കുന്നിതതിനെന്നിസ്സംശയം.
പ്രീതിയോടാചരിച്ചുകൊള്ളണംസതീജന-
മേതുമില്ലതില്പരംധൎമ്മമെന്നല്ലോകേൾപ്പൂ.
ആപത്തുനിവൃത്തിപ്പാൻധനത്തെരക്ഷിക്കണം
ഭൂപതെധനത്തെക്കാൾഭാൎയ്യയെരക്ഷിക്കണം.
ഭാൎയ്യയെക്കാളുംധനത്തെക്കാളുമാത്മാവിനെ
പാരാതെരക്ഷിക്കേണമെന്നല്ലോശാസ്ത്രോക്തിയും.

ഇങ്ങിനെയെല്ലാമുരചെയ്യോരുകാന്തതന്നെ-
യങ്ങിനെതന്നെവധിച്ചീടിനാന്മഹാപാപി.
തിങ്ങിനവിശപ്പിനാലവളെക്കൊന്നുമാംസ-
മംഗത്തിൽനിന്നങ്ങരിഞ്ഞെടുത്തുഭക്ഷിപ്പാനായ്.
തുടങ്ങുന്നേരംസിംഹഗർജ്ജനംകേട്ടുഭൂപൻ
നടുങ്ങിയെഴുനീററുനോക്കിനാൻഭയത്തോടെ.
കടുക്കന്നടനപ്പോൾകളിച്ചുപുളച്ചുകൊ-
ണ്ടടുക്കെയഥബഹുസിംഹങ്ങൾനാലുപാടും.
മിടുക്കുംവിട്ടുഭൂപനെന്തിനിച്ചെയ്വതെന്നു
നടുക്കംപൂണ്ടുചിത്തംഭ്രമിച്ചങ്ങതുനേരം.
പേടമാൻമിഴിതന്റെശവദേഹവുംവെടി-
ഞ്ഞോടിനാൻപ്രാണഭീതിയോടുമക്കാട്ടുതന്നിൽ.
ആടലോടവനൊരുയോജനദൂരംപ്രാപി-
ച്ചീടുമ്പോൾകുറഞ്ഞൊരുസവിധേകണ്ണാസ്സന്നം.
സാന്ദ്രസംയുതങ്ങളാംതൃണധാന്യങ്ങളേയു-
മാദരാൽപരിഗ്രഹിച്ചമ്പോടുപോയീടുന്ന.
വേദവേദാംഗപാരംഗതരായ്സർവ്വശാസ്ത്ര-
വേദികളായിബ്രഹ്മചാരികളായിട്ടേററം.
ജാതവേദസ്സുപോലെജ്വലിച്ചീടുന്നനാലു-
വേദിയന്മാരെക്കണ്ടാനന്നേരംപാപിഭൂപൻ.
ചെന്നുടൻപിടിപെട്ടുഖഡ്ഗത്താലറുത്തവൻ
മന്നിടദേവന്മാരെനാലുപേരെയുംകൊന്നാൻ.
മന്നവൻപിന്നെനീവാരങ്ങളെബ്ഭുജിപ്പാനാ-
യുന്നതവനാന്തത്തിലിരുന്നാനതുനേരം.
നിർമ്മലന്മാരാമവർമാറതിലണിഞ്ഞുള്ള
ചർമ്മോപവീതങ്ങളെക്കണ്ടിട്ടുനരവരൻ.
ബ്രാഹ്മണന്മാരാണിവരെന്നതുചിന്തിച്ചേററം
ബ്രഹ്മഹത്യാഭയത്താൽപീഡിതനായിവീണാൻ.
ദുഃഖിച്ചുപാരംപരവശനായ്രോദിച്ചേവം- [കഷ്ടം.
ഉൾക്കാമ്പിലോർത്താൽഞാനിതെന്തിപ്പോൾചെയ്തു
അർക്കതേജസ്സുപോലെവിളങ്ങുംവിപ്രന്മാരെ
ദൃഷ്ടിയായോരുഞാൻനാലുപേരെയുംകൊന്നേൻ.
മൈക്കണ്ണീമണിപതിവ്രതയാംഭാർയ്യയേയും
കർക്കശസ്വഭാവൻഞാൻവധിച്ചേൻമഹാകഷ്ടം.

എത്രയുംവലുതാകുംബ്രാഹ്മണലോഭത്താൽ പ്രായ-
ശ്ചിത്തമില്ലാതെയുള്ള പാപത്തെ സ്സമ്പാദിച്ചേൻ.
ഏകവിപ്രനെക്കൊന്നുവെന്നാകിൽനൂറുകല്പ-
മാകവെഘോരനരകങ്ങളിൽക്കിടക്കേണം.
പിന്നെയങ്ങതില്പതിസ്ത്രീഹത്യാദോഷത്തിനു-
മെന്നല്ലോംവേദശാസ്ത്രാദികളുംഘോഷിക്കുന്നു.
സതിയായിട്ടൊരുനാരിതന്നെയുംപിന്നെ
മതിമാന്മാരാംനാലുവിപ്രന്മാരെയുംകൊന്നേൻ
എന്നുടെപൂർവ്വന്മാരായുള്ളവർശതാധിക-
മെന്നോടുകൂടിയമസദനെനരകത്തിൽ.
ഒന്നിച്ചുപതിച്ചീടുമെന്നുടെദുഷ്കർമ്മത്താ-
ലിന്നുമൽപൂർവ്വന്മാരുംപതിതന്മാരായിതു.
ഹന്തഞാനിനിമേലിലെന്തൊന്നുചെയ്യീടേണ്ടു
ചിന്തിച്ചാലൊന്നുംമമതോന്നുന്നീലകതാരിൽ.
നിസ്തുലപാപമിദംതൂലവൽഭസ്മമാവാൻ
കർത്തവ്യമെന്തെന്നാകിലായവചൊല്ലേയുള്ളു.
ഇത്തരംഭൂരിദുഃഖനാകിയനരപതി
ചിത്തത്തിലോർത്തുകൊണ്ടുപിന്നെയുംവനാന്തരെ.
സംഭ്രമിച്ചുടനവിടവിടെത്തിരിഞ്ഞുകൊ-
ണ്ടമ്പോടുശാലങ്കായനാത്മജൻതന്നാശ്രമം.
പ്രാപിച്ചുതത്രവസിച്ചീടുന്നമുനീന്ദ്രനെ-
ഭൂപേന്ദ്രൻകണ്ടുദൂരെനിന്നഭിവാദ്യംചെയ്താൻ.
താപവുംപൂണ്ടുപിന്നെത്തന്നുടെവൃത്തമെല്ലാം
താപസവരനോടുസത്യമായുണർത്തിച്ചാൻ.
ഭൂലോകനാഥവൃത്തംകേട്ടേററംദുഃഖംപൂണ്ടു
ശാലങ്കായനജാതനന്നേരമരുൾചെയ്തു.
ഗമിക്കവേഗമിവിടുന്നുനീപാപബുദ്ധേ
ത്വമത്രവസിക്കൊല്ലാകുറച്ചുനേരംപോലും.
എന്നരുൾചെയ്തുമഹാമുനിയുംഭൂരിദുഃഖൻ
തന്നെനോക്കാതെതിരിഞ്ഞിരുന്നാനന്നേരം.
എന്നതുകണ്ടുനൃപവീരനുംനിജഹൃദി
വന്നൊരുദുഃഖംപൊറാഞ്ഞേററവുംവിലാപിച്ചാൻ.
പിന്നെയുംമുനീന്ദ്രനെവന്ദിച്ചുമുഹുർമ്മുഹു-
രുന്നതഖേദംസ്തുതിച്ചീവണ്ണമുണർത്തിച്ചാൻ.

കായസാരക്ഷണാൎത്ഥമതിദുഷ്ടകൎമ്മജാലം
ന്യായമെന്നിയെചെയ്തുപോയേൻഞാൻമഹാമതേ.
അയതുസൎവ്വംനശിച്ചീടുവാൻദയാനിധേ
പ്രായശ്ചിത്തവുമെന്നോടരുളിച്ചെയ്യേണമേ.
ഇങ്ങിനെഭൂപൻതന്റെദീനവാക്യത്തെക്കേട്ടു
തിങ്ങിനദയയോടെചിന്തിച്ചുചൊന്നാൻമുനി.
ഉൎവ്വീനായകഭവാനെങ്കിലോകേട്ടുകൊൾക
സൎവ്വപാപൌഘവിദ്ധ്വംസിനിയാംശ്രീമൽകാശി.
ഗീൎവ്വാണനദീപരിശോഭിതാമഹാപുണ്യാ
നിൎവ്വാണപ്രദാനിഖിലാൎത്ഥദാവിളങ്ങുന്നു.
തത്രചെന്നീടുകനീസമസ്തപാപജാല-
മസ്തമായീടുംതവസന്ദേഹമില്ലയേതും.
പ്രത്യയംതവവരുവിച്ചീടുവാനുപായവു-
മത്രംഞാൻചൊല്ലാംകേട്ടുകൊള്ളുകമഹീപതേ.
നീലീസംഭവങ്ങളാമഞ്ചുകഞ്ചുകങ്ങളെ-
ച്ചാലവേശരീരത്തിൽധരിച്ചുകൊണ്ടീടുക.
ശൈലജാകാന്തവാസസ്ഥാനമാംകാശിതന്നെ
യാലോകമെപ്പോൾചെയ്യീടുന്നുനീയപ്പോൾത്തന്നെ
കോലത്തിൽധരിച്ചുള്ളകഞ്ചുകങ്ങളുംനിജ
നീലവൎണ്ണത്തെവിട്ടുപത്രതുല്യങ്ങളാകും.
അപ്പോഴെതന്നെതവപാപൌഘംനശിച്ചിതെ-
ന്നുൾപ്പൂവിലറിഞ്ഞുകൊണ്ടീടുകതൽക്ഷണത്തോടും.
അല്പവുംതാമസിച്ചീടേണ്ടപോകെന്നുമുനി-
യുൾപ്പൂവിൽകനിവോടരുളിച്ചെയ്തുശേഷം.
തല്ലുടേവീണുവീണ്ടുംപണിഞ്ഞുവിനീതനാ-
യപ്പൃഥ്വീശൻനീലകഞ്ചുകങ്ങളുംപൂണ്ടു.
നടന്നുശ്രീകാശിയെക്കുറിച്ചുഭക്തിപൂൎവ്വം
കടന്നുപലനദീശൈലകാനനങ്ങളും.
പടൎന്നുവളൎന്നിതുഭക്തിയാംലതയുള്ളിൽ
തുടൎന്നുശിവരാമകീൎത്തനങ്ങളുമവൻ.
വിടൎന്നുമുഖാംബുജംകാശീസാന്നിദ്ധ്യാൽപാപം
വിടുന്നുക്രമത്താലേഭൂപതിവീരനേയും.
വാസരമെഴുകൊണ്ടുഭൂരിഹൃഷ്ടനാമവൻ
ഭാസുരയായശ്രീമൽകാശിയെക്കണ്ടീടിനാൻ.

രത്നകുട്ടിമസ്ഫുരദംശുജാലങ്ങളാലെ
ബ്രദ്ധരശ്മികൾക്കൊക്കെയും പരിഭൂതിയെച്ചെയ്യും.
വിശ്വഭൎത്താവിൻനിലയത്തിനാലതിതരാം
ശശ്വന്മോഹനമായകാശിയെക്കണ്ടാൻനൃപൻ.
കാളലയമലകുലകാലനാംഹരരാജ
കാലിതതന്നിവാസിജനതാവിന്നെല്ലാലയായ്.
നീലലോഹിതവൃഷസ്കന്ധകിങ്കിണീനാദ
മേദുരമുഖരിതദിവ്യദിഗ്വിഭാഗയായ്.
ഘോരസംസാരഭയനാശഹേതുവായ്സുര-
ചാരണനരകിന്നരൌഘസംസേവിതയായ്.
വിശ്വനായകൻതന്റെ വിവിധലിംഗങ്ങളെ
ശശ്വദൎച്ചനംചെയ്യുംസാധുസംഘങ്ങളാലും.
നിത്യവുംശിവശിവേത്യുച്ചാരമുഖവാക്യ
വിസ്തൃതിപരന്മാരാംഭക്തന്മാരാലുംപിന്നെ.
രമ്യങ്ങളായപുഷ്പഫലപക്വാദ്യങ്ങളാൽ
നമ്രങ്ങളായശാഖാനിവഹത്തോടുംകൂടി.
അംബരത്തോളമുയൎന്നങ്ങിനെനിന്നീടുന്നാ-
രാമ്രകരസാലകകദംബാദികളായ.
ഭൂരുഹവൃന്ദങ്ങളെക്കൊണ്ടുംപൂൎണ്ണയായതി
ഭാസുരയായശ്രീമൽക്കാശിയെക്കണ്ടാൻനൃപൻ.
യാതൊരുമഹാപാപിയാകിലുംശ്രീകാശിയെ
ഏതൊരുനേരംനേത്രംകൊണ്ടുദൎശിക്കുന്നവൊ.
പൂതനായ്വരുമവനക്ഷണംതന്നെയതി-
ന്നേതുംസന്ദേഹമില്ലമമമുനിവരന്മാരെ.
ആശ്ചൎയ്യംശ്രീമൽക്കാശീതന്മഹാമാഹാത്മ്യമി-
താശ്ചൎയ്യമത്യാശ്ചൎയ്യംകണ്ടുകൊള്ളുവിൻനിങ്ങൾ.
വിശ്വനായകവാസസ്ഥാനമാംകാശിയുടെ
ദൎശനമാത്രത്താലതിഭൂരിധന്യനാംനൃപൻ.
ഗാത്രത്തിൽധരിച്ചുള്ളനീലക്കഞ്ചുകങ്ങള-
മ്മാത്രത്തിൽത്തന്നെശരച്ചന്ദ്രശോഭങ്ങളായി.
സൎവ്വപാപങ്ങളിലുംനിന്നുടൻവിമുക്തനാ-
യുൎവ്വീശൻവാരാണസിയകംപുക്കൊരുശേഷം.
വിശ്വനായകംവിരൂപാക്ഷമീശ്വരംപരം
വിശ്വതാപാപഹരംശങ്കരംവൃഷധ്വജം

വിശ്വസംഹാരസ്ഥിതിസൃഷ്ടികാരണമേകം
വിശ്വപാപഘ്നംവിരിഞ്ച്യാദിവന്ദിതംശിവം.
വന്ദിച്ചുകൂപ്പിസ്തുതിച്ചർച്ചിച്ചുവിധിപോലെ
മന്നവൻതാനുംദൈന്യനാശനാൽസന്തുഷ്ടനായ്.
തത്രൈവചിരകാലംവസിച്ചുദേഹാന്തത്തിൽ
മൃത്യുവെരിയാലുപദിഷ്ടവാക്യനാംനൃപൻ.
പ്രാപിച്ചുബ്രഹ്മൈകത്വംമാമുനിവരന്മാരെ
ശോഭിച്ചവാരാണസീമാഹാത്മ്യംമഹാത്ഭുതം.
പിന്നെയുമേവംബഹുജനങ്ങൾവാരാണസീ-
തന്നുടെസേവകൊണ്ടുമുക്തന്മാരായീടിനാർ.
കാശിയിൽപ്രാണപരിത്യാഗത്തെചെയ്തീടുകിൽ
നാശമായീടുംമഹാസംസാരദുഃഖമെല്ലാം.
ഉന്നതമഹാപാപിയാകിലുംകാശിതന്നിൽ
വന്നുടൻപ്രാണത്യാഗംചെയ്യുവെന്നാകിലവൻ
മുന്നംചെയ്തുള്ളപുണ്യഗൌരവാൽനരകത്തി-
ലെന്നുമേപതിക്കയില്ലെന്നതുംസത്യമല്ലോ.
പിന്നെയൈന്തിഹധർമ്മതല്പരന്മാരാംജനം
തന്നുടെകഥചൊല്ലീടേണ്ടതുവിശേഷിച്ചും.
അംബരത്തിങ്കൽനിന്നോധരണിതന്നിൽനിന്നോ
ശംബരത്തിങ്കൽനിന്നോമൃത്യുവെപ്രാപിച്ചാകിൽ.
ബ്രഹ്മമാത്മൈകത്വംപ്രാപിച്ചീടുന്നിതവൻനൂന-
മമ്മഹാകാശീശക്തിയത്യപാഹിതയല്ലോ.
യത്രകുത്രാപിവസിച്ചീടുന്നിതെന്നാകിലും
മർത്ത്യനേതൊരുവന്നുജന്മത്തെന്നിരിക്കിലും.
കാശിയെന്നുള്ളരണ്ടുവർണ്ണത്തെദേഹാന്തത്തി-
ലാശയേചിന്തചെയ്തുജീവനെയുപേക്ഷിച്ചാൽ.
ഈശഭക്തനാമവൻകൈലാസാചലംപുക്കു
ക്ലേശാതെവസിച്ചീടാമില്ലൊരുശങ്കയേതും.
നല്ലൊരുപുരാതനമാകിയോരിതിഹാസം
ചൊല്ലീടാംശ്രദ്ധയോടെകേട്ടുകൊള്ളുവിൻനിങ്ങൾ.
ഉണ്ടായികുരുക്ഷേത്രംതന്നിൽഭാലുകിയെന്നു
പണ്ടൊരുതപോധനശ്രേഷ്ഠനെത്രയുംശാന്തൻ.
കണ്ടാലോവൃഷകുലേളൊരുസുതനവ-
നുണ്ടായിവന്നുകൃശനെന്നുള്ളനാമത്തോടും.

എത്രയുമധൎമ്മിഷ്ഠനായുള്ളൊന്നവൻതാനും
വൎത്തിച്ചീടിനാൻ പിംഗാക്ഷാശ്രമേ ലീലയായിട്ടും.
പിംഗാക്ഷനായ മുനിശ്രേഷ്ഠനും കൃശനന്നു
സാംഗമാം വേദമുപദേശിച്ചാൻ വഴിപോലെ.
കലപാംസനനാകുമവന്നു ധൎമ്മാദികൾ
തിലമാത്രവും ബുദ്ധിയുണ്ടായീലഹോ ചിത്രം.
ലോലുകൻ താനും പിംഗനേത്രനുമേവം സദാ
കാലവും ധൎമ്മമവന്നുപദേശിച്ചീടിനാൻ.
വേദങ്ങൾ പുരാണങ്ങൾ നീതിശാസ്ത്രാദികളും
മോദമോടവന്നുപദേശിച്ചിതെന്നാകിലും.
ചേതസി ധൎമ്മശ്രദ്ധാ കൃശനു ഭവിച്ചതി-
ല്ലതു പൂൎവ്വജന്മവാസനാബലവശാൽ.
സുന്ദരസ്ത്രീകളാകുമവന്നു താരുണ്യവും
വന്നു ചേൎന്നിതു തദാ കുസുമായുധൻ താനും.
തന്നുടെ ജനനി തൻ സപത്നിയായീടുന്ന
സുന്ദരീ സന്നീതിയെന്നാഖ്യയാം നാരിയേയും
പിന്നെയും തൻ ഗുരുതന്റെ വല്ലഭയായീടുന്ന
തന്വംഗി ഹൈമവതിയെന്ന മാനിനിയേയും.
തന്നുടെ വശത്താക്കിയവരോടൊരുമിച്ചു
ചെന്നു ചേൎന്നിതു മധുരാപുരമതുകാലം.
കന്നൽനേർമിഴിമാരാമവരോടൊരുമിച്ചു
കന്ദൎപ്പലീലയാ ദിവസിച്ചാനനാരതം.
മന്നവർ വാണീടുന്ന മന്ദിരങ്ങളിൽ ചെന്നു
പൊന്നുകൾ പണങ്ങളും കട്ടുകൊണ്ടന്നു കൃശൻ.
മദിരാസ്വാദമദമത്തചിത്തനായ് സദാ
മധുവാണികളുമായ് സുരസം വാണീടിനാൻ.
അംഗനാമാരോടൊത്തു കളിച്ചു പുളച്ചു കൊ-
ണ്ടങ്ങിനെ കഴിഞ്ഞിതു വത്സരം പന്ത്രണ്ടഹോ.
അക്കാലം ഗുരുപത്നിമാരവരിരുവരും
പുക്കിതു ധൎമ്മരാജമന്ദിരം ക്രമത്താലെ.
മൈക്കണ്ണിമാരും മൃത്യുവശത്തെ പ്രാപിച്ചപ്പോ-
ളുൾക്കനം വിട്ടു പരവശനായ് കൃശൻ താനും.
ദുഃഖിച്ചു പാരം പരിഭ്രമിച്ചു വിലാപിച്ചു
പുക്കിതു കലിംഗന്റെ രാജ്യത്തിലതുകാലം.

പരിതാപനത്ര വാണിടും കൃശൻതന്നെ-
പ്പെരുതാം ജ്വരം പിടിപെട്ടിതെന്നതേ വേണ്ടു.
ഘോരമാം ജ്വരത്തിനാലാൎത്തനാം കൃശൻ മന-
താരതിലേവം പരവശനായ്ചിന്ത ചെയ്താൻ.
പാരമീജ്വരശക്ത്യാ പീഡിതനായോരെന്നെ-
യാരുവാനിന്നു രക്ഷിച്ചീടുവാൻ നിരൂപിച്ചാൽ.
തീരാതദുരിതൌഘം ചെയ്കയാലിനിക്കിന്നു
നേരിട്ടിതെല്ലാം മഹാസങ്കടമതികഷ്ടം.
ഇന്നു ഞാനെന്തു സുകൃതം ചെയ്തു ദുരിതൌഘം
തന്നെവരോടെ നശിപ്പിക്കേണ്ടു ശിവശിവ.
മുന്നം ചെയ്തുള്ള നിജകന്മഷം നിരൂപിച്ചും
പിന്നെയക്കലിംഗരാജ്യസ്ഥിതിതന്നെയോൎത്തും.
എന്നുമേ പരലോകം തനിക്കു സുഖദമെ-
ല്ലെന്നുള്ളിൽ പുനരപി ചിന്തിച്ചു ദുഃഖാൎത്തനായ്.
ശൈശവകാലേ നിജതാതനുമാചാൎയ്യനും
കാശിമാഹാത്മ്യം ചൊല്ലിക്കേട്ടതുമോൎത്താനപ്പോൾ.
കാശിയെന്നുള്ള രണ്ടക്ഷരമാം മഹാമന്ത്ര-
മാശു താനുച്ചരിച്ചു വെടിഞ്ഞു ജീവനേയും.
അന്നേരം ഘോരാകാരരാകിയ യമദൂത-
രന്നതുമുസലപാശാദികൾ കൈക്കൊണ്ടഥ.
വന്നുടൻ കൃശൻതന്നെപ്പിടിച്ചു കെട്ടിക്കൊണ്ടു
മന്ദമെന്നിയേ പോവാൻ തുടങ്ങും ദശാന്തരേ.
പാണിയിൽ ത്രിശൂലവും ധരിച്ചു ശോഭയോടു-
മേണാങ്കചൂഡൻതന്റെ ഗണങ്ങളുഴറോടേ.
ചാമരപാണികളാം ദിവ്യസ്ത്രീജനങ്ങളാൽ
സംമോദമഭ്യസ്തമായ്ത്തരുണാൎക്കാഭമായ.
വ്യോമയാനവും കൈക്കൊണ്ടന്നേരം കൃശൻതന്നിൽ
പ്രേമമോടാവിൎഭവിച്ചീടിനാരതുനേരം.
സോമശേഖരൻതന്റെ ഗണത്തെക്കണ്ടു ഭീത്യാ
സാമമായുരചെയ്താരന്തകഭടന്മാരും.
ധൎമ്മനിഷ്ഠന്മാരായ നിങ്ങളിക്കൃശന്റെ ദു-
ഷ്കൎമ്മാചാരാദിവഴിപോലറിയുന്നോരല്ലോ.
ദുൎമ്മതിയാകുമിവനിന്നോളവും ചെയ്ത
കന്മഷങ്ങളെപ്പറഞ്ഞീടുകിലൊടുങ്ങുമോ.

ധൎമ്മതല്പരജനപ്രിയന്മാരായനിങ്ങ-
ളിമ്മഹാപാപിതന്നെക്കൊണ്ടുപോവതിനിപ്പോൾ.
സമ്മോദമോടുവന്നതെങ്ങിനെന്യായമായാ-
ലിമ്മഹീതലെജനംപാപമേചെയ്വൂന്നനം.
ധൎമ്മരാജന്റെഭൃത്യന്മാരുടെഭാഷിതംകേ-
ട്ടുമ്മഹാദേവൻതന്റെഗണങ്ങളുരചെയ്താർ.
കേൾക്കേണംയമഭടന്മാരേനിങ്ങളുമെങ്കി-
ലിക്കുശൻസദാദുരാചാരനെന്നിരിക്കിലും.
ദേഹിച്ചുദേഹാന്തത്തിൽശ്രീകാശീതിരുനാമ-
മുൾക്കാമ്പിൽഭീതിയോടുംചൊല്ലുകനിമിത്തമായ്.
ദുഷ്കൃതംമുന്നംചെയ്തതൊക്കെയുംനശിച്ചുററാ-
മിക്കുശൻപരിശുദ്ധനായ്വന്നിതറിഞ്ഞാലും.
മുക്കണ്ണനിരിക്കുന്നകൈലാസാചലത്തിങ്കൽ
സോൽക്കൎഷമൊരുയുഗംസുഖമായ്വസിച്ചീടും.
അത്യന്തംപുണ്യാത്മാവാമിവനക്കാശിയിൽവെ-
ച്ചുത്തമമായമോക്ഷംപ്രാപിക്കുമറിഞ്ഞാലും.
ഇത്തരമരുൾചെയ്തുകൃശനോടൊരുമിച്ചു
സത്വരംശ്രീകൈലാസംപ്രാപിച്ചുശിവഗണം.
ശ്രാദ്ധദേവന്റെഭടന്മാരുമീവൃത്തമെല്ലാം
ചെന്നുമന്തകൻതന്നോടാദിതൊട്ടുരചെയ്താർ.
ഭൃത്യന്മാരുടെവാക്യംകേട്ടുവിസ്മയംപൂണ്ടു
മിത്രനന്ദനൻതാനുമവരോടരുൾചെയ്താൻ.
യാതൊരുമൎത്ത്യൻതന്റെവിഗ്രഹംശ്രീമൽക്കാശീ-
ഭൂതലത്തിങ്കൽവെച്ചുനാശമായീടുന്നുവോ.
യാതൊരുമൎത്ത്യൻദേഹനാശത്തിൽകാശിയെന്ന-
മൃതമാംമഹാമന്ത്രമുച്ചരിച്ചീടുന്നുവോ.
യാതൊരുമൎത്ത്യൻസദാവിഷ്ണുതല്പരനായി
മാധവമുകുന്ദേതിജപിച്ചുവാഴുന്നുവോ.
യാതൊരുമൎത്ത്യൻ സദാശ്രീമഹാദേവൻതന്നെ-
ച്ചേതസിഭക്തിയോടുംചിന്തിച്ചുവാഴുന്നുവോ.
യാതൊരുമൎത്ത്യൻമഹത്താകിയതീൎത്ഥത്തിൽവെ-
ച്ചേതൊരുനേരംമൃത്യുതന്നെപ്രാപിക്കുന്നുവോ.
വീതകന്മഷന്മാരാമവൎക്കുപ്രഭുവല്ലാ
ദൂതരേഞാനെന്നുള്ളിലറിഞ്ഞുകൊണ്ടീടുവിൻ.

നിങ്ങളുമവരുടെയരികെച്ചെന്നീടരു-
തിങ്ങിനെയന്തകനംപറഞ്ഞുവിരമിച്ചാൻ.
ഗംഗാപാവിതയായകാശിതൻമാഹാത്മ്യമതു
നിങ്ങളോടേവംപറഞ്ഞീടിനേൻമുനിമാരെ.
തിങ്ങിനമഹാപാപസംഘവുമുടൻതന്നെ
ഭംഗമായ്വരുമിതുകേൾക്കിലെന്നറിഞ്ഞാലും.
ഇങ്ങിനെലോമശാദിയാകിയമഹാമുനി
പുംഗവന്മാരോടരുൾചെയ്തിതുഭൃഗുതാനും.
നിങ്ങളോടതുമിപ്പോളറിഞ്ഞപോലെഞാനു-
മിങ്ങുരചെയ്യുന്നെന്നുവാണിതുകിളിമകൾ.

ശ്രീകാശിമാഹാത്മ്യം പ്രഥമാദ്ധ്യായം സമാപ്തം.

—*—

## ദ്വിതീയാദ്ധ്യായം.

ശാരികേനീയുരചെയ്തീടുകിന്നിയും
സാരമാംകാശിമാഹാത്മ്യംമഹാത്ഭുതം.
ഗീരുകളേവമാകർണ്ണനംചെയ്തോരു
കീരനാരീമണിതാനുമുരചെയ്താൾ.
വാരാണസിതന്റെമാഹാത്മ്യമമ്മുനി
വര്യൻഭൃഗുസുതൻപിന്നെയുംചൊല്ലിനാൻ.
മാമുനിമാരേശ്രവിച്ചുകൊൾകെങ്കിലോ
ശ്രീമതിയാകിയകാശിതൻവൈഭവം.
യാതൊരുകാശികഥകേട്ടമാത്രത്തിൽ
ജാതമാംകൈവല്യമില്ലൊരുസംശയം.
കാശിയോഗംപരാഭ്രഷ്ടംപമല്ലകേൾ
കാശിയിൽമുക്തിയുംദുർല്ലഭയല്ലല്ലോ.
ആശയേമോക്ഷേച്ഛയുള്ളജനംസദാ
കാശിയെത്തന്നെനിഷേവണംചെയ്യണം.
എന്നുടെഭക്തനിവൻവിപ്രസത്തമ-
നന്യനിവനതിനീചനെന്നുള്ളൊരു.
ഭിന്നഭാവംകാശിതന്നിൽവിശ്വേശ്വരൻ
തന്നുള്ളിലില്ലൊരുനേരവുമേതുമേ.
ഏകാത്മനിഷ്ഠമാംവാക്യമന്തത്തിങ്ക-
ലേവർക്കുമങ്ങുപദേശിക്കുമീശ്വരൻ.

ശ്രീകാശിതന്നിലുള്ളോരധികാരത്തി-
ന്നേകവിപ്രാദിപക്ഷയംവേണ്ടതില്ലല്ലൊ.
ധൎമ്മസാപേക്ഷനാമീശ്വരൻകേവലം
ബ്രഹ്മജപിക്കുന്നതൽഗിരംകണ്ഠത്തിൽ.
ധൎമ്മിഷ്ഠനല്ലാത്തവന്നമരക്ഷേത്രത്തി-
ലമ്മഹാദേവൻശരീരാന്ത്യകാലത്തിൽ.
സമ്മോദമോടെകൊടുക്കുന്നുസൎവ്വദാ
നാമതിനേതുമെ മന്നറിവിൻമുനികളെ.
കാശിയിൽചെയ്യുന്നപാപഫലംരുദ്ര-
പൈശാചതയെന്നതന്നോധരിച്ചാലും.
ഏകൈകപാപത്തിനാക്കിലോമുപ്പതി-
നായിരംസംവത്സരംഫലമായതും.
ആയതുകൊണ്ടുവാരണസിയിൽവെച്ചു
കായേനവാചാമനസാപിദുഷ്കൃതം.
ചെയ്യരുതേതുമെവിശ്വേശ്വരൻമാ-
നായകൻസൎവ്വസത്വാന്തസ്ഥിതനല്ലൊ.
ധൎമ്മദ്വിഷ്ടരാംയതൊരുതാപസ-
രമ്മഹാകാശിയിൽവാഴുന്നിതാസദാ.
നിൎമ്മലന്മാരാമവർനിജാത്മാവിനെ-
ച്ചൎമ്മശതാപരപൂൎവ്വജന്മങ്ങളെ.
സമ്മോദമോടുമുത്താരണംചെയ്യുന്നി-
തമ്മഹാദേവസന്നിധ്യമത്യത്ഭുതം.
വാരണാസിക്കുപോവാൻപുറപ്പെട്ടവർ
ഘോരപാപിഷ്ഠരെന്നാലുമവരുടെ.
സൎവ്വധാതുക്കളിൽവ്യാപിച്ചപാപങ്ങൾ
സൎവ്വധാച്ഛിന്നമായ്ചമയുന്നുനിശ്ചയം.
തിങ്ങിനമോദേനകാശിക്കുപോവതി-
നങ്ങുറച്ചന്പോടുയാത്രചെയ്യുന്നരാം.
മംഗലമായ്വരുമെല്ലാസമയവും
ഭംഗമില്ലന്നേരുകണ്ടാമുഹൂൎത്തവും.
എല്ലാവിഷയങ്ങളുമതുനേരത്തു
കല്യാണദങ്ങളായ്ത്തന്നെഭവിച്ചീടും.
ഇല്ലൊരുസംശയംസൎവ്വദേവന്മാരും
വല്ലാത്തവിഘ്നങ്ങൾചെയ്യീടുകില്ലുമാം.

കില്ലുകൂടാതെയതെല്ലാമുപേക്ഷചെ-
യ്യുല്ലാസമോടുതന്നേഗമിച്ചീടേണം.
വാരാണസിയിൽമുമുക്ഷുവായൊരു
പുരുഷൻതാൻനിജധൎമ്മേണവാഴുന്നു.
പാരംപ്രയാസമെന്ന്യേസതതമവൻ
നേരോടെതൽഫലവുംഭുജിക്കുംദൃഢം.
ചേണാൎന്നകാശിയിലേതൊരുത്തന്നുനി-
ൎവ്വാണമതിലുളവാകുന്നുസംശയം.
പ്രാണപ്രയാണകാലേതച്ഛരീരികൾ-
ക്കേണാങ്കചൂഡനല്ലോപ്രമാണംശിവൻ.
തത്രവെച്ചല്പംതപസ്സുചെയ്തീടിലും
ഉത്തമാംഗീകാരജ്ഞാനതെന്നാകിലും.
മൃത്യുഞ്ജയനാമമല്പംജപിക്കിലും
നിസ്തുലമാകുമക്ഷേത്രപ്രഭാവത്താൽ.
വാഞ്ഛിച്ചനന്തഫലദമായ്വന്നീടു-
മത്രസന്ദേഹമില്ലേതുംമുനികളേ.
ദേവനദിയായഗംഗയുമത്യന്ത-
പാവനിയായമണികൎണ്ണികയതും.
ഭൂവിലെവിടെയെന്നാലവിടേന്നാം
കൈവല്യസിദ്ധിയിലെന്താണൊരത്ഭുതം.
ശ്രദ്ധാസഹിതരായ്ധൎമ്മൈകനിഷ്ഠരാ-
യത്യന്തധീരരാമേതൊരുമൎത്ത്യന്മാർ.
മൃത്യുഞ്ജയസ്ഥാനമായവാരാണസീ-
ക്ഷേത്രത്തിലമ്പോടുപോകുന്നിതായവർ.
ഗാത്രസന്ത്യാഗമാത്രേണലഭിക്കുന്നു
മുക്തിക്കുഹേതുവാമാത്മവിജ്ഞാനവും.
സത്യമിതുസത്യമീശനവിമുക്ത-
മത്യന്തമോദാൽവിമോചിപ്പതില്ലെന്നും.
സംസാരമേററംവിരസമായ്ഭാവിച്ചു
കംസാരിസവ്യയാംകാശിയെപ്രാപിച്ചു.
കിംസാരമിദ്ദേഹമെന്നോൎത്തുവാഴുന്ന
പുംസാംശരീരനാശേവിശ്വനായകൻ.
നേരെപരബ്രഹ്മമാമൈക്യപ്രകാശ്യമായ്
താരകജ്ഞാനനിദാനമാംവാക്യത്തെ.

പാരംകരുണയാകർണ്ണേജപിക്കുന്നി-
താരകമുള്ളതിന്നുതന്മാഹാത്മ്യമോൎക്കുവാൻ.
ഏവംവിശിഷ്ടപ്രഭാവയാംകാശിയെ
യേവൻവെടിയുവാനിച്ഛിക്കുമാശയാ.
ഇത്ഥംഭൃഗുമുനിതന്റെഗിരംശ്രവി-
ച്ചന്തമന്മാരാംമുനികൾചോദിച്ചിതു.
ഏത്രയുംമാഹാത്മ്യമുള്ളവാരാണസി
മുക്തിപ്രദായിനിയായിരിക്കെത്തന്നെ.
ധാത്രിയിലോരോമുനികളൃഷികളും
ചീൎത്തഭക്ത്യാമറ്റുമുള്ളജനങ്ങളും.
മുക്തിക്കുസാധനമാംമനനത്തിലു-
മുത്തമധ്യാനത്തിലുംശ്രവണത്തിലും.
ഏത്രയുംക്ലേശിച്ചുകഷ്ടമനുഭവി-
ച്ചത്രകാണുന്നിതതെന്തിനാലുണ്ടാമോഹം.
ഇത്തരമുള്ളൊരുഞങ്ങടെസംശയം
തീൎത്തരുളീടേണമേഭൃഗുമാമുനേ.
ഏവംമുനീശ്വരന്മാരുടെവാക്കുകേ-
ട്ടാവിൎമ്മുദാഭൃഗുമാമുനിചൊല്ലിനാൻ.
ധൎമ്മിഷ്ഠരാംമുനിവൎയ്യരേതത്വമി-
ന്നുണ്മയോടേപറഞ്ഞീടുവൻകേൾക്കുവിൻ.
ലോകങ്ങൾനാനാരസങ്ങളാണായതി-
ലോരോരോവിധകാൎയ്യമോരോജനങ്ങളും.
ശ്രദ്ധയോടെപ്പൊഴുംചെയ്തുകൊണ്ടീടുന്നി-
തന്യാന്യതല്പരന്മാർചിലർമറ്റൊന്നിൽ.
ചേൎപ്പിച്ചിടുന്നുയഥേഷ്ടംസ്വതന്ത്രരാ-
യ്വാൎത്തുക്കെന്ന്യേതത്രതത്രചിലജനം.
വർണ്ണാശ്രമപ്രോക്തധൎമ്മങ്ങളെന്നല്ല
വൎണ്ണമനുഷ്ഠിച്ചിടുന്നതല്ലോവിധി.
നിത്യനൈമിത്തികകാൎയ്യങ്ങളെന്നതിൽ
നിത്യമെന്നുള്ളതുനിത്യവ്രതമല്ലോ.
നൈമിത്തികംനിമിത്താലുളവായതു
കാമത്തിനാലുളവായതുകാമ്യവും.
മാറമനേകവിധമാമുപായത്താൽ
മാറംഫലംലഭ്യമായ്ഭവിച്ചീടുന്നു.

സ്വേച്ഛയാലുള്ളപ്രവൃത്തിനിരന്തരം
നിശ്ശേഷലോകത്തിലുംസദാകാണുന്നു.
തുല്യമായിട്ടുംക്രമേണഗന്ധങ്ങളായ്
തുല്യപ്രസൂനവ്രജസഹിതങ്ങളായ്.
തുല്യങ്ങളായുള്ളവല്ലീസമൂഹങ്ങ-
ളെല്ലാമൊരുപോലിരിക്കുംവിഷയത്തിൽ.
നല്ലൊരുപുഷ്പാർത്ഥിയാമൊരുവൻചെന്നു
വല്ലിയൊന്നിങ്കലുള്ളൊരുപുഷ്പങ്ങളെ.
എല്ലാമറുത്തെടുത്തങ്ങിനെപോകുന്നി-
തെല്ലാലതകളിലുംഗമിച്ചീടാതെ.
അങ്ങിനെതന്നെജനംമോക്ഷസാധന-
മങ്ങുമഹാകാമമാശ്രയിച്ചീടുന്നു.
തുല്യപാത്രത്തിൽപ്രതിഷ്ഠിതമാകിയ
തുല്യവർണ്ണങ്ങളോട്ടുകൂടിയഗോക്ഷീരം.
ഏകകാലത്തുതന്നേഗ്രഹിക്കുന്നതി-
ല്ലേകംകുറച്ചുമുന്നംഗ്രഹിച്ചീടുന്നു.
എന്നതുപോലെതന്നെമോക്ഷഹേതുക്കൾ
മന്നിലനേകങ്ങളുണ്ടെന്നിരിക്കിലും.
ധന്യരായീടുംമുമുക്ഷുജനങ്ങൾക്കിയ-
തൊന്നുമോക്ഷപ്രദമെന്നങ്ങറിഞ്ഞുടൻ.
നന്നായതിനെസ്വശക്യമായ്സേവചെ-
യ്യുന്നുവഴിപോലെകേട്ടാലുമിന്നിയും.
വന്ദ്യനാംവാമദേവൻമുനിയേകദാ
മുന്നംവസിഷ്ഠമുനിയോടുചൊല്ലിയ.
ധന്യമാംവാരാണസീപ്രഭാവത്തെയു-
മിന്നുഞാൻചൊല്ലാംമുനികളേകേട്ടാലും.
നല്ലസരസ്വതീതീരേമുനികുല-
വല്ലഭനാകുംവസിഷ്ഠൻനിജാശ്രമേ.
അല്ലലൊഴിഞ്ഞുവാഴുംനാളെദൃച്ഛയാ
കല്യനാംവാമദേവൻമുനിചെന്നിതു.
ചൊല്ലേറിടുംവാമദേവനെക്കണ്ടപ്പോ-
ളുല്ലാസമോടേവസിഷ്ഠമുനീന്ദ്രനും.
പാദ്യാസനാദിയാൽപൂജിച്ചുകന്ദമൂ-
ലാദ്യങ്ങളുംഭുജിപ്പാൻകൊടുത്തീടിനാൻ.

വാമദേവൻമുനിതാനുംഫലാദ്യങ്ങ-
ളുമോദമോടുപരിഗ്രഹിച്ചീടിനാൻ.
പിന്നെവസിഷ്ഠനുംവാമദേവൻതാനു-
മൊന്നിച്ചുതത്രവാണാരതിപ്രീതരായ്.
വേദാശ്രയയായ്വിചിത്രാൎത്ഥസാരയായ്
മേദുരധൎമ്മകൈവല്യോപായുക്തയായ്.
നീതിസഹിതയായീടുംബഹുകഥ-
യാദരവോടതുകൾചെയ്തോരനന്തരം.
വാമദേവൻതന്നോടേവംവിനയേന
താമരസോത്ഭവനന്ദനൻചോദിച്ചാൻ.
സമ്മതസാധനസമ്പത്തിയെന്നിയേ
ബ്രഹ്മവിജ്ഞാനൈകസാധനംമാമുനേ.
സംഭവിക്കുന്നിതെന്നോകിലതിപ്പോഴു-
തന്പോടുചൊല്ലുകെന്നോടുവഴിപോലെ.
ഇത്ഥംവിധിസുതൻതന്നുടെചോദ്യത്തി-
നുത്തരംവാമദേവൻതാനരുൾചെയ്തു.
വേദോക്തസാധനമെന്നിയേബ്രഹ്മവി-
ജ്ഞാനൈകസാധനമെങ്കിലേയുണ്ടാകും.
കൂരിരുട്ടിൽദീപമില്ലാതെയെത്തുമേ
നേരെവെളിച്ചമുണ്ടാകയില്ലെന്നുമേ.
എന്നാലുമല്പപ്രയാസേനസത്വര-
മൊന്നുണ്ടുതാദൃശജ്ഞാനഫലപ്രദം.
പന്നഗഭൂഷണനാംവിശ്വനായകൻ
തന്നാലധിഷ്ഠിതംവാരാണസിയെന്നു.
ലോകത്രയത്തിലുമേററംപ്രസിദ്ധമാ-
യാദിമദ്ധ്യാവസാനതോടപേതമായ്.
ശംഭുവിൻക്ഷേത്രമൊന്നുണ്ടുശോഭിക്കുന്നി-
തന്പോടുകൈവല്യദായകംപാവനം.
തത്രവാഴുന്നജന്തുക്കൾക്കുനിത്യവും
മൃത്യുഞ്ജയൻഭോഗമോക്ഷങ്ങൾനൽകുന്നു.
ഏററംമഹാപാപികളെന്നിരിക്കിലും
മററുമുപപാതകികളെന്നാകിലും.
തൽക്ഷേത്രവൈഭവംകൊണ്ടവർപാപങ്ങൾ
ശിക്ഷയോടേനശിച്ചീടുമസംശയം.

വാരാണസിയാംപുരിയതിലുള്ളോരു
മാരുതപ്രേരിതരേണുവേറ്റീടുകിൽ.
ഘോരമായീടുംദുരിതൌഘമെത്രയും
ദൂരത്തുപോമതിനില്ലൊരുസംശയം.
പാരംസ്വധൎമ്മനിരതസംഹീനനും
പാരതിലത്യന്തമുത്തമനുംസദാ.
വാരാണസീപുരിതൻപ്രഭാവത്തിനാൽ
നേരെസമാനഗതിഭവിക്കുംദൃഢം.
വിശ്വേശശങ്കരന്നതിവല്ലഭമായത്തു
വിശ്വമതിലമന്ദംകാനനമല്ലൊ.
വിശ്വരൂപൻഭഗവാനതിനെപ്രിയാൽ
ശശ്വദപിവിമോചിക്കുന്നതില്ലെല്ലും.
എന്നതിനാലമന്ദാഖ്യംവനത്തിന്നു
വന്നിതവിമുക്തമെന്നുള്ളനാമവും.
വാരാണസിയിൽമഹാത്മാക്കളാംചിലർ
സ്വൈരംവസിക്കുന്നതുണ്ടതിധന്യരായ്.
കൈകൎവേദശാന്തഭാസിതശേഖരന്മാരായ്
സൂൎയ്യചന്ദ്രാഗ്നിത്രിതയനേത്രന്മാരായ്.
പാരംകുതൂഹലത്തോടെചതുൎഭുജ-
ന്മാരാമവർനാകനൃസുരേന്ദ്രന്മാർ.
സ്നാനവുംവാരാണസീപുരെചെയ്യുന്ന
ദാനവുംമന്ത്രതന്ത്രാദികൎമ്മങ്ങളും.
നൂനമനന്തഫലങ്ങളെന്നത്രൂ
മാനസതാരിലറികമഹാമുനേ.
എന്നപോലെതന്നെയത്രവെച്ചുൎജ്ജിച്ചോ-
രുന്നതപാപമനന്തമായ്‌വന്നീടും.
യാതൊരുമൎത്ത്യൻസ്വധൎമ്മനിരതനാം
മേദിനീദേവവൎയ്യനുവൎഷാശനം.
മോദേനനൽകിയവിടെയിരുത്തുന്നി-
താദരാലായവൻപുണ്യഫലംകേൾക്ക.
എത്രമണലുണ്ടുഗംഗയിലെണ്ണുകി-
ലത്രസഹസ്രവൎഷത്തോളമവൻ.
ദേവേന്ദ്രനോടൊരുമിച്ചമരാലയെ
മോദമോടേറെകളിച്ചുവസിച്ചീടും.

പിന്നപ്പവിത്രവംശേധരാമണ്ഡലേ
വന്നുമഹാരാജനായിജ്ജനിച്ചീടും.
പുത്രപൌത്രാദിയോടുംദീൎഘജീവിയായ്
മൃത്യുഞ്ജയഭക്തനായ്സുഖംവാണീടും.
അന്ത്യകാലത്തുശ്രീമൽക്കാശിയിൽവെച്ചു
ബന്ധമൊഴിഞ്ഞുനിൎവ്വാണവുംപ്രാപിക്കും.
ചൂതവുമശ്വത്ഥവുംപിചുമന്ദവും
ചേതോഹരകളായീടുംലതകളും.
യാതൊരുത്തൻപണിപ്പെട്ടുമവിടത്തി-
ലാദരവോടുളവാക്കിവളൎക്കുന്നു.
പൂൎവ്വോക്തമായഫലമവന്നുംസദാ
സൎവ്വഥാസംഭവിച്ചീടുമസംശയം.
ധാത്രിയതിലുണ്ടനേകതീൎത്ഥങ്ങളും
ക്ഷേത്രങ്ങളുമുണ്ടനേകമെന്നാകിലും.
മൎത്ത്യനായാലവനെത്രപണിപ്പെട്ടു
മെത്തേണമേതുചെയ്യുംമഹാകാശിയിൽ.
ന്യായാൎജ്ജിതംധനമല്പമെന്നാകിലു-
മായതുവാരാണസിയിൽവെച്ചാദരാൽ.
വിശ്വനാഥക്ഷേത്രവാസിയാംവിപ്രനു
വിശ്വാസഭക്തിയോടൎപ്പണംചെയ്കിലോ.
വിശ്വദുരിതൌഘവുംനശിച്ചുഞ്ജസാ
ശശ്വദനന്തഫലപ്രദമായ്വരും.
ഏവംപ്രഭാവസഹിതയാകുംമഹാ-
ദേവവാസസ്ഥാനമായവാരാണസീ.
കൈവല്യദാത്രീവിളങ്ങുന്നിതുമഹീ
ദേവൎഷിരത്നമസൎവ്വാൎത്ഥദായിനീ.
പോന്നാലുമങ്ങുഗമിച്ചുവിശ്വേശ്വരൻ
തന്നാൽസുരക്ഷിതയാകിയകാശിയെ.
കണ്ടുവണങ്ങിവിശ്വേശ്വരൻതന്നെയും
കണ്ടുവന്ദിച്ചുപോന്നീടാംനമുക്കിഹ.
വാമദേവൻതന്റെവാക്യമേവംകേട്ടു
മാമുനിശ്രേഷ്ഠൻവസിഷ്ഠനരുൾചെയ്തു.
താമസമേതുമതിനിയെങ്കിലോ
നാമിന്നുതന്നെഗമിക്കവൈകീടാതെ.

എന്നതുംചെയ്തുപരാശരനെത്തദാ
തന്നാശ്രമത്തിലിരുത്തിവസിഷ്ഠനും.
ഉന്നതമോദേന വാമദേവൻതന്നോ-
ടൊന്നിച്ചുവാരാണസിക്കുപുറപ്പെട്ടാൻ.
വീതരാഗദ്വേഷമാനസരാമവർ
ചേതസിവിശേഷശക്ത്യാവഴിയതിൽ.
ഏതുമേസാദവുംകൂടാതെശങ്കര
കേതമാംകാശിയെനോക്കിഗ്ഗമിച്ചിതു.
കുന്നുംമലയുംനദികൾരാജ്യങ്ങളും
പിന്നിട്ടവർനടന്നങ്ങുപോകുന്നേരം.
കേടകന്നുള്ളമുനിവരന്മാരൊരു
കാടകംപൂക്കുനടക്കുംദശാന്തരെ.
പാടവമേറുന്നമാലിവംശേജനി-
ച്ചീടിനരാക്ഷസന്മാരതിഘോരന്മാർ.
ഈടെഴുമായുധജാലവുംകൈക്കൊണ്ടു
ധാടിയോടേവസിക്കുന്നവനാന്തരേ.
ചണ്ഡപരാക്രമദർപ്പിതന്മാരായ
പുണ്യജനേശ്വരന്മാരുടെമദ്ധ്യത്തിൽ.
ഹുണ്ഡുകനെന്നതിസിദ്ധനാകുംമാലി-
തന്നുടെപൌത്രാത്മജനെയുംകണ്ടിതു.
പുണ്ഡരീകോൽഭൂതജാതൻവസിഷ്ഠനും
പണ്ഡിതശ്രേഷ്ഠനാംവാമദേവൻതാനും.
ദണ്ഡധരാതിഭയങ്കരനാകിയ
ഹുണ്ഡുകനെക്കണ്ടുനിന്നാരതിഭയാൽ.
അന്നേരമന്യരാത്രിഞ്ചരവീരരോ-
ടൊന്നിച്ചുതത്രചെന്നീടിനാൻഹുണ്ഡുകൻ.
ചർമ്മജടാഭസ്മധാരികളായീടു-
മമ്മുനിമാരോടുചോദിച്ചിതന്നേരം.
നിങ്ങളാരാകുന്നുഘോരകാന്താരത്തി-
ലിങ്ങുവരുവാനുമെന്തൊരുകാരണം.
ചൊല്ലീടുകെന്നതുകേട്ടുവസിഷ്ഠനും
ചൊല്ലീടിനാൻയഥാർത്ഥംപൂതമാനസൻ.
താമരസോത്ഭവപുത്രനാകുന്നഞാൻ
നാമംവസിഷ്ഠനെന്നാകുന്നിതുമമ.

വാമദേവാഖ്യനിവൻഞങ്ങളിപ്പൊഴു-
താമോദമോടുകാശിക്കെപോകനീളു.
ഇത്ഥംവസിഷ്ഠഗിരംകേട്ടുഹൂണ്ഡുകൻ
നക്തഞ്ചരന്മാരൊടേവമുരചെയ്താൻ.
ഏത്രയുംസപാത്രസംയുക്തമാമന്നമി-
ന്നത്രകരസ്ഥമായ്വന്നതുയദൃച്ഛയാ.
രാത്രിഞ്ചരരെബഹുനാളുതായിഞാ-
നോൎത്തുവാഴുന്നിവനെക്കണ്ടുകിട്ടുവാൻ.
സാദ്ധ്യമായ്വന്നിതിന്നാകയാലതി-
ധൂൎത്തനാമീവസിഷ്ഠൻതന്നെയിപ്പൊഴെ.
മിത്രമാംവാമദേവൻതന്നൊടൊന്നിച്ച
മിത്രാത്മജപുരത്തിന്നയച്ചീടണം.
മുന്നമിവനുടെപൌത്രനായിട്ടുന്ന
ളന്നുമേവംപരാശരനാംമുനി.
എന്നുടെതാതനെബ്ബന്ധുവൎഗ്ഗത്തൊടും
കൊന്നിതുരാക്ഷസഘാതമാംസത്രത്തിൽ.
എന്നിവണ്ണംഹൂണ്ഡുകൻറവാക്യംകേട്ടു
മന്ദരാംമററുള്ളരാക്ഷസവീരന്മാർ.
മന്ദേതരംവാമദേവനേയുംവിധി-
നന്ദനനായവസിഷ്ഠമുനിയെയും.
ഉന്നതരോഷേണപാശങ്ങളെക്കൊണ്ടു
നന്നായ്മുറുകബന്ധിപ്പാനൊരുമ്പെട്ടാർ.
ധന്യതപോധനശ്രേഷ്ഠരവർവന-
രന്യോന്യമാശുനോക്കീടിനാരന്നേരം.
ബന്ധനിവാരണേശക്തരെന്നാകിലും
ഹന്തഗതക്രോധരാംമുനിശ്രേഷ്ഠന്മാർ.
ശാന്തഹൃദയരായൊന്നുമേചെയ്തതി-
ല്ലെന്തൊരാശ്ചൎയ്യമെന്നേപറയാവതും.
അന്തരംഗത്തിങ്കലേതുംവികാരവും
സന്ദേഹവുമവൎക്കപ്പൊഴുംഭവിച്ചീലാ.
ഇന്ദ്രജിന്മുക്തനാഗാസ്ത്രബന്ധമന്ന-
മിന്ദിരാകാന്തനാംശ്രീരാമദേവനും.
തന്നുടെസോദരനായസൌമിത്രിയു-
മെന്നതുപോലവർവാണിതുബദ്ധരായ്.

ഹ്രസ്വകൻതാനന്നുനേരംനിജബാഹു
ദണ്ഡമതിങ്കലെടുത്തോങ്ങുഖഡ്ഗവും.
അൎണ്ണോജഭൂസുതവാമദേവന്മാരെ
ച്ചണ്ഡഃകോപനവധിപ്പാൻതുനിഞ്ഞിതു.
തിണ്ണമരവിന്ദഭൂസുതൻതന്നോടീ-
വണ്ണമപ്പോൾവാമദേവനുംചൊല്ലിനാൻ.
പാരാതെവാരാണസിക്കുപോയിട്ടിന്നൊ-
രാരണന്മാരാംനമുക്കിന്നുളവായ.
പാരമാമിപ്രതിബന്ധമഹേതുകം
സാരസസംഭവനന്ദനകേട്ടാലും.
ദേവകളുംകാശിയാത്രചെയ്യുന്നവ-
ൎക്കാവോളവുംവിഘ്നകാരകരായ്വരും.
ആയതുസൎവ്വംസഹിച്ചുഗമിപ്പോൎക്കു
ശ്രേയസ്സുനിൎവ്വിഘ്നമായ്വരുംപരം.
കൌണപാധീശനാംഹ്രസ്വകൻതാനിഹ
പ്രാണങ്ങളെനശിപ്പിക്കുമസംശയം.
ഏണാങ്കശേഖരനാംവിശ്വനായകൻ
പ്രാണപ്രിയയായദേവിയോടൊന്നിച്ചു.
വാണീടുമക്കാശികണ്ണുകളെക്കൊണ്ടു
കാണുവാനുംകൂടിയോഗമില്ലാതെയായ്.
എന്തൊന്നിതില്പരമാംമഹാസങ്കടം
ഹന്തദേവികേണ്ടതിപ്പോൾവിധിസുത.
അന്തരംഗമിതുചിന്തിച്ചുചിന്തിച്ചു
വെന്തുനീറാകുന്നിതേറ്റവുംമാമകം.
സന്താപമേവമിനിക്കൊരുപോലെ
യന്തരമെന്നിയെവാരാണസിക്കുപോയ്.
ചന്ദ്രചൂഡൻതന്റെപാദാംബുജങ്ങളെ
സ്സാന്ദ്രമോദംകണ്ടുവന്ദിച്ചിടാമെന്നും.
മന്ദ്രതരമാംമനോരഥമുണ്ടായി
വന്നുവളൎന്നുചമഞ്ഞിതിപ്പോളിഹ.
മന്ദഭാഗ്യശ്രേഷ്ഠരാംനമുക്കായതു-
മിന്നുസിദ്ധിച്ചതില്ലല്ലോമമസഖേ.
ബ്രഹ്മൎഷിയാകിയവാമദേവൻതാനു-
മമ്മാത്രമങ്ങരുളിച്ചെയ്തനന്തരം.

മന്മഥാരാതിയാംവിശ്വൈകനാഥനെ-
ത്തന്മാനസേ ദ്ധ്യാനിച്ചിതപ്പോഴെ.
ദുർമ്മതിയാകിയരാക്ഷസനായക-
നമ്മാമുനീശ്വരന്മാരെജ്ജടന്തരേ.
സൎവ്വാംഗമോടുമൊന്നായിപ്പിടിച്ചതി
ദുർമ്മദൻഖഡ്ഗമാഞ്ഞീടിനാൻവെട്ടുവാൻ.
ദർപ്പിതനാകിയ ഹുണ്ഡുകരാക്ഷസ-
നെപ്പോൾമുനീശ്വരന്മാരെപ്പിടിപെട്ടു.
കെല്പോടുകണ്ഠംമുറിപ്പാനൊരുങ്ങിനാ-
നപ്പോൾത്രിപുരാന്തകാരിയാമീശ്വരൻ.
പ്രത്യക്ഷനായിബ്ഭവിച്ചുകാലാഗ്നിയോ-
ടൊത്തുള്ളരോഷോദ്ധതകടാക്ഷത്തിനാൽ.
രാത്രിഞ്ചരേന്ദ്രനാം ഹുണ്ഡുകനോടുകൂ-
ടത്യുഗ്രന്മാരാകുള്ളരാക്ഷസന്മാരെയും.
ഭസ്മാവശേഷരായ്ത്തന്നെയപ്പോൾചെയ്തു
വിസ്മയമത്യന്തമെന്നേപറയാവൂ.
ഉത്തമന്മാരാംമുനികളെബ്ബന്ധിച്ചോ-
രുത്തുംഗപാശത്തെയുംമുറിച്ചഞ്ജസാ-
മൃത്യുഞ്ജയനായവിശ്വനാഥൻപരൻ
ഭക്തപ്രിയൻമാഞ്ഞുതാനവിടെത്തന്നെ.
പിന്നെവസിഷ്ഠനുംവാമദേവൻതാനു-
മന്നേരമുത്ഥാനവുംചെയ്തുനോക്കുമ്പോൾ
ഉന്നതന്മാരാംനിശാചരവീരരെ
യൊന്നിനെയെന്നാകിലുമത്ര കണ്ടീലാ.
കുന്നുപോലുള്ളോരുഭസ്മസമൂഹത്തെ
മുന്നിൽക്കിടക്കുന്നതുംബതകാണായി.
പന്നഗഭൂഷണനായ വിശ്വേശ്വരൻ
തന്നാൽക്കൃതമിദമെന്നോർത്തിതവരും.
വന്നൊരുവിസ്മയംപൂണ്ടുബന്ധത്തിങ്കൽ
നിന്നുവിമുക്തരായത്യന്തതുഷ്ടരായ്.
പന്നഗഭൂഷണശംഭോമഹേശേതി
ചന്ദ്രചൂഡൻതിരുനാമംജപിച്ചവർ.
ഒന്നിച്ചുകാശിയെനോക്കിഗ്ഗമിച്ചിതു
പിന്നെച്ചിരേണമുനീശ്വരരാമവർ.

വിശ്വേശ്വരാവാസമാകിന്നകാശിയെ
വിശ്വാസഭക്തിയോടുംചെന്നുകണ്ടിതു.
അമ്പോടതത്രവിളങ്ങിനിന്നീടുന്ന
ചമ്പകക്കൂട്ടങ്ങൾതൻചുവട്ടിൽനിന്നു.
കൊമ്പുതന്നഗ്രംവരെപടൎന്നുള്ളോരു
വമ്പിച്ചവല്ലികൾതൻകുസുമങ്ങളിൽ.
കമ്പമേറീടുന്നവണ്ടിനങ്ങളുടെ
സമ്പൂൎണ്ണഝങ്കാരനാദഭേദങ്ങളാൽ.
സന്നാദിതയായശ്രീമഹാകാശിയെ
സ്സാന്ദ്രമോദത്തോടുകണ്ടുമുനീന്ദ്രന്മാർ.
ഉന്നതഭാഗ്യങ്ങളിത്തുനിൽക്കുന്നമാ-
കന്ദങ്ങളിൽമോദേനവാഴുന്ന.
കോകിലജാലങ്ങൾതൻനിനാദത്തിനാ-
ലാകവേശബ്ദായമാനമായീടുന്ന.
പാകാരിമുഖ്യദേവാദിസംസേവ്യമാം
ശ്രീകാശിയെത്തദാകണ്ടുമുനീന്ദ്രന്മാർ.
ഉൾക്കാമ്പിലേററവുംഭീതിയോടുംകൂടി
ദിക്കുകൾതോറുംപ്രകീൎണ്ണനേത്രങ്ങളായ്.
വക്ത്രപുടംകൊണ്ടുദൂൎവ്വാങ്കുരങ്ങളെ-
യഗ്രഹിച്ചയൂഥാധിപരോടൊത്തു.
സത്വരംചപലംമൃഗീനിവഹങ്ങളാൽ
നിത്യംവിളങ്ങുമക്കാശിയെക്കണ്ടിതു.
വില്വവൃക്ഷത്തിന്റെകോമളപത്രവും
നല്ലകുശംകാശമാദിയാംപൂക്കളും.
എല്ലാംപരിഗ്രഹിച്ചീശ്വരപൂജക്കാ-
യുല്ലാസമോടെഗമിക്കുന്നഭക്തരാൽ.
നല്ലവണ്ണംവിളങ്ങീടുമക്കാശിയെ-
കല്യരാംതാപസന്മാർതദാകണ്ടിതു.
വേദനിവേദിതകൎമ്മകാണ്ഡത്തിനാ-
ലാദിയിൽതന്നെവിധിച്ചകൎമ്മത്തിങ്കൽ.
ഏതുമിളക്കമില്ലാതെവാണീടുന്ന
വേദിനീനിൎജ്ജരശ്രേഷ്ഠനിരയാലും.
മാമുനിവൎയ്യരാലുംപിന്നമററുള്ള
മാനവന്മാരാലുമേററംവിളങ്ങുന്നു.

ശ്രീമഹാദേവനിവാസമാംകാശിയെ
മാമുനിമാരവർകണ്ടാരതിമുദാ.
ഉല്ലലപങ്കജജാലങ്ങളിൽതട-
ഞ്ഞല്പമല്ലാതലോകശ്രമവുംതീൎത്തു.
സുപ്രസന്നതെന്നവീയുംപവനനാൽ
സുപ്രകാശംപൂണ്ടകാശിയെക്കണ്ടിതു.
പൂൎണ്ണങ്ങളായ്തത്രനില്ക്കുംകുളങ്ങളിൽ
കാനനങ്ങളിലിളകിക്കൊണ്ടുനിൽക്കുന്ന.
പൎണ്ണങ്ങളാലതിശോഭിതയായമു-
ക്കണ്ണനിവാസമാംകാശിയെക്കണ്ടിതു.
ഭാഗീരഥീതിരമാലകളാലതി-
രാഗമോടാശ്ലിഷ്ടയെന്നകണക്കിനെ.
ലോകനേത്രോത്സവയാകിയകാശിയെ-
യേകാന്തമോദേനകണ്ടുമുനീന്ദ്രന്മാർ.
ദണ്ഡനമസ്കാരവുംചെയ്തുടനിന്ദു
ഖണ്ഡധരാരാതിവാസമാംകാശിയെ.
പ്രാപിച്ചുവിശ്വേശ്വരനെയുംവന്ദിച്ചു
താപസേന്ദ്രന്മാരമന്തൎഗ്ഗൃഹത്തിന്റെ.
നേരെകിഴക്കുഭാഗേപവിത്രസ്ഥലെ
സാരസഭൂസുതനാംവാമദേവനും.
ഗൌരീശനാംവിശ്വനാഥനെച്ചിന്തിച്ചു
ഘോരമായുള്ളതപസ്സുതുടങ്ങിനാർ.
മുപ്പതിനായിരംവത്സരമിങ്ങിനെ
തപ്പാതെതന്നെതപസ്സുചെയ്യുന്നന്തരം.
സൎപ്പാഭരണൻസമസ്തലോകേശ്വരൻ
ത്രിപ്പുരവൈരിമുകുന്ദാൎച്ചിതൻശിവൻ.
ദൎപ്പകാരാതിവിശ്വേശ്വരനങ്ങലം
തൽപുരോഭാഗേപരംവിളങ്ങീടിനാൻ.
പ്രത്യക്ഷമായ്ക്കണ്ടനേരംമഹേശനെ
നത്വാബഹുവിധംസ്തുത്വാമുനീന്ദ്രന്മാർ.
ഭക്ത്യാതൊഴുതുനിന്നാരവരിൽക്കനി-
ഞ്ഞിത്തരംവിശ്വനാഥൻതാനരുൾചെയ്തു.
ഉത്തമതാപസന്മാരേഭവാന്മാൎക്കു
ചിത്തഹിതമാംവരമെന്തുവേണ്ടതും.

എത്രയുംദുൎല്ലഭമെന്നാകിലുമതു-
മത്യന്തമോദേനനൽകുന്നതുണ്ടുഞാൻ.
ഇത്തരംവിശ്വനാഥൻഗിരംകേട്ടു
ബദ്ധമോദേനമുനീന്ദ്രരുംചൊല്ലിനാർ.
നാഥമഹേശ്വരഗൌരീശ്വരവിശ്വ-
നാഥവൃഷധ്വജശങ്കരഗോപതേ.
ആധാരഹീനരായീടുന്നവൎക്കുനി-
ത്യാധാരഭൂതനായീടുന്നദൈവമേ.
ചേതസികാരുണ്യമുൾക്കൊണ്ടുഞങ്ങൾക്കു
പ്രീതിയോടേവരംനൽകുന്നതാകിലോ.
പുരബാണാരേഭവാനിൽസദാകാല-
മേതുമിളക്കമില്ലാതോരുഭക്തിയും.
ഭൂതേശ്വരഭവന്മന്ദിരാവാസവു-
മാദരവോടുനൽകേണംദയാനിധേ.
മറ്റുവരങ്ങളിൽകാംക്ഷിതംഞങ്ങൾക്കു
ചെറ്റുമേയില്ലെന്നറികജഗല്പതേ.
ഏവംമുനീശ്വരന്മാരുടെവാക്കുകേ-
ട്ടംവിമ്മുദാവിശ്വനാഥനരുൾചെയ്തു.
താപസശ്രേഷ്ഠരേമത്ഭക്തരാംനിങ്ങൾ
താപവിഹീനമത്രൈവവാണീടുവിൻ.
ദൎശനമാത്രേണവാരാണസീപുര
വാസിജനാഘൌഘനാശകരായ്സദാ.
യാതൊരുത്തൻഭവാന്മാരുടെദൎശനം
പ്രീതിയോടാചരിക്കുന്നിതെന്നാലവൻ.
സൎവ്വവിഘ്നങ്ങളിൽനിന്നുവിമുക്തനായ്
സൎവ്വസൌഭാഗ്യസമേതനായ്ശാന്തനായ്.
നിത്യംസ്വധൎമ്മനിരതനായ്മൽഭക്തി
യുക്തനായ്വാഴുമതിനില്ലസംശയം.
ഇങ്ങിനെബ്രഹ്മൈക്യമനന്ദരാമവ-
ൎക്കംഗജാരിവരംനൽകിയനന്തരം.
മോക്ഷൈകസാധനമാമവിടെത്തന്നെ
സാക്ഷാൽമഹേശൻമറഞ്ഞരുളീടിനാൻ.
തിങ്ങിനമോദാൽവസിഷ്ഠനോടമ്മുനി
പുംഗവനാംവാമദേവൻപറഞ്ഞൊരു.

മംഗലകാശിമാഹാത്മ്യമത്യുത്തമം
നിങ്ങളോടിന്നരുൾചെയ്യേൻചുരുക്കമായ്.
ഇത്തരംവാമദേവാബ്ജഭൂപുത്രർതൻ-
മുക്തിമാർഗ്ഗസ്ഥസംവാദംദിനംതോറും.
കേൾക്കയുംചൊൽകയുംചെയ്യുംജനങ്ങൾക്കു
ദുഷ്കൃതമൊക്കെനശിച്ചുനിരന്തരം.
മുക്കണ്ണവാസമായിട്ടുമക്കാശിയി-
ലാക്കമോടേലഭിക്കുംനിവാസംദൃഢം.
ഇത്ഥംഭൃഗുമുനിതന്റെഗിരംകേട്ടു
ചിത്തമോദേനമുനികൾചോദിച്ചിതു.
മൃത്യുഞ്ജയൻവാമദേവനോടുംവിധി-
പുത്രനായീടുംവസിഷ്ഠമുനിയോടും.
നിത്യംസ്വധർമ്മനിരതനായ്വാഴുമെ-
ന്നത്യന്തമോദാലരുൾചെയ്യുതെന്തഹോ.
ഉത്തമനായഭവാനിന്നതിനുടെ
തത്വമരുൾചെയ്കവേണംകൃപാനിധേ.
അത്രധർമ്മാത്മാവുമോക്ഷത്തെയുംപുന-
രത്യന്തപാപിപിശാചത്വവുംതഥാ.
സത്വരംപ്രാപിക്കുമെന്നുഭവാനാലു-
ക്തമായ്ഞങ്ങൾക്കിതിലുണ്ടുസംശയം.
മുമ്പിലെന്തിന്നുപാപാത്മാപിശാചത്വ-
മമ്പിൽഗമിക്കുന്നുപിന്നെനരകത്തിൽ.
വമ്പോടുവീഴുന്നതെന്തിനെന്നുള്ളതു-
മൻപോടുഞങ്ങളോടെല്ലാമരുളേണം.
ചോദ്യമേവംകേട്ടനേരംമുനിവര-
ർക്കാദ്യനാകുംഭൃഗുതാനരുൾചെയ്തു.
കേട്ടുകൊണ്ടാലുംമുനികളേഞാൻപുരാ
കേട്ടതുപോലെകഥിക്കാംശ്രവിക്കുവിൻ.
കാശിയിൽവെച്ചുചെയ്യുന്നപാപത്തിനു
ഭീഷണമാംഫലംസിദ്ധമാമേവനും.
ഘോരദുരിതൌഘകാരിയെന്നാകിലും
വാരാണസിയിൽമരിച്ചവെന്നാകിലൊ.
പാരംസുകൃതിയായുള്ളൊരവനില്ലാ
ദാരുണമായയമയാതനയേതും.

നേരോടവനുടെ ശിക്ഷകനായതു
ഭൈരവനെന്നങ്ങറിവിൻ മുനികളേ.
ഭൈരവൻതന്നുടെ ശിക്ഷകളത്യന്ത-
ഘോരതരങ്ങൾ സഹിച്ചുകൂടാ കേൾമെ.
വാരാണസിയിൽ കൃതമാം മലത്തിനു
പാരിച്ചദുഃഖമേതൊന്നു ചേരുന്നുവോ.
സൂക്ഷ്മത്വമാർന്നമാളല്ല പോലരി
ദാരുണദുഃഖമനുഭവിപ്പിക്കുവാൻ.
പാരം പുരാതനമാമിതിഹാസമി-
ന്നീരണ്ടു ചൊല്ലാം ശ്രവിച്ചുകൊൾകേവരും.
നേരോടിതു കേൾക്കിലാർക്കുമേ കാശിയിൽ
ചേരുകയില്ലാ ദുരിതത്തിലാശയം.
മുന്നമുളവായി വന്ന ക്രമേളക-
നെന്നു പേരായൊരു ശൂദ്രനക്കാശിയിൽ.
ധന്യനവൻ ധർമ്മശീലൻ ദയാപരൻ
മന്നിടദേവഭക്തനതിഥിപ്രിയൻ.
ഉന്നതവിത്തസമ്പന്നനനസൂയ-
നന്യോപകാരരതൻ ശംഭുസേവകൻ.
നന്ദനന്മാരുമവന്റെ ദാരങ്ങളു-
മന്യൂനധർമ്മകവത്സലന്മാർ സദാ.
ശാസ്ത്രോക്തവാരതിഥിവാസരങ്ങളിൽ
തീർത്ഥനിഷേവണം ചെയ്യുമവർ മുദാ.
തത്ര ലിംഗാർച്ചനം ക്ഷേത്രപ്രദക്ഷിണം
ഭക്തിയോടാചരിച്ചീടും ക്രമേളകൻ.
ഇത്ഥം ബഹുവത്സരം നിജപത്തനെ
മിത്രജനത്തോടുകൂടവാണീടിനാൻ.
അത്യന്തധർമ്മിഷ്ഠനാമവൻതന്നുടെ
ചിത്തം കലുഷമായേതും ഭവിച്ചീലാ.
കാലക്രമംകൊണ്ടു തത്ര കാശീപുരെ
കാലകാലൻതന്റെ പാദഭക്തോത്തമൻ.
ഭാഗുരിയെന്നുപേരാമൊരു ഭൂസുര-
നാഗമിച്ചീടിനാൻ തത്ര വാസാർത്ഥമായ്.
ആഗമാന്തജ്ഞനവനങ്ങൊരു ദിന-
മാഗതനായാൻ ക്രമേളകമന്ദിരെ.

ഘോരംബുഭുക്ഷിതനായവിപ്രൻപുര-
ദ്വാരിനിന്നാദരംവിനയമോടർത്ഥിച്ചാൻ.
അന്നംതരികവിശപ്പുകൊണ്ടേററവു-
മിന്നുവലയുന്നെഞാനുംക്രമേളക.
എന്നിങ്ങിനെഭൂമിദേവന്റെവാക്കുകേ-
ട്ടന്നേരമേവംക്രമേളകൻചൊല്ലിനാൻ.
അന്നമിവിടെയില്ലന്യഗേഹെചെന്നു
നന്നായിരന്നുഭക്ഷിക്കമഹീസുര.
എന്നതുകേട്ടോരുനേരംദ്വിജോത്തമൻ
പിന്നെയുംദീനസ്വരേണചൊല്ലീടിനാൻ.
ധന്യനായീടുംഭവാൻകരച്ചാകിലു-
മന്നമിനിക്കുതരികവൈകീടാതെ.
പൊന്നുംധനധാന്യമൊന്നുമെന്നിവ-
യൊന്നുമേവേണ്ടമോറിങ്ങുതന്നാൽമതി.
അന്യജന്മത്തിങ്കലാർജ്ജിച്ചദുഷ്കൃതം
തന്നാൽനിബദ്ധനായേനക്രമേളകൻ.
മന്നിടദേവന്റെഭാഷിതംകേട്ടോര-
മുന്നതക്രോധേനഭത്സിച്ചുചൊല്ലിനാൻ.
അന്നമില്ലെന്നുചൊന്നാകിലെന്നോടിന്നു
പിന്നെയുംപിന്നെയുംയാചിപ്പതെന്തഹോ.
ദുർന്നയമേറുന്നവിപ്രാധമമമ-
മന്ദിരേനിന്നുപൊയ്ക്കൊൾകസുദുർമ്മതെ.
എന്നുചൊല്ലിദ്വിജൻതന്നെപ്പിടിച്ചുട-
നൊന്നുരണ്ടടിച്ചാൻപാണികൊണ്ടവൻ.
മൂഢനായീടുംക്രമേളകൻതന്നുടെ
താഡനംകൊണ്ടുംവിശപ്പുകൊണ്ടുംതദാ.
പീഡയുംപൂണ്ടേററമാധിവശനായ്
ഖേദിയോടങ്ങുവിട്ടുപോയാൻദ്വിജൻ.
അഗ്രേതുലാധാരനെക്കണ്ടവൻതന്നോ-
ടഗ്രജന്മാവുമർത്ഥിച്ചീടിനാൻതദാ.
ആക്കമോടേതുലാധാരനാലങ്ങതി
സൽകൃതനായോരുകൌശികബ്രാഹ്മണൻ.
വ്യഗ്രവുംതീർന്നതിവേലംമുദിതനായ്
തൻഗൃഹംപുക്കുവസിച്ചാനക്കാലം.

പിന്നെക്രമേളകൻതാനുംമുദാനിജ-
മന്ദിരംതന്നിൽവസിച്ചാൻചിരകാലം.
അന്നുമഹാമയഗ്രസ്തനായേററവും
ഖിന്നനായന്മണികർണ്ണീജലാന്തികെ.
പന്നഗഭൂഷണക്ഷേത്രമതിൽവെച്ചു
തന്നുടെജീവനെയുംവെടിഞ്ഞാനവൻ.
എന്നനേരംഭൈരവന്റെഗണങ്ങളിൽ
മൂന്നുപേരത്യന്തഘോരസ്വരൂപികൾ.
വന്നുപാശങ്ങളെക്കൊണ്ടുക്രമേളകൻ
തന്നെനിബന്ധിച്ചുഭൈരവൻതന്നുടെ.
സന്നിധൌകൊണ്ടുചെന്നാരവനെക്കണ്ടു
വഹ്നിപോലുജ്വലിച്ചോരുരോഷത്തിനാൽ.
ദന്തിരീക്ഷാസ്യനാംഭൈരവനുംതദാ
തന്നുടെഭൃത്യരോടേവംനിയോഗിച്ചാൻ.
കുത്സിതകർമ്മകരണത്തിലത്യന്ത-
മുത്സാഹിയായ്ദുരിതാചാരനാമിവൻ.
ദുസ്സഹയാതനാദുഃഖങ്ങളെബ്ബഹു
വത്സരത്തോളംഭുജിക്കട്ടെസത്വരം.
ഇത്തരംഭൈരവൻതന്റെനിയോഗത്താ-
ലുദ്ധതന്മാരായഭൃത്യജനങ്ങളും.
നിത്യംക്രമേളകൻതന്നെനിയോഗിച്ചി-
തത്യന്തയാതനാദുഃഖങ്ങളിലഹോ.
യാതനാദുഃഖമോരായിരംവത്സര-
മേത്രംകായയാതനഭവിച്ചീടിനാൻ.
അത്രകാലംശീതമായഹ്രദത്തിങ്ക-
ലത്യന്തദുഃഖംഭുജിച്ചിതുപിന്നെയും.
കീടദേഹത്തെധരിച്ചനിർഭക്ഷനാ-
യാടലുംപൂണ്ടുജലവിഹീനസ്ഥലെ.
ചൂടുസഹിച്ചുകൊണ്ടേറിയവത്സരം
വാടിവിശന്നുവലഞ്ഞുവസിച്ചിതു.
പിന്നെയുംശപാവായിമുപ്പത്തിമൂന്നാണ്ടു
മന്നിടെവാണാനതീവദുഃഖാർത്തനായ്.
പിന്നെയുംസങ്കീർണ്ണജന്മംധരിച്ചതി
ഖിന്നതപൂണ്ടുവാണാൻക്രമേളൻചിരം.

പിന്നെയവൻശൂദ്രദേഹംധരിച്ചുകൊ-
ണ്ടുന്നതദുഃഖനവാണോരനന്തരം.
ഭൈരവന്മാരായുഗ്രതരവൻതന്നെ
ഭൈരവസന്നിധൌകൊണ്ടുചെന്നീടിനാർ.
ഭൈരവദൃഷ്ടിയാൽത്തന്നെക്രമേളകൻ
ഘോരമാംരൌദ്രപൈശാചമായൻതദാ.
മുപ്പതിനായിരംവത്സരമങ്ങിനെ
ക്ഷുൽപ്പിപാസാർദ്ദിതനായ്ചരിച്ചീടിനാൻ.
ഇത്തരമോരോദുരിതമനുഭവി-
ച്ചത്തലോട്ടുംചിരംചെന്നോരനന്തരം.
മൃത്യുഞ്ജയൻശിവൻപാർവ്വതീവല്ലഭൻ
ഭക്തപ്രിയൻവിശ്വനായകൻശങ്കരൻ.
എത്രയുംഘോരപാപൌഘങ്ങളിൽനിന്നു
മുക്തനായോരുക്രമേളകന്തന്നുടെ.
ശ്രോത്രത്തിലന്പോടുതാരകമാംവാക്യ-
മാസ്ഥയോടങ്ങുപദേശിച്ചരുളിനാൻ.
താരകബ്രഹ്മോപദേശാൽക്രമേളകൻ
പാരംപരാനന്ദരൂപയാംമുക്തിയെ.
യാതനായീടിനാൻവാരണാസീകൃത
പാതകത്തിൻറെഫലംവിചാരിക്കിലോ.
ദുസ്സഹമായതിഘോരയാംയാതനാ
നിസ്തന്ദ്രമാമ്മാറനുഭവിച്ചീടേണം.
ഇത്ഥംഭൃഗുവചനംകേട്ടനന്തരം
ചിത്തമോദേനമുനികൾചോദിച്ചിതു.
അത്യത്ഭുതമിച്ചരിതംഭൃഗോമുനി-
സത്തമഞങ്ങടെവാക്കുകേൾക്കേണമേ.
നാനാവിധങ്ങളായുള്ളദേഹങ്ങളെ-
ദ്ദീനതചമന്നുധരിച്ചുക്രമേളകൻ.
താനതിഭൈരവയാതനാദുഃഖങ്ങ-
ളൂനമൊഴിഞ്ഞുഭുജിച്ചോരനന്തരം.
ആനന്ദരൂപകൈവല്യംഗമിച്ചെന്നു
ദീനപ്രിയഭവാൻചൊന്നതുകാരണം.
[illegible] ഞങ്ങൾക്കുശങ്കയുണ്ടായതു
നൂനംഭവാൻതീർത്തരുളീടുകവേണം.

ഘോരമഹാപാപിയെന്നങ്ങിരിക്കിലും
വാരാണസിപുരെമൃത്യുഭവിച്ചുകിൽ.
പാരാതെമോക്ഷപദംഗമിച്ചീടുമെ-
ന്നീരണംചെയ്തുമുനംഭവാനിന്നിപ്പോൾ.
നേരെമറിച്ചിക്രമേളകൻതന്നോട
പാതവായുള്ളകഥയാലതാൾചെയ്തു·
ഇത്തരമുള്ളോരുഞങ്ങടെസംശയം
സത്വരംതീർത്തരുളീടേണംഭവാൻ.
ശിഷ്യരാകുംമുനിമാരുടെഭാഷിതം
കേട്ടുനേരംഭൃഗുതാനരുൾചെയ്തു.
കേട്ടാലുമെങ്കിലോനിങ്ങൾക്കസംശയ-
മൊട്ടുമെവേണ്ടാമുനിസത്തമന്മാരെ.
ഒട്ടാഗ്രധർമ്മമെന്നാകിലുംശങ്കകെ-
വിട്ടുപോംവണ്ണംപറയാംശ്രവിച്ചാലും.
ചേലോടറിഞ്ഞുംസഹ്യമറിയാതെയും
സ്വല്പമായുള്ളൊരുയാതൊരുപാതകം.
വാരാണസിയിൽവെച്ചാർജ്ജിതമാകുന്നി-
തോരാതതിന്റെഫലംഭുജിച്ചീടുവാൻ.
ഭൈരവരാജ്ഞാവശാലോരോവിധങ്ങളായ്
പാരാതയോനിജംതങ്ങളാംദേഹങ്ങൾ.
ധാരണംചെയ്തതിൽപാതകസംഖ്യയ-
മേറിയകാലംഭുജിച്ചൊടുങ്ങീടുകിൽ.
താരകേശാങ്കിതമൌലിയാമീശന്റെ
താരകബ്രഹ്മോപദേശംനിമിത്തമായ്.
പാരമാനന്ദകൈവല്യംഗമിക്കുമെ-
ന്നാരണന്മാരധരിച്ചുകൊണ്ടീടുവിൻ
പന്നഗഭൂഷണാവാസമാംകാശിയിൽ
നിന്നുചെയ്യുമുള്ളൊരുപാപത്തിനോർക്കിലൊ.
ഉന്നതമായുള്ളയാതനയൊന്നുതാൻ
തന്നെപ്രധാനമെന്നങ്ങറിഞ്ഞീടുവിൻ.
യാമ്യമായീടുംനരകവിശേഷിച്ചു
സാമ്യമില്ലാതുള്ളയാതനാദുഃഖങ്ങൾ.
ചെമ്മെപരയോനിജങ്ങളാംദേഹങ്ങൾ
നിർമ്മായമങ്ങുധരിച്ചുഭുജിക്കേണം.

ആകയാലീശപുരെമഹത്തായതി-
യാതനാഭോഗപ്രദമായപാതകം.
ചെയ്യരുതാരുമെചെയ്യീടിലത്യുഗ്ര-
മായുള്ളരുദ്രപൈശാചമാംനിണ്ണയം.
ഇങ്ങിനെകേട്ടനേരംഭൃഗുതന്നോട
തിങ്ങിനമോദാൽമുനികൾചോദിച്ചിതു.
മംഗലാത്മാവെഭഗവൻഭൃഗുമുനെ
ഞങ്ങളൊന്നുണ്ടുചോദിക്കുന്നിതിന്നിയും.
അത്രകാശീപുരെവാഴുംജനങ്ങൾക്ക
സത്വരംമോക്ഷംകരസ്ഥമെന്നുള്ളതും.
പാൎത്താലതിദുല്ലഭംതന്നെയെന്നതു
തീൎത്തുചൊല്ലീടാമസംശയമാമുനെ.
പാതകംചെയ്യാതെകാശീപുരത്തിങ്ക-
ലെതൊരുമനുഷ്യന്മാരുള്ളതൊക്കിലൊ.
വാക്യമേവംകേട്ടനേരംഭൃഗുതാനു-
മാകവെമോദമുനിവരരോടരുൾചെയ്തു
നീക്കമില്ലാനിങ്ങൾചൊന്നതുസത്യമെ-
ന്നോക്കനുഞാനിന്നിയുംകേട്ടുകൊള്ളുവിൻ.
മിക്കതുംപാപമുണ്ടാമെന്നിരിക്കിലു-
മക്കാശിയിൽവെച്ചതന്നാകൃതമായ.
ദൃഷ്ടംഗംഗാദിതീൎത്ഥജലങ്ങളിൽ
മുഖ്യമാംസ്നാനാദിയെക്കൊണ്ടുമാദരാൽ.
മുക്കണ്ണനലിംഗാച്ചനാദികളെക്കൊണ്ടു-
മക്കന്മഷംനശിച്ചീടുമസംശയം.
പിന്നെയറിയാതെചെയ്തുള്ളപാപവും
തന്നറിവാൽചെയ്യൊരല്പമാംപാപവും.
പന്നഗഭൂഷനാംവിശ്വേശചൎച്ചനാൽ-
ത്തന്നെനശിച്ചുപോയീടുംമുനികളെ.
മന്ദാകിനീസ്നാനലിംഗാച്ചനാലിവ-
ളൊന്നുമുപാൎജ്ജിതമായതില്ലെങ്കിലൊ.
ഉന്നതമാംമഹാപാതകസംഗവും
പിന്നെയുപപാതകത്തിൻസമൃദ്ധിയും.
എന്നിവയെരവസന്ദിഷ്ടയാതനാ
തന്നെയനുഭവിക്കേണംചിരകാലം.

സ്ഥൂലപാപംകാശിതന്നിൽനിന്നാൎജ്ജിച്ച
പാലവേയന്യത്രപോയ്മൃതനാകിലൊ.
സങ്കല്പകോടികളെക്കൊണ്ടുമേതുമെ
തൻകിൽബിഷംനശിച്ചീടുകയില്ലല്ലൊ.
നിത്യയാത്രാവിധികൊണ്ടുനശിച്ചുപോ-
മത്യന്തസൂക്ഷ്മപാപംധരിച്ചീടുവിൻ.
മന്ദാകിനിയിലുഷഃകാലമജ്ജനം
പിന്നെമദ്ധ്യാഹ്നെമണികൎണ്ണികയിലും.
മജ്ജനംചെയ്തുടൻവിശ്വേശ്വരനെയും
ധൂൎജ്ജിടീകാന്തയാംപാൎവ്വതീതന്നെയും.
ഉദ്ദീപ്തനാംഢുണ്ഢിരാജനെയുംപുന-
രദ്ദണ്ഡപാണിയേയുംഭൈരവനെയും.
നിത്യവുംകാശിയിൽപൂജചെയ്തീടിലോ
സത്വരംസൂക്ഷ്മപാപംനശിക്കുംദൃഢം.
ഇത്ഥംയാത്രാപരനായ്സ്വധൎമ്മത്തി-
ലത്യന്തനിഷ്ഠനാംയാതൊരുത്തൻസദാ.
തത്രകാശ്യാംവസിക്കുന്നിതവന്നുടൻ
മുക്തിസിദ്ധിച്ചീടുമില്ലൊരുസംശയം.
ഇത്ഥംമാമുനിശ്രേഷ്ഠൻഭൃഗുമുനി
സത്തമന്മാരോടരുൾചെയ്തതാദരാൽ.
ശ്രദ്ധയാകേൾക്കയുംചൊൽകയുംചെയ്കിലോ
സിദ്ധിക്കുമാനന്ദമാംപദമേവനും.
മൃത്യുഞ്ജയവിശ്വനായകശങ്കര
ഭക്തപ്രിയകരുണാംനിധേഗോപതേ.
മുഗ്ദ്ധേന്ദുചൂഡമുകുന്ദാദിപൂജിത
മിത്രാത്മജാന്തകശംഭോവൃഷദ്ധ്വജ.
കാത്യായനീമണവാളനിരന്തരം
കാത്തുകൊൾകെന്നിരുന്നുകിളിപ്പൈതലും.

ശ്രീകാശിമാഹാത്മ്യം ദ്വിതീയാദ്ധ്യായം സമാപ്തം.

—*—

# തൃതീയാദ്ധ്യായം.

ശാരികാകുലശിരോരത്നമായ്വിളങ്ങുന്ന
ചാരുഭാഷിണിബാലേചാരവേ വരികെടോ.
പേരെഴുംവാരാണസീമാഹാത്മ്യമിന്നുംകേൾപ്പാൻ
പാരമാഗ്രഹംവളൎന്നീടുന്നുമനതാരിൽ.
ശീലകച്ചേവംകേട്ടപൈങ്കിളിമകൾതാനും
പാരാതെയുരചെയ്താളത്യന്തംമോദത്തോടെ:
ലോമശാദികളായതാപസേന്ദ്രന്മാർഭൃഗു
മാമുനിയോടുചോദ്യംചെയ്താർപിന്നെയുമേവം
പാൎവ്വതീസാന്നിദ്ധ്യത്താൽസ്വധൎമ്മിഷ്ഠന്മാരുടെ.
സൎവ്വപാപവുംസദാനശിപ്പിക്കുന്നതായി
സ്യന്ദിജലകണൌഘങ്ങളാൽശീതളമാം
പന്നഗാഭരണന്റെമന്ദിരംമഹാരമ്യം.
ഏറ്റവുംകണ്ണിന്നമൃതരസമാംകാശിതന്റെ
യേറ്റമാംമാഹാത്മ്യത്തെസ്സൎവ്വദാകേട്ടാകിലും.
ഒട്ടുമേതൃപ്തിഭവിക്കുന്നതില്ലാകയാലെ
മുറവിന്നിയുമതുൾചെയ്യേണംദയാനിധേ.
സത്തമന്മാരാംമുനിമാരുടെഗിരംശ്രവി-
ച്ചിത്തരംഭൃഗുമുനിപുംഗവനുരചെയ്താൻ.
ശ്രദ്ധയാശങ്കവിട്ടുകാശിതന്മാഹാത്മ്യത്ത-
യെത്രയുംസ്ഥിരബുദ്ധ്യാകേട്ടുകൊള്ളുവിനെങ്കിൽ.
അത്യന്തംപുരാതനമാകിയോരിതിഹാസ-
മത്രഞാനുരചെയ്യാംമുന്നംകേട്ടതുപോലെ.
പാൎത്തലേപുരാസുപൎവ്വാവെന്നുപേരായൊരു
പാൎത്ഥിവൻസോമവംശംതന്നിലുണ്ടായിവന്നു.
ക്ഷാത്രമാംധൎമ്മമാൎഗ്ഗംപിഴച്ചീടാതെനിജം-
മാതൃഭൃത്യാഭാൎയ്യാപുത്രാദിസമ്പത്തിയോടും.
ദ്വാദശാക്ഷൌഹിണീശനായിട്ടുമവൻനിത്യം
മോദേനനിജരാജധാനിയിൽവാഴുംകാലം.
നായാട്ടുതന്നിലതിയായമോഹേനഭൂമീ
നായകൻസ്വല്പമനുചരന്മാരോടുംചേൎന്നു.
സത്വരഗതിയാകുമശ്വത്തിന്മുകളേറി
യത്യൎത്ഥംഘോരമായകാനനംപ്രവേശിച്ചാൻ.

ബാണാസനത്തിൽനിന്നങ്ങുത്സൃഷ്ടങ്ങളായീടും
ശോണിതഭോജനങ്ങളാകിയ ശരങ്ങളാൽ.
ഹരിണീസങ്കുലങ്ങളാം ഹരിണൌഘങ്ങളെയും
കരിണീയുക്തന്മാരാം കരിവീരന്മാരെയും.
മഹിഷവരാഹാദിമൃഗസംഘങ്ങളെയും
സഹസാ കൊന്നു കൊന്നു നടന്നു വനാന്തരെ.
വാജിതൻവേഗത്തിനാലാവനം തന്നിൽനിന്നു
രാജാവു മന്യവനം പ്രാപിച്ചാനതിവേഗാൽ.
ചാരന്മാരവനീശൻതന്നെക്കാണാഞ്ഞു ഖേദാൽ
പാരംതെരാജ്യം നോക്കിഗ്ഗമിച്ചുവാണീടിനാർ.
വീരനായീടും നൃപവ്യാഘ്രമാകാനനത്തിൽ
പാരം വിശ്രാന്തനായ്നടക്കുംദേശാന്തരെ.
നൂതനപത്മാസ്യമായത്യന്തം നിർമ്മലമായ്
ചേതോമോഹനമതായ്സ്മിതകൈരവാഢ്യമായ്.
മത്തലോലംബകുലാളകസംശോഭിതമാ-
യത്യന്തം ഹംസീനാദമധുരമായിപ്പിന്നെ.
നിത്യവും കാമോത്സുകമായതിപ്രസന്നമായ്
വർത്തിച്ചീടിനനിജകളത്രമെന്നപോലെ.
തത്ര കണ്ടിതു ഭൂപൻ നല്ലോരു സരോവര-
മെത്രയും കൌതുഹലം പൂണ്ടു നില്ക്കുന്നനേരം.
ചിത്തജകാന്തയായ രതിതാനന്യയായ
മൂർത്തിയെ പ്രാപിച്ചപോലത്യന്തം സുന്ദരിയായ്.
എത്രയും കൃശോദരിയായ്നിജസഖീജന
യുക്തയായ്ചടുലായതാക്ഷിയായ്മനോജ്ഞയായ്.
താരുണ്യപൂർണ്ണിതാപാംഗാസ്ത്രജാലങ്ങളെ
പ്പാരംവർഷിണിയായിഹാരാഢ്യവക്ഷോജയായ്.
തത്തീരദേശേ മന്ദവായുശീതളതരെ
നിസ്തുല്യനന്ദനത്തോടും കേളീലോലുപയായി.
താരാനായകതുല്യവദനാംബുജയായ
നാരീരത്നത്തെക്കണ്ടാനന്നേരം നരവീരൻ.
വാരിജാക്ഷിമാർ ദൃഗ്ദർശനമാത്രത്താലെ
പൂരുഷന്മാരെപ്പാരം മോഹിപ്പിക്കുന്നുവല്ലൊ.
അങ്ങിനെയുള്ള നാരീമണിയെക്കണ്ടു ഭൂപ
പുംഗവൻതാനും ചിന്തയന ചോദിച്ചാനേവം:

നല്ലാരിൽമണേശരച്ചന്ദ്രസങ്കാശാനനേ
കല്യാണിഭവതിയാരാകുന്നുമനോഹരേ.
മല്ലാക്ഷികിന്നരിയൊദേവിയോപന്നഗിയൊ
നല്ലൊരുവനശ്രീയൊഗന്ധൎവ്വനാരിതാനോ.
ചൊല്ലുകമടിയാതെകേൾപ്പാൻഞാനൎഹനെങ്കി-
ലുല്ലാസംവളരുന്നുചഞ്ചലതരാപാംഗി.
ഇത്തരംസുപൎവ്വാവിൻവാക്കുകൾകേട്ടനേരം
മുത്തണിമുലയാളീവണ്ണമുരചെയ്താൾ.
പ്രത്യൎത്ഥികുലവനദഹനൻമഹാധീരൻ
കീൎത്തിമാൻവിശാലനെന്നാഖ്യനാംനൃപൻതന്റെ.
പുത്രിഞാൻചന്ദ്രികയെന്നാകുന്നുമമനാമ-
മിത്രത്തോളവുംപരിണീതയല്ലറിഞ്ഞാലും.
നിസ്തുലഗുണഗണയുക്തനാംഭവാനാരെ-
ന്നത്രചൊല്ലീടാമെന്നാൽകേൾപ്പാനാഗ്രഹിക്കുന്നു.
ഉത്തമനായഭവാനേതുമേമടിയാതെ
സത്വരംമമപാണിഗ്രഹണംചെയ്തുകൊൾക.
മത്തകാശിനീമണിതന്നുടെവാക്കുകേട്ടു
പൃത്ഥീശൻതാനുംപുനരവളോടേവംചൊന്നാൻ.
പാൎത്ഥിവനായസുപൎവ്വാവുഞാൻനായാട്ടിനാ-
യത്രവന്നിതുവനംതന്നിലെന്നറികെടൊ.
ഉത്തമെനീയിന്നന്യപരിണീതയല്ലെന്ന-
തത്രഞാനറിയുന്നിതെന്നാലുമിതുകേൾനീ.
നിന്നുടെതാതൻവിശാലാവനീശ്വരൻനിന്നെ-
ത്തന്നാകിൽവഴിപോലെസ്വീകരിച്ചീടാമല്ലൊ.
അന്യഥാചെയ്വതുംയോഗ്യമല്ലെടൊബാലെ
കന്യാദാനത്തിലധികാരവുംതാതന്നെല്ലാം.
എന്നതുകൊണ്ടുവിശാലാഖ്യഭൂപാലൻനിന്നെ-
സ്സുന്ദരീമണേമമനൽകട്ടേധൎമ്മത്തോടും.
മന്നവൻതന്റെഗിരമീവണ്ണംകേട്ടനേരം
കന്നൽനേർമിഴിതാനുംനൃപനോടേവംചൊന്നാൾ.
എന്നുടെതാതൻഭവാനെനിക്കുധൎമ്മത്തോടു-
മെന്നെനൽകീടുകെന്നതുണ്ടാകയില്ലനൂനം.
മുന്നമെചെയ്തസത്യംവെടികയില്ലാതാത-
നെന്നുമേക്ഷത്രധൎമ്മനിശ്ചലചിത്തനല്ലൊ.

കാന്താരവിന്ദാനനത്രാതന്നുടെവാക്കുകേട്ടു
സന്താപമോടന്നുഭൂപവീരനുംചോദിച്ചിതു.
എന്തെടൊപിശാചരാജൻതന്റെസത്യമത്രെ-
മെന്തിനായ്ക്കൊണ്ടിതേവംചെയ്യുന്നതുമെല്ലാം.
മന്ദഗാമിനീമണെചൊല്ലീടുകിക്കാൎയ്യത്തി-
ലന്തരമെന്ന്യെതാനെചൊല്ലുവൻഞാനാകുംവണ്ണം.
ഭൂവരൻതന്റെവാക്യമീവണ്ണംകേട്ടനേരം
ഭാമമാരണനാരീമണിയുമുരചെയ്താൾ.
പാൎവ്വതീപതിയായവിശ്വനായകൻതനി-
ക്കാവാസമായിട്ടുണ്ടുകാശിയെന്നൊരുപുരീ.
കേവലംമോക്ഷഫലപ്രാപ്തിസാധനമത്രെ
ദേവന്മാരാലുമേറ്റംദുൎല്ലഭയറികെടൊ.
അവിടെക്കുണ്ഡധരനെന്നൊരുരാജാവുണ്ട-
ണ്ടവനേറ്റവുംശ്രീമാൻധൎമ്മാത്മാമഹാബലൻ.
അവനീശനാംകുണ്ഡധരനുംമമതാത-
സവിധംപൂക്കയാചിച്ചീടിനാനൊരുദിനം.
ധരണീപതികുലരത്നമേവിശാലമെ
തരികതവപുത്രിയാകിയചന്ദ്രികയെ.
ഗിരമിങ്ങിനെകേട്ടനേരത്തുമമതാതൻ
തരസാകുണ്ഡധരൻതന്നോടുചൊല്ലീടിനാൻ.
തരികയില്ലാമമപുത്രിയെബ്ഭവാനുഞാൻ
തൎഹിഗമിച്ചാലുംനൃപതേകുണ്ഡധര.
മമതാതന്റെവാക്യമിങ്ങിനെകേട്ടുപാരം
മമതയോടുമൎത്ഥിച്ചീടിനാൻപുനരപി.
ബഹുധാപ്രാൎത്ഥിച്ചൊരുഭൂപതിക്കയ്യിക്കൊണ്ടു
മഹിതനാമതാതൻകൊടുത്തീലെന്നെതദാ.
സഹിതംസാധിയാഞ്ഞുകുണ്ഠിതനായ്നിജ-
ഗൃഹമുൾപ്പുക്കുകുണ്ഡധരനുംവാണശേഷം.
നരവീരനാംമമജനകൻതന്നെക്കണ്ടു
പറവാൻപലപലദുൎവ്വചസ്സുകളെയും
ഉരചെയ്യിച്ചിതുസ്വപുരോഹിതൻതന്നെ
ത്തരസാപുരോഹിതൻതാതനെക്കണ്ടുചൊന്നാൻ.
ധരണീപതെകുണ്ഡധരനാംനൃപൻനിന്നോ-
ടുരചെയ്യുവാൻചൊന്നവാക്കുകൾകേട്ടുകൊൾക.

റിന്നുടെകന്യകയാംചന്ദ്രികാതന്നെഞാനും
നിന്നോടുബഹുതരംവഴിപോലൎത്ഥിച്ചിട്ടും.
തന്നതില്ലതിക്ഷുദ്രനാകിയഭവാനെന്നാ-
ലിന്നുഞാൻഭൃത്യാമാത്യബന്ധുകളോടുംനിന്നെ.
കൊന്നുടൻതവപുത്രിയാകിയചന്ദ്രികയെ
മന്ദമെന്നിയേകൊണ്ടുപോരുവനെന്നുനൂനം.
എന്നവംപുരോഹിതൻതന്നുടെവാക്കുകേട്ടു
മന്നവനായമമതാതനുമരുൾചെയ്തു.
ഉന്നതപാപശീലനാകിയകുണ്ഡധരൻ
തന്നോടുപറകെടോവിപ്രപുംഗവഭവാൻ.
ദുൎന്നയവാരിരാശിയാകിയനിനക്കുഞാ-
നെന്നുടെപുത്രിതന്നെനൽകുകയില്ലനൂനം.
അന്യനാമൊരുവരൻതന്നെസ്സിദ്ധിച്ചീലെന്നാ-
ലിന്നുമൽപുത്രീപരിണീതയല്ലാതെതന്നെ.
സന്നിധൌചിരംവസിക്കട്ടെഞാനൊരുവന
നന്ദിനീതന്നെക്കൊടുക്കേണമെന്നിരിക്കിലൊ.
ഒന്നുഞാൻനിന്നെസ്സമരാങ്കണെഭൃത്യാമാത്യ-
രൊന്നിച്ചുവധിച്ചുടൻകാശിയിൽവെച്ചുതന്നെ.
ചന്ദ്രികാതന്നെദ്ദാനംചെയ്യുന്നതുണ്ടുനൂന-
മെന്നുടെവാക്യമെന്നുമസത്യമായ്വന്നീടാ.
എന്നിവണ്ണമെചൊല്ലിയയച്ചാൻപുരോഹിതൻ
തന്നെയുമെൻതാതനെന്നറിഞ്ഞാലുംഭവാൻ.
മന്നവന്മാരായിട്ടുമിവൎക്കുവൈരംതമ്മിൽ
വന്നതിനുള്ളഹേതുവേവമെന്നറിഞ്ഞാലും.
ഉന്നതമായസൈന്യംതന്നുടെസമത്വത്താ-
ലെന്നുമെരണ്ടുപേൎക്കുംതോൽവിയുമില്ലയേതും.
സമരംഘോരമായിട്ടെപ്പൊഴുതുണ്ടാകുന്നു
സമഭാവമായ്ത്തന്നെകാണുന്നിതെപ്പൊഴെല്ലാം.
അമരിൽജയാജയമവൎക്കുസിദ്ധിയാതെ
ശമവുംപൂണ്ടുവാണീടുന്നിതങ്ങിരുവരും.
എന്നതുകൊണ്ടുപറയുന്നുഞാൻനരപതെ
തന്നീടുകില്ലാഭവാൻതനിക്കിന്നെന്നെത്താതൻ.
എന്നെനീപരിഗ്രഹിച്ചീടേണംവിശേഷിച്ചും
കന്യകാമാൎക്കുള്ളാധിയറിയുമല്ലൊഭവാൻ.

സുന്ദരീരത്നമേവമെല്ലാമെ പറഞ്ഞിട്ടും
മന്നവൻതന്റെ വാക്യത്തെയേതുമെ കൈക്കൊണ്ടീലാ.
പിന്നെയുമാവരനവളെസ്സാമോക്തിയാൽ
നന്നായാശ്വസിപ്പിച്ചു ചൊല്ലിനാൻ നയത്തോടെ.
തന്വിമാർമൌലേ ബാലശീതാംശുഫാലേ ബാലേ
ഖിന്നതവേണ്ടാ ലേശവും മനക്കാമ്പിൽ.
എന്നോടുകൂടിപ്പോന്നു കൊണ്ടാലും തവ താതൻ
തന്നുടെ സവിധത്തിലേത്തുമേ മടിയാതെ.
ധന്യനാം വിശാലനെക്കണ്ടുടൻ വേണ്ടപോലെ
യിന്നു ഞാനാചരിച്ചുകൊള്ളുവൻ മനോഹരേ.
എന്നുരചെയ്തു ഭൂപൻ ചന്ദ്രികയോടുംകൂടി-
ച്ചെന്നു കണ്ടിതു വിശാലാഖ്യനാം നരേന്ദ്രനെ.
തന്നുടെ രാജധാനി തന്നിലാഗതനായ
ചന്ദ്രവംശേശനായ സുപർവ്വാവിനെക്കണ്ടു.
വന്നോരു മോദത്തോടും പൂജിച്ചു വിധിപോലെ
യുന്നതസിംഹാസനം തന്നിലങ്ങിരുത്തിനാൻ.
പിന്നെയസ്സുപർവ്വാവാം ഭൂപതിവീരനോടു
നന്ദിപൂണ്ടുരചെയ്താനന്നരം വിശാലനും.
ചന്ദ്രവംശാലങ്കാരഭൂതനാകിയ ഭവാൻ
തന്നാൽ ഞാൻ സനാഥനായ്വന്നിതിന്നറിഞ്ഞാലും.
എന്തു നിന്നിപ്പോളിവിടെക്കു വന്നതും പിന്നെ
സ്സംഗതിയെന്തെന്നതുമരുളിച്ചെയ്തീടേണം.
ഇങ്ങിനെ വിശാലരാജൻ തന്റെ വാക്കുകൾ കേട്ടു
തിങ്ങിന മുദാ പറഞ്ഞീടിനാൻ സുപർവ്വാവും.
ഞാനൊരു ദിനം നായാട്ടിങ്കലുള്ളൊരു മോഹാൽ
കാനനദേശത്തിങ്കൽ സഞ്ചരിച്ചീടുന്നേരം.
മാനസതുല്യമായീടുന്നോരു സരോവര-
സ്ഥാനത്തു വെച്ചു ഭവൽപുത്രിയെക്കണ്ടീടിനാൻ.
മാനസന്തന്നിലേറ്റം കൌതുകം മുഴുക്കയാൽ
മാനിനീരത്നമായി വിളങ്ങും ചന്ദ്രികയെ.
മാനനീയനാം ഭവാൻ തന്നോടു യാചിപ്പാനായ്
ഞാനിഹ വന്നീടിനേനിപ്പോളെന്നറിയുക.
മേദിനീപതേ പുത്രീതന്നെ നീ വിധിപോലെ
മോദമോടിനിക്കു നൽകീടുക മടിയാതെ.

സാദരംസുപൎവ്വാവിൻവാക്യങ്ങളേവംകേട്ടു
നീതിമാൻവിശാലനുമീവണ്ണമുരചെയ്താൻ.
ഭൂതധാത്രിയിൽഭവാൻതനിക്കുതുല്യനായി-
ട്ടേതൊരുനൃപൻതാനുമില്ലതുകൊണ്ടുഞാനും.
പ്രീതിസംയുതംഭവാൻതനിക്കുകൊണ്ടുതന്ന
കാതരാക്ഷിയാംമമപുത്രിയെനൽകീടുവൻ.
ധൂൎത്തനായിടുംകണ്ഡധരനെഭൃത്യമിത്രാ-
മാത്യസംയുതംസമരാങ്കണംതന്നിൽവെച്ചു.
മിത്രപുത്രാലയത്തിന്നയച്ചശേഷംമമ-
പുത്രിയെവാരാണസീപുരിയിൽവെച്ചുപിന്നെ.
ബന്ധുസമ്മോദംവൎദ്ധിപ്പിച്ചീടുവനെന്നുമുന്നേ
സത്യംചെയ്തിരിക്കുന്നുഞാനെന്നുധരിച്ചാലും.
ശക്തിമാനാകുംഭവാന്തന്നുടെസഹായത്താൽ
ദുഷ്ടനായകണ്ഡധരനെക്കൊന്നിട്ടുടൻ.
ഉത്തമനായഭവാൻതനിക്കുപുത്രിതന്നെ
ച്ചിത്തസന്തോഷത്തോടെനൽകീടാമെന്നൂനം;
ഭൂമീശനായവിശാലൻതന്റെവാക്കുകേട്ടു
ധീമാനാംസുപൎവ്വാവുമീവണ്ണമുരചെയ്താൻ.
സോമനേർമുഖിയായചന്ദ്രികാതന്നെയിപ്പോൾ
സാമോദംനൽകീടുകനമുക്കുമഹീപതേ.
പിന്നെഞാനരക്ഷണംകൊണ്ടുടൻകണ്ഡധരൻ
തന്നെനിഗ്രഹിച്ചീടാമില്ലസംശയമേതും.
മന്നവനായസുപൎവ്വാവുതൻവാക്കുകേട്ടു
പിന്നെയുംവിശാലഭൂപാലകനുരചെയ്താൻ.
കന്യകാദാനംചെയ്തീടേണമെങ്കിലോകാശി
തന്നിൽവെച്ചല്ലാതെഞാൻചെയ്കയില്ലൊരിക്കലും.
മന്ദമെന്നിയെതത്രഗമിക്കഭവാൻമമ
ചന്ദ്രികാതന്നെവേട്ടുകൊള്ളുകവൈകീടാതെ.
മേദിനീശനാംവിശാലൻപറഞ്ഞതുകേട്ടു
മോദനസുപൎവ്വാവുമീവണ്ണംചോദ്യംചെയ്താൻ.
ഭൂതലെവാരാണസിയാകിയപുരിക്കെന്താ-
രാധിക്യംകാണുന്നുനീചൊല്ലുകവഴിപോലെ.
ഹേതുവെന്തവിടെവെച്ചാത്മജാദാനംചെയ്വാൻ
ചേതസാകല്പിതമെന്നതുമുരചെയ്ക.

ജാതകൌതുകാസുപൎവ്വാവുതൻവാക്യംകേട്ടു
പ്രീതനാംവിശാലനമീവണ്ണംചൊല്ലീടിനാൻ.
വേദങ്ങൾപോലുംകാശിസാമൎത്ഥ്യംചൊല്ലീടുവാ-
നേതുമേസമൎത്ഥങ്ങളാകയില്ലറികെടൊ.
ധൎമ്മിഷ്ഠന്മാരാമവരവിടെച്ചെയ്യുന്നതു
നിൎമ്മായമനന്തമാംഫലദമായ്വന്നീടും.
ക്ഷുൽകൃശനെന്നാകിലുംനീചനെന്നിരിക്കിലു-
മക്കാശീപുരംതന്നിൽവസിച്ചീടുന്നവുമാൻ.
മുക്തിയാംകന്യാവരിച്ചീടുകനിമിത്തമാ-
യത്രയുംപവിത്രനായ്ശ്രേഷ്ഠനായ്ഭവിച്ചീടും.
അന്യദിക്കികൽവസിക്കുന്നവൻസധൎമ്മിഷ്ഠ-
നെന്നല്ലാസാൎവ്വഭൌമൻതന്നേയെന്നിരിക്കിലും.
മന്നിതിൽഗൎഭവാസയോഗ്യനാകയാലവ-
നെന്നുമെശ്രേഷ്ഠനായിബ്ഭവിക്കയില്ലാനൂനം.
മൂഢരിസ്സംസാരമായീടുന്നസമുദ്രത്തി-
ന്നൂറാമായീടുംതരംഗാവലീസംഗതികൾ.
ഏറാവുംഭീതന്മാരായ്ശാസ്ത്രചിന്തകന്മാരാം
കുറാമറകളുമിനാശപരന്മാർസഹാദരം.
ചെറാനേരവുമവിമുക്തത്തെമോചിക്കുന്നി-
ല്ലാറമില്ലവിമുക്തമാഹാത്മ്യമുരചെയ്വാൻ.
യാതൊരുമൎത്ത്യൻനിജദേഹനാശത്തോളവും
വൃതമാമവിമുക്തംതന്നിൽവാഴുന്നിതെന്നാൽ.
മോദമോടവൻജീവിച്ചിരിക്കുമ്പോഴുംമൂന്ന്യ-
യാതനെന്നാലുംവിശ്വനാഥൻതാൻരക്ഷിച്ചീടും.
ഗൃഹസ്ഥനെന്നാകിലുമൊരുവൻകാശീവാസ-
മോരാതെചെയ്വാനുള്ളിലാഗ്രഹിക്കുന്നുവെങ്കിൽ.
സാരനാമവൻധൎമ്മനിഷ്ഠനാംദ്വിജേന്ദ്രനു
നേരോടെധനധാന്യവസ്ത്രഭോജ്യാദികളെ.
ചാരംശ്രദ്ധയാദാനംചെയ്തിമോദത്തോടും
പാരാതെസേവിച്ചീടിലനന്തംഫലമുണ്ടാം.
യാതൊരുമൎത്ത്യൻവാരാണസിയാംപുരിതന്നിൽ
വീതരാഗദ്വേഷനാംബ്രാഹ്മണശ്രേഷ്ഠൻതന്നെ.
സാദരംവസിപ്പിക്കുന്നാകിലുമവൻതന്റെ
മേദുരമായദുഷ്ടസംസാരബന്ധംതന്നെ.

ഭൂതനായകൻപരിച്ഛേദിക്കമായതുകൊ-
ണ്ടതാൻപ്രകാരവുംദൂരസ്ഥനെന്നാകിലും.
പൂതനാമവൻഭൂസുരേന്ദ്രനെക്കാശിതന്നിൽ
സാദരംവസിപ്പിച്ചുകൊള്ളേണംമോക്ഷാൎത്ഥമായ്.
മണികൎണ്ണികാതന്നിൽമജ്ജനംചെയ്യൊരിക്കൽ
ഫണിഭൂഷനാംവിശ്വനാഥനെദ്ദൎശിക്കിലോ.
ഋണവാന്മാരാമവൎക്കില്ലെല്ലാംഗൎഭവാസ-
മണ്ണുമനേരവുംപിന്നെയെന്നോൎക്കനേരവതെ.
ഉത്തരദിഗ്വാഹിനീപാവനീമന്ദാകിനീ
മുക്തിദാതീൎത്ഥകോടിശതസംയുതാപുണ്യം.
അത്യൎത്ഥമവ്യാകൃതജലസംയുതാദേവീ
നിസ്തുല്യാദ്ഭുതൌഘനാശിനീജഹ്നുസുതാ.
പുഗന്നാംജാതിപുഷ്പജാതശോഭയെസ്സദാ
മൃത്യുനാശനമഹാക്ഷേത്രത്തിന്നുളവാക്കി.
വൎത്തിച്ചീടുന്നുവാരാണസിയാംപുരിതന്നിൽ
നിത്യവുമെന്നുധരിച്ചീടുകനൃപോത്തമ.
സൎവ്വനിൎജ്ജരന്മാരുംസൎവ്വഗന്ധൎവ്വന്മാരും
സൎവ്വദാസൎവ്വകൎമ്മസമൃദ്ധിസിദ്ധിപ്പാനായ്.
ശൎവ്വാണീകാന്തനായവിശ്വനായകൻതന്നെ
നിൎവ്വാദംവിധിപോലെസേവിച്ചീടുന്നുവല്ലൊ.
ശ്വേതകിയെന്നുപേരാംഭൂപാലേശ്വരൻമുന്നം
ചേതസിഭക്തിയോടുമായിരംസംവത്സരം.
ഭൂതേശനായവിശ്വനാഥനെസ്സേവചെയ്തു
മോദിപ്പിച്ചിതുയാഗസിദ്ധിക്കായനന്തരം.
നീലലോഹിതൻനൃപവീരനാംശ്വേതകിയെ-
ക്കൈലാസാചലസ്ഥാനേവസിപ്പിച്ചിതുപിന്നെ.
കാലാരിതന്നെക്കുറിച്ചവിടെനൂറുവൎഷം
ചാലവെതപസ്സുചെയ്തീടിനാൻശ്വേതകിയും.
ഭൂതധാത്രീശൻതന്റെതപസാസന്തുഷ്ടനാം
ഭൂതിഭൂഷണൻദുൎവ്വാസാവിനെനിയോഗിച്ചാൻ.
ശ്വേതകിതന്റെയജ്ഞസിദ്ധിക്കായമ്മുനീന്ദ്രൻ
പ്രീതിയോടദ്ധ്വരത്തെച്ചെയ്യിച്ചാൻവിധിപോലെ.
മന്നിതിലേവംഭൂതയാകിയവാരാണസീ
തന്നെച്ചൊല്ലുന്നുസിദ്ധിക്ഷേത്രമെന്നതുംപിന്നെ.

മന്നവതപഃക്ഷേത്രംമുക്തിക്ഷേത്രമെന്നേവം
മൂന്നുനാമങ്ങളുരചെയ്യുന്നുമഹാജനം.
എന്നതുമൂലംഭവാനാസ്ഥയോടുചന്ദ്രികയ്ക്കു-
ഭൎത്തന്നീടവേണമെങ്കിലവിടെവെച്ചല്ലാതെ.
ഇന്നുഞാൻമറിച്ചൊന്നുചെയ്തീടുകയില്ലാനൂന-
മെന്നുടെപുത്രിയായിവിളങ്ങുംചന്ദ്രികയിൽ.
മന്നവകൌതൂഹലമുണ്ടെന്നങ്ങിരിക്കിലൊ
ധന്യനാംഭവാൻവാരാണസിയിൽചെന്നുവേഗം.
ദുൎമ്മനായകുണ്ഡധരനെന്നുള്ളവലാലിന്നു
സൈന്യസംയുതംവധിച്ചീടുകവൈകീടാതെ.
ഇത്തരംവിശാലവാക്യംകേട്ടുസുപൎവ്വാവു-
മുത്തരമുരചെയ്താനെങ്കിലോവൈകീടാതെ.
ധൂൎത്തനാംകുണ്ഡധരൻതന്നെഞാൻവധിച്ചീടാം
ചിത്തസംശയംവേണ്ടാകണ്ടാലുംനരപതെ.
ശക്തനാംസുപൎവ്വാവുമീവണ്ണമുരചെയ്തു
സത്വരംപ്രതിജ്ഞയുംചെയ്താനെന്നതേവേണ്ടു.
പിന്നെയസ്സുപൎവ്വാവാംനൃപൻദൂതന്മാരെ-
ത്തന്നുടെരാജ്യത്തിനായയച്ചാനതുനേരം.
ചെന്നുടൻദൂതന്മാരുംസുപൎവ്വരാജൻതന്റെ [ൻ.
സൈന്യനാഥനാംപ്രിയാശ്വൻതന്നെക്കണ്ടുചൊന്നാ
മന്നവനായസുപൎവ്വാവുതൻനിയോഗത്തെ-
സ്സൈന്യപാലകകേട്ടുകൊള്ളുകവഴിപോലെ.
മന്ദമെന്നിയെകുണ്ഡധരനായിട്ടുംനൃപൻ
തന്നോടുയുദ്ധത്തിനായ്ഗമിച്ചീടേണമിപ്പോൾ.
എന്നതുകൊണ്ടുഭവാൻസൎവ്വസൈന്യങ്ങളോടും
വന്നീടവേണംവിശാലൻതന്റെപുരംതന്നിൽ.
എന്നേവമുള്ളസുപൎവ്വാവുതൻനിയോഗത്തെ-
യൊന്നൊഴിയാതെയറിയിച്ചിതെന്നറിഞ്ഞാലും.
തന്നുടെസ്വാമിയാകുംസുപൎവ്വാവിന്റെവാക്യാ
സൈന്യനായകൻതാനുംകേട്ടുടനതിദ്രുതം.
പിന്നെത്തൻഭടന്മാരെയയച്ചുസൈന്യമെല്ലാം
തന്നുടെസമീപത്തുവരുത്തിയതുനേരം.
ഉന്നതഗജരഥാശ്വാദികളോടുംപുന-
രൊന്നിച്ചുദ്വാദശാക്ഷൌഹിണിസൈന്യങ്ങളോടും.

സന്തോഷമോദന വിശാലൻ തന്റെ നഗരത്തെ-
ച്ചുറ്റുമേന്നിത്തു സൈന്യം ധനാം പ്രിയാശനനും
മന്നിടമെങ്ങും പരന്നണ്ണു വം പോലെവരും
സൈന്യമൊക്കെയും കണ്ടു നേരത്തു സുപർവ്വാവും.
നന്ദിപൂണ്ടെത്തിച്ചയ്ത്തീടിനാൻ വിശാലനോ-
ടിന്നിനിക്കാലം വൃഥാ കളഞ്ഞീടരുതെന്നും.
ഭൂമീന്ദ്രനായ സുപർവ്വാവു തൻ ഗിരം കേട്ടു
സാമോദം വിശാലനും തന്നുടെ സൈന്യങ്ങളെ.
താമസമെന്യേ വരുത്തീടിനാൻ സേനയോടും
ധീമാനാം സുപർവ്വാവിനായിക്കൊണ്ടു ദാനം ചെയ്വാൻ.
സോമനേർമുഖിമാരായ ചന്ദ്രികയോടും കൂടി
ശ്രീമാനാം വിശാലനും സത്വരം പുറപ്പെട്ടാൻ.
സീമയില്ലാതെയുള്ള വാഹിനീസംഘത്തോടും
കാമിനീരത്നമായ ചന്ദ്രികയോടും ചേർന്നു.
ഭീമമാം ചാപശരാദ്യായുധജാലത്തോടും
ഭൂമിനായകൻ വിശാലൻ താനും സുപർവ്വാവും.
കാമനാശനനാം വിശ്വനായകൻ തന്റെ
ധാമമാം കാശിരാജ്യേ പുക്കിതു ഘോഷത്തോടും.
വിഷ്ടപാന്തങ്ങളമാറെല്ലാരും മഹാഘോഷം
കേട്ടിടൻ കണ്ഠധരനാകിയ യദുഃപന്നനും.
പെട്ടെന്നു ചെന്നു നോക്കും നേരത്തു രിപുസൈന്യം
കോട്ടതൻ ചുറ്റും നിറഞ്ഞങ്ങു നില്പതും കണ്ടാൻ.
ദുഷ്ടരോഷേണ സ്വല്പസൈന്യത്തെ നാലും പ്രപ-
ടൊട്ടുമേ മടിയാതെ യുദ്ധത്തിന്നൊരുമ്പെട്ടാൻ.
പിന്നെയസ്സുപർവ്വാവാം നൃപനും കണ്ഠധര-
മന്നവൻ തന്നെ വധിച്ചീടുവാനതിബലം.
സന്നദ്ധനായി തന്റെ സൈന്യത്താൽ കണ്ഠധരൻ
തന്നുടെ പുരം നിരോധിച്ചിതു നാലുപാടും.
ഇങ്ങിനെ കണ്ഠധരൻ താനുമസ്സുപർവ്വാവും
തിങ്ങിന വൈരാൽ നിജ സൈന്യങ്ങളുറപ്പിച്ചു.
സംഗരം ഘോരമായിത്തുടങ്ങും നേരം ദേവ-
സംഘത്തോടൊരുമിച്ചു ദേവനായകൻ താനും.
വ്യോമയാനത്തിലേറി തന്നുടെ ഗുരുവോടും
വ്യോമദേശത്തു വന്നു നിന്നിതു യുദ്ധം കാണ്മാൻ.

ഗന്ധൎവ്വയക്ഷകിന്നരാപ്സരോഗണങ്ങളും
ബന്ധുരഗാത്രിമാരാംസൎവ്വേശ്യാജനങ്ങളും.
അന്തരിക്ഷാന്തേഘോരസംഗരംകണ്ടുകൊണ്ടവാ-
നന്തമോദേനവന്നുനിറഞ്ഞോരനന്തരം.
ഇന്ദ്രനുംബൃഹസ്പതിയാകിയഗുരുതന്നെ
വന്ദിച്ചുകാശീവൃത്തമറിവാൻചോദ്യംചെയ്താൻ.
യുദ്ധഭൂമിയിൽത്യക്തജീവന്മാരായീടുന്ന
യോദ്ധാക്കന്മാരെയെല്ലാംകൊണ്ടങ്ങുപോയീടുവാൻ.
ബദ്ധമോദേനവിമാനങ്ങളിൽവാണീടുന്നോ-
രപ്സരസ്സുകളുടെസംഘത്തെക്കണ്ടീലയോ.
ശുദ്ധമാനസഗുരോഭഗവൻവാചസ്പതേ
സിദ്ധിയെന്തിവൎക്കെന്നതരുളിച്ചെയ്യേണമേ.
വൃത്രനാശനൻതന്റെവാക്യമിങ്ങിനെകേട്ടു
ചിത്തമോദേനബൃഹസ്പതിയുമരുൾചെയ്തു.
ചിത്തജസന്ദീപനസാധനങ്ങളായ്മുനി-
സത്തമചിത്തസമ്മോഹനകാരണങ്ങളാം.
മുത്തണിമുലമാരായീടുന്നോരിവരുടെ
മുഗ്ദ്ധനേത്രാന്തതരംഗങ്ങളിക്കാശീപുരെ.
മൃത്യുനാശനനായവിശ്വനായകൻശിവൻ
തത്വാനുഭവമുപദേശിക്കനിമിത്തമായ്.
ശസ്ത്രസന്ത്യക്തപാപന്മാരായിമരിക്കുന്ന
യോദ്ധാക്കന്മാരിൽവൃഥാഫലങ്ങളായവത്രെ.
സുന്ദരിമാരായീടുമപ്സരസ്ത്രീകളുടെ
മിന്നുന്നവിമാനങ്ങളൊക്കെയുംയോദ്ധാക്കളാൽ.
ശൂന്യങ്ങളായിത്തന്നെഭവിക്കുംയഥാഗത-
മിന്നുപോകേണമിവരില്ലസംശയമേതും.
പാൎവ്വതീകാന്താവാസമായീടുമിക്കാശിയിൽ
സൎവ്വഥാമൃതന്മാരായീടുകിലവരെല്ലാം.
നിൎവ്വാണലക്ഷ്മീപരിസേവിതന്മാരാകയാൽ
സൎവ്വദാഭോഗാകുലമാനസമാരായീടും.
ഗീൎവ്വാണനാരിമാരാമിവൎക്കങ്ങിനെപിന്നെ-
കേവലമവരുടെസംഗമംസിദ്ധിപ്പതും.
ബ്രഹ്മാദികീടാന്തമായുള്ളോരുശരീരിക-
ളിമ്മഹാക്ഷേത്രെവെച്ചുമൃത്യുവെപ്രാപിച്ചാകിൽ.

വെണ്മതികലാചൂഡൻതാനവരുടെകർണ്ണേ
നിർമ്മായംതാരകാഖ്യമക്ഷരംജപിച്ചീടും.
പിന്നെയങ്ങവർക്കൊരുസംസാരദുഃഖമെന്നും
വന്നുകൂടുകയില്ലെന്നറികശതക്രതൊ.
അന്യദിക്കിങ്കൽവെച്ചുമൃതന്മാരായോർക്കിഹ
നന്നായിശ്രാദ്ധകർമ്മാചരിക്കുന്നാകിലൊ.
പിന്നെയങ്ങുമഹീശസ്ഥാനമാംകൈലാസാദ്രി
തന്നിലമ്പോടുജനിച്ചീടുമെന്നറികെടൊ.
പന്നഗാഭരണനാംഭഗവാൻമഹാദേവൻ
തന്നുടെദേവിയായപാർവ്വതിയോടുംകൂടി.
അന്ത്യനാംജന്തുക്കൾക്കുമുക്തിയെക്കൊടുപ്പാനായ്
വന്നിഹവാരാണസീക്ഷേത്രത്തിൽവാണീടുന്നു.
അത്രസംഗരമദ്ധ്യയാതൊരുയോദ്ധാക്കന്മാ-
രസ്ത്രസംപാതത്താലെജീവനെവിടുന്നവോ.
മുക്തിഗന്മാരാമവരപ്സരസ്സുകളുടെ
നേത്രഗോചരന്മാരായ്ഭവിക്കയില്ലയല്ലൊ.
വിസ്തരിച്ചുവംപറയുന്നതെന്തിന്നുഞാനു-
മത്യന്തംസംക്ഷേപിച്ചുചൊല്ലുവൻദേവപതെ.
മൃത്യുനാശനക്ഷേത്രെമൃതന്മാരായോരെല്ലാം
സച്ചിദാനന്ദബ്രഹ്മഭാവത്തെപ്രാപിക്കയാൽ.
അച്യുതാഗ്രജനായനിന്നുടെനേത്രങ്ങൾക്കും
നിശ്ചയംഗോചരന്മാരാകയില്ലവർനൂനം.
ജീവനാംഗുരുതന്റെഭാഷിതമേവംകേട്ടു
ദേവേന്ദ്രൻതാനുമാശ്ചര്യാനന്ദസമേതനായ്.
ദേവസുന്ദരീസംഘാതന്നുടെപ്രയത്നവും
കേവലംവൃഥാഫലമെന്നതുമോർത്തീടിനാൻ.
വീരനായീടുംസുപർവ്വാധിപനോടനന്തരം
നേരിട്ടാൻകുണ്ഡധരൻസേനയോടുപേതനായ്.
പാരിടമെല്ലാമിളകീടുമാറവർതമ്മിൽ
പോരതിഭയങ്കരമാംവണ്ണംചെയ്തീടിനാർ.
വാരണരഥതുരഗാദിപത്തികൾതമ്മിൽ
ഘോരമാംവണ്ണംയുദ്ധംതുടങ്ങിയതുനേരം.
പാരെല്ലാമേറ്റംപൊടികൊണ്ടഹോമറയുന്നു
വാരിധിജലമെല്ലാമിളകിമറിയുന്നു.

സൂൎയ്യദേവനംമേഘംതന്നുള്ളിൽമറയുന്നു
വീരന്മാരായുള്ളവർധൈൎയ്യേണനിന്നീടുന്നു.
ഭീരുക്കളായുള്ളവർപേടിച്ചുമണ്ടീടുന്നു
പോരതിൽമരിപ്പവർകൈവല്യംപ്രാപിക്കുന്നു.
നാരദൻവീണാഗാനംചെയ്യാരസിക്കുന്നു
ഘോരകളേബരൌഘൊനദിപോലെയങ്ങൊലിക്കുന്നു.
വാരണാശ്വങ്ങൾകൈകാലററുവീണീടുന്നു
തേരുകൾപൊടിഞ്ഞവനീതലെപതിക്കുന്നു.
മന്നവനായകണ്ഠധരനുംസുപൎവ്വാവു-
മന്യോന്യംഘോരമേവാസമരംചെയ്യുന്നേരം.
ഉഗ്രവീൎയ്യനായസുപൎവ്വാവിൻസൈന്യ-
മന്നേരംകണ്ഠധരൻതന്നുടെസൈന്യങ്ങളെ.
ഒന്നൊഴിയാതെകൊന്നുഭൂമിയിൽവീഴ്ത്തീടിനാർ
മന്യുവൎദ്ധിച്ചുനൃപവീരനാംസുപൎവ്വാവും.
ചെന്നുടൻകണ്ഠധരഭൂപനെപ്പിടിപെട്ടു
തന്നുടെകരവാളാലറുത്താനവൻതല.
പിന്നെയങ്ങമാത്യന്മാർതമ്മെയുംകണ്ഠധരൻ
തന്നുടെനന്ദനന്മാർതമ്മെയുംകൊന്നീടിനാൻ.
എത്രയുംശക്തനായസുപൎവ്വാതാനുമേവം
ശത്രുവൃന്ദത്തെയെല്ലാംനിഗ്രഹിച്ചോരുശേഷം.
സത്വരംകണ്ഠധരൻതന്നുടെപുരംതന്നിൽ
പൃഥ്വീപാലകനാക്കിവാഴിച്ചാൻവിശാലനെ,
സന്തുഷ്ടനായവിശാലൻതാനുമനന്തരം
തൻതനൂജയായുള്ളചന്ദ്രികാതന്നെത്തദാ.
നല്ലൊരുസുമുഹൂൎത്തകാലേകല്യാണംചെയ്തു
കല്യനാംസുപൎവ്വാവിനായ്ക്കൊണ്ടുനൽകീടിനാൻ
മല്ലനേർമിഴിയായചന്ദ്രികാതാനുംനിജ
വല്ലഭനോടുംചേൎന്നുചാരമായ്വിളങ്ങിനാൾ.
ചൊല്ലെഴുംവിശാലഭൂപൻതന്നോടനന്തരം
മുല്ലാസമോടുയാത്രപറഞ്ഞുസുപൎവ്വാവും.
വല്ലഭയോടുംനിജസൈന്യങ്ങളോടുംചേൎന്നു
തെല്ലുമേവൈകാതെതന്നഗരംപ്രവേശിച്ചാൻ.
നല്ലാരിൽമണിയായചന്ദ്രികയോടുംചേൎന്നു
സ്സല്ലീലംസുഖിച്ചുവാണീടിനാൻസുപൎവ്വാവും.

ചൊല്ലിനേനേവംകാശിമാഹാത്മ്യമത്യുത്തമം
കല്യാണപ്രദംദുരിതൌഘനാശനംപുണ്യം.
നല്ലപോലിതുപഠിച്ചീടിലുംകേട്ടീടിലു-
മല്ലലൊക്കയുംതീൎന്നുപുണ്യവുംവൎദ്ധിച്ചീടും.
ധന്യരാംമുനിവരന്മാരേനിങ്ങൾക്കുകാശി
തന്നുടെമാഹാത്മ്യത്തെക്കേൾപ്പാനാഗ്രഹമുള്ളിൽ.
ഉന്നുന്നുണ്ടെന്നാകിലന്യയാമൊരുകഥ
യിന്നിയുംചൊല്ലാംസാവധാനമാക്കേട്ടുകൊൾവിൻ.
മുന്നമുണ്ടായാൻമിഥിലാപുരജനകനെ-
ന്നുന്നതഗുണഗണസമ്പന്നനായനൃപൻ.
യാജ്ഞവൽക്യനാംമുനിതന്നുപദേശത്തിനാൽ
പ്രാജ്ഞനാംനൃപൻമോക്ഷോപായത്തെഗ്രഹിച്ചുടൻ.
ചിത്തസംശയമെല്ലാംവെടിഞ്ഞുപൂൎണ്ണാത്മാവായ്
തത്വാനുഭവപരിപൂൎണ്ണനെന്നിരിക്കിലും.
ജന്മസാസാരമറാംദുഷ്പാരമെന്നുകണ്ടു
തൻമനസ്സിങ്കലതിദുഃഖംപൂണ്ടൊരുദിനം.
മുക്തിമാൎഗ്ഗോപദേശംചെയ്വാനായ്നൃപൻമുനി
സത്തമനായയാജ്ഞവൽക്യനോടുരചെയ്താൻ.
ഏതൊരുകൎമ്മംകൊണ്ടാണഖിലജന്തുക്കൾക്കും
സാദരംമോക്ഷംഭവിച്ചീടുന്നുമഹാമുനെ.
അതിനെസ്സൎവ്വതത്വവേദിയാംഭവാനുടെ
മതിയിലറിയുന്നിതെങ്കിലോചൊല്ലീടേണം.
സംസാരനാശഹേതുഭൂതമാംയാതൊന്നിനെ
സ്സംസാരവിത്താംബ്രഹ്മനിഷ്ഠനാലുക്തമായോ.
ദുഷ്ക്രമേതുസൎവ്വതാപസന്മാൎക്കുംകൂടി-
ക്കില്ലില്ലാമനതാരിലോൎത്തുകാണുമ്പോൾപിന്നെ
ചൊല്ലീടേണമോരോഭാഗലുബ്ധന്മാരായീടുന്ന
വല്ലാത്തൊരജ്ഞന്മാരായുള്ളവരുടെകഥാ.
ജനകൻതന്റെവാക്യമീവണ്ണംകേട്ടനേരം
ഘനകൌതുകത്തോടെയാജ്ഞവൽക്യനുംചൊന്നാൻ.
നല്ലൊരുമോക്ഷമാൎഗ്ഗംകേൾപ്പാനിച്ഛിക്കയാലെ
നല്ലതുഭവിച്ചീടുംനിനക്കുമഹീപതേ.
ചൊല്ലേറീടുന്നമുനിസത്തമന്മാൎക്കുംകൂടി
ദുൎല്ലഭമല്ലൊഭവാൻചൊന്നസാധനംപിന്നെ.

തെല്ലുമേമതിയിങ്കൽവിജ്ഞാനവിവേകാദി-
യില്ലാതെയുള്ളമൂഢന്മാൎക്കെങ്ങിനെസിദ്ധിക്കുന്നു.
സാധനസമ്പത്തിയെക്കൂടാതെഭക്തിയെയി-
ല്ലൊരുത്തനുംഭവനാശമെന്നറിഞ്ഞാലും.
സാധനസമ്പത്തിയെന്തെവിടെനിന്നെങ്ങിനെ
സാധിപ്പതെന്നുകേട്ടീടേണമെങ്കിലോചൊല്ലാം.
അഗജാപതിസ്ഥാനമാകിയകാശിയെന്നു
സുഗരീയസിയായനഗരീശോഭിക്കുന്നു.
ധരണീപതേതത്രസാധനസമ്പത്തിയും
മരണംഹേതുവായിമോക്ഷവുംഭവിക്കുന്നു.
ശ്രീകാശീതന്നിലുള്ളതീൎത്ഥസ്നാനത്താൽത്തന്നെ
ഐകാന്തംമനശ്ശുദ്ധിഭവിക്കുമെന്നുനൂനം.
കൈവല്യംജന്തുക്കൾക്കുനൽകുവാനായിത്തന്നെ
ശൎവ്വാണീകാന്തനായവിശ്വനായകൻഹരൻ.
കേവലംവാരാണസീക്ഷേത്രത്തിലനുദിന-
മാവാസംചെയ്യുന്നിതെന്നറികനൃപാത്മജ.
വിശ്വനാഥാഖ്യമായദിവ്യമാംശിവലിംഗം
വിശ്വമോഹനമാകുമക്ഷേത്രേവിളങ്ങുന്നു.
ഭക്തിയോടതിന്റെദൎശനംകൊണ്ടുതന്നെ
തത്വജ്ഞാനൈകനാശകരമാംപാപമെല്ലാം.
സത്വരംനശിച്ചുപോംപുണ്യവുംവൎദ്ധിച്ചീടും
ചിത്തേസംശയമതിന്നേതുമേയുണ്ടാകൊല്ലാ.
മാനമത്സരരാഗദ്വേഷകാമക്രോധാഹങ്കാര
ഹീനരായുള്ളമഹാസന്മാരാമവർനിത്യം.
ജ്ഞാനലോചനംകൊണ്ടുവിശ്വനാഥാഖ്യലിംഗ-
മാനന്ദമോടെദൎശിച്ചീടുന്നുനരപതേ.
കോടിസൂൎയ്യേന്ദുവിദ്യുത്സന്നിഭംലോകവ്യാപ്ത-
മീടെഴുമിന്ദ്രിയങ്ങളഞ്ചിന്നുമതീതമായ്.
നിത്യമായ്നിരഞ്ജനമായ്നിരവദ്യമായൊ-
രുത്തമലിംഗംമുക്തിദാനാത്മാവിളങ്ങുന്നു.
യാതൊരുലിംഗത്തിന്റെശോഭയാലനാരത-
മാദിത്യദേവൻതാനുംചന്ദ്രനുമഗ്നിതാനും.
താരകങ്ങളുംവിദ്യുത്തുകളുംഗ്രഹങ്ങളും
പാരമാംവണ്ണംശോഭിച്ചീടുന്നുനരപതേ.

രവിചന്ദ്രാഗ്നിവിദ്യുൽഗ്രഹതാരങ്ങളുടെ
ഛവിലിംഗത്തെപ്രകാശിപ്പിപ്പാൻമതിയല്ലാ.
ഈവണ്ണമുള്ളവിശ്വനാഥാഖ്യമഹാലിംഗം
കൈവല്യപ്രദംവിളങ്ങീടുന്നുകാശിതന്നിൽ.
അങ്ങിനെയുള്ളമഹാലിംഗത്തെദ്ദൎശിപ്പോൎക്ക
മംഗലമായമോക്ഷംസിദ്ധിക്കുമസംശയം.
അവിടെബ്രഹ്മാത്മകശിവലിംഗങ്ങളോത്താ-
ലവധിയില്ലാതെയുണ്ടറികനൃപോത്തമ.
തല്ലിംഗങ്ങളുടെദൎശനാൎച്ചനാദികൾ
ഭക്ത്യാചെയ്കിലോമനശ്ശുദ്ധിയുംപ്രാപിച്ചീടും.
വിശ്വനായകൻതന്റെദക്ഷിണഭാഗത്തിങ്കൽ
ശശ്വച്ചിന്മയിയായവാപിയുമൊന്നുണ്ടല്ലോ.
തത്തോയസേവനത്താൽത്തന്നേകേവലംപര
തത്വമകതാരിലുദിക്കുമറിഞ്ഞാലും.
ഉത്തമന്മാരായുള്ളമുനികളൃഷികളു-
മദ്ധ്വരകൎമ്മപരാങ്മുഖന്മാരായിത്തന്നെ.
ചിത്തമോദേനമോക്ഷംസുലഭമെന്നതോൎത്തു
തത്രൈവനിത്യംസുഖത്തോടെവാണരുളുന്നു.
ഒട്ടൊഴിയാതെയുള്ളമുനികൾയാഗാദിയെ
വിട്ടത്രൈവസദാവാസമായോരുശേഷം.
സ്രഷ്ടാവുമദ്ധ്വരാദികൎമ്മവിച്ഛിത്തിയറി-
ഞ്ഞൊട്ടേറവിചാരംപൂണ്ടവിടെച്ചെന്നുപിന്നെ.
തുഷ്ട്യാസായുതംപത്തുവാജിമേധത്തെച്ചെയ്തു
വിഷ്ടപനാഥൻതന്നെസ്സേവിച്ചുവഴിപോലെ.
വിശ്വസൃക്കൃതങ്ങളാമശ്വമേധങ്ങളാലെ
വിശ്വനായകൻതാനുമത്യന്തംസംപ്രീതനായ്.
പുഷ്കരോത്ഭവൻതന്റെമുമ്പിലങ്ങോട്ടുവന്നു
പുഷ്കരശരാരിയുമിവണ്ണമരുൾചെയ്തു.
കേൾക്കെടോപത്മയോനേനിനക്കുവേണ്ടുംവര-
മാക്കമോടിപ്പോൾതരുന്നുണ്ടുഞാൻചൊല്ലീടുക.
ശങ്കരൻതന്റെവാക്യമീവണ്ണംകേട്ടനേരം
പങ്കജഭവൻതാനുമേവമങ്ങുണൎത്തിച്ചാൻ.
ഭഗവൻമഹാദേവവിശ്വനായകവിഭൊ
നിഗമാത്മകഗൌരീനായകകേട്ടീടേണം.

സൎവ്വമാമുനികളുംയാഗാദികൎമ്മംവിട്ടു
സൎവ്വദാവേദപാഠശാലികളായിട്ടിപ്പോൾ.
നിൎവ്വാണമൊന്നിൽതന്നെവാഞ്ഛപൂണ്ടനുദിനം
സൎവ്വേശഭവൽക്ഷേത്രമാകിയകാശിതന്നിൽ.
നിൎവ്യഥംവന്നുവസിച്ചീടുന്നുഭവൽപ്പാദ-
മവ്യാജഭക്തിപൂൎവ്വംസേവിച്ചുനിരന്തരം.
യാഗഭാഗങ്ങളില്ലാഞ്ഞാദിതേയന്മാരേററം
ശോകംപൂണ്ടതിക്ഷീണന്മാരായ്വന്നിതുവിഭോ.
ഗീൎവ്വാണന്മാരേററവുംക്ഷീണരായ്ഭവിക്കയാ-
ലുൎവ്വിയിൽമുന്നെപ്പോലെവൎഷവുമില്ലാതെയായ്.
വൃഷ്ടിയില്ലായ്കയാലെസമസ്തപ്രജകളു-
മൊട്ടേറക്ഷുധാൎത്തരായത്യന്തംദുഃഖിക്കുന്നു.
ഇത്തരംത്രിഭുവനപ്രളയമടുത്തതാ-
യത്രസംഭവിച്ചിരിക്കുന്നിതുപശുപതേ.
ഇങ്ങിനെയുള്ളലോകനാശത്തെനിൎക്കീടേണ-
മംഗജാരാതേസമസ്തേശപാരകാരുണ്യാബ്ധേ.
ലോകങ്ങൾക്കെല്ലാംനാശംകൂടാതെയിരിപ്പാനായ്
ലോകനായകനീതിയുണ്ടാക്കിച്ചമയ്ക്കേണം.
ധാതാവുതന്റെവാക്യമേവംകേട്ടോരുനേരം
ഭൂതേശൻതാനുംസൎവ്വലോകോപകാരാൎത്ഥമായ്.
ചേതസിപാരംചിന്താപരനായ്ബഹുനേര-
മേതുമേയിളകാതെവസിച്ചാരനന്തരം.
വേധാവുതന്നെനോക്കിയരുളിച്ചെയ്തീടിനാൻ
ഭൂധരാത്മജാകാന്തനാകിയവിശ്വേശ്വരൻ.
ജ്ഞാനമാൎഗ്ഗൈകപരന്മാരായമുനിജനം
മാനസശുദ്ധ്യാമമക്ഷേത്രത്തെതന്നെയല്ലോ.
വേദാന്തക്കാളുംസേവിച്ചീടുന്നുമോക്ഷാൎത്ഥമായ്
സ്വാദരംവിധിനിഷ്ഠാരഹിതന്മാരായ്സദാ.
പിന്നെയെന്തിഹമമസാമൎത്ഥ്യമിതിനെന്തൊ-
നന്യഥാചെയ്തീടുന്നതെങ്ങിനെപത്മയോനേ.
കാശിയിലിതുകാലപൎയ്യന്തംരോഗാദിയു-
മാശയേരാഗദ്വേഷലോഭമോഹാദികളും.
പൈശുന്യംക്ഷുധാഭയംവിഷയാത്മകമായ
ക്ലേശംകാൎപ്പണ്യാവികാരംതഥാലോലപത്വം;

കലഹമെന്നിത്യാദിയാകിയമഹാദോഷം
പലവുണ്ടവയൊന്നുമിവിടെയുണ്ടായ്വരാ.
ഉല്പലയോനേമമസ്മരണാലിദ്ദോഷങ്ങ-
ളെപ്പേരുംനശിച്ചുപോമെന്നറിഞ്ഞാലുംഭവാൻ.
കാമവിത്താദികൾകൊണ്ടിവരെവരുംമമ
മായമെന്നിയേപ്രീതികരന്മാരറികെടോ.
ഇങ്ങിനെവിശ്വസ്തന്മാരാകിയോരിവരെഞാ-
നെങ്ങിനെവിധിയിങ്കൽമോഹിപ്പിക്കുന്നതോർത്താൽ.
ഇത്തരമെന്നാകിലുംനിജ്ജരഹിതാർത്ഥമായ്-
ക്കർത്തവ്യമായതല്ലമിവിടെച്ചെയ്തീടുവൻ.
മുന്നംനാമൊരോന്നുരചെയ്തുകൊണ്ടിരിക്കുമ്പോൾ
കണ്ണാൽനേർമിഴിതന്റെരൂപത്തെധരിച്ചുടൻ.
മുന്നിലങ്ങാവിർഭവിച്ചീടിനാൾമൃത്യുതാനു-
മുന്നതക്രോധാൽമൃത്യുതാനിവളെന്നുഭവാൻ.
ചൊന്നപ്പോളത്യുച്ചത്തിൽകരഞ്ഞുമൃത്യുതാനും
നിന്നിതങ്ങസ്മൽപുരോഭാഗത്തിലവളുടൻ.
നേത്രത്തിൽനിന്നങ്ങുളവാകിയസലിലത്തെ-
സ്സത്വരംപാണികളാൽധരിച്ചീടിനാൻഭവാൻ.
ഉല്പലയോനേനിന്നാലജ്ജലമശേഷവും
കല്പിതമായീതദാലോകായുഃക്ഷയാർത്ഥമായ്.
ഘോരമാംമൃത്യുനേത്രസംഭൂതജലകണ-
മോരോരോദോഷരൂപമായിഹഭവിക്കട്ടെ.
ചിലഭാഗങ്ങൾരാഗദ്വേഷാദിരൂപങ്ങളായ്
ചിലഭാഗങ്ങൾമഹാവ്യാധിരൂപങ്ങളായി.
ചിലഭാഗങ്ങൾവിഘ്നരൂപങ്ങളായിട്ടേവം
പലമാതിരിദോഷരൂപങ്ങളായീടട്ടേ.
ഇങ്ങിനെയോരോവിഘ്നജാലങ്ങൾകൊണ്ടുമുനി
പുംഗവന്മാരുംസ്വധർമ്മങ്ങളെവെടിഞ്ഞുടൻ.
ഇങ്ങുവാഴ്‌വാൻസുഖമേതുമില്ലെന്നതോർത്തു
തങ്ങൾതങ്ങൾക്കുള്ളോരുവാസത്തെപ്രാപിച്ചീടും.
ഏവമുള്ളോരുവിഘ്നമേതുമേഗണിക്കാതെ
ഏവരെന്നാലുമത്രവസിച്ചീടുന്നാകിലോ.
കൈവല്യമവർക്കതിവിശ്രുതംലഭിച്ചീടും
നൈവസന്ദേഹമെന്നുധരിക്കകമലജ.

ദേവദേവനാം വിശ്വനായകനേവം വിധാ-
താവിനോടരുളിച്ചെയ്യുന്ന ധ്യാനവും ചെയ്യാൻ.
ജനസംരക്ഷണാർത്ഥിയാകിയ ധാതാവിനാൽ
വിനയത്തോടുമേവം പ്രാർത്ഥിതനായ ദേവൻ.
കനിവോടേവമുള്ള നിയമത്തെയുമപ്പോൾ
മനസി നിരൂപിച്ചു കല്പിച്ചിതപ്പോൾ തന്നെ.
ശ്രീമതിയായ കാശീക്ഷേത്രവാസികളായ
മാമുനിമാരാമവർതമ്മുടെ ചിത്തങ്ങളിൽ.
കാമവും പ്രമാദവും ലോഭവുമാലസ്യവും
രാഗവും മാത്സര്യവും ദ്വേഷവും സാദ്ധ്വസവും.
സീമയില്ലാതെ വന്നു വർദ്ധിച്ചിതു കാലം
ശ്രീമഹാദേവൻതന്റെ വൈഭവമത്യത്ഭുതം.
ചിലരന്നേരം വൃഥാ വിചലരായീടിനാർ
ചിലരേറവും വൃഥാ ഭീതന്മാരായീടിനാർ.
ചിലരേറവും ദ്രോഹപരന്മാരായീടിനാർ
ചിലരേറവും ലീലാപരന്മാരായീടിനാർ.
ചിലരേറവും കാമപരന്മാരായീടിനാർ
ചിലരേറവും മാത്സര്യോപേതന്മാരായിതു.
ഏവമുള്ളോരു ദോഷവ്യാകുലന്മാരാമവ-
രേവരും പരസ്പരമരുളിച്ചെയ്താരേവം.
ഘോരങ്ങളായ വിഘ്നജാലങ്ങൾ നമുക്കിഹ
നേരിട്ടുവന്നു വർദ്ധിച്ചീടുന്നു മേല്ക്കുമേലെ.
ഏകാന്തം മോക്ഷമത്ര സുലഭ്യമെന്നാകിലും
രാഗദ്വേഷാദിയസ്മച്ചിത്തത്തെ ബ്ബാധിക്കുന്നു.
രാഗാദിദോഷമുള്ളവർക്കിലോ മഹാപാപം
വേഗേന വന്നു വർദ്ധിച്ചീടുമെന്നറിയേണം.
മുപ്പുരവൈരിക്ഷേത്രമായീടുമിവിടെ വെ-
ച്ചല്പമെന്നാലും പാപാകൃതമായെന്നാകിലോ.
തപ്പാതെയതു വടബീജമെന്നതുപോലെ
കെല്പോടു വളർന്നതി മഹത്തായ്വരുമല്ലോ.
ആകയാലന്യത്ര പോയാവാസം ചെയ്തുകൊണ്ടു
ചെയ്തുനാം യാഗാദികർമ്മങ്ങളെ വിധിപോലെ.
യാഗാദികർമ്മാവഴിപോലേ നാമനുഷ്ഠിക്കി-
ലേകാന്തമന്തഃകരണത്തിനും ശുദ്ധിവരും.

ചിത്തസംശുദ്ധിഭവിച്ചീടിലോപരമാത്മ
തത്വവുംശോഭിച്ചീടുംമുക്തിയുംസിദ്ധിച്ചീടും.
ഇത്തരംവിചാരിച്ചുമുനികളെല്ലാവരു-
മുത്തമകാശീക്ഷേത്രംവെടിഞ്ഞുപോയീടിനാർ.
ആയതുനിമിത്തമായവനീപതേകാശ്യാം
മായാമോഹിതന്മാൎക്കുമുക്തിദുൎല്ലഭയല്ലോ.
സംസാരാരണ്യബന്ധത്തിങ്കൽനിന്നുൎവ്വീപതേ
പുംസാംമോചനമല്ലോമുക്തിയെന്നുരെക്കുന്നു.
മന്നവശ്രവിച്ചാലുമവിമുക്തത്തെക്കുറി-
ച്ചുന്ന്യയാമൊരുകഥാചൊല്ലീടാംവഴിപോലെ.
മുന്നമാദിത്യദേവൻപറഞ്ഞുകേട്ടവണ്ണം
നിന്നോടുചൊല്ലാംസാവധാനേനകേട്ടുകൊൾക.
വേദത്തെയദ്ധ്യയിപ്പാനാദിത്യസവിധേഞാൻ
സാദരംവാണീടുന്നകാലമന്നൊരുദിനം.
താരാനായകധവളദ്യുതിയായീടുന്ന
സാരസോത്ഭവപുത്രൻനാരദമുനീശ്വരൻ.
പാരാതെവീണാഗാനംചെയ്തതിമോദത്തോടും
സൂൎയ്യദേവന്റെസവിധത്തിങ്കൽവന്നീടിനാൻ.
നാരദമുനീന്ദ്രനെക്കണ്ടതിസന്തോഷേണ
സൂൎയ്യനുംയഥാവിധിപൂജിച്ചുചോദിച്ചിതു.
കുത്രനിന്നിപ്പോളിഹവരുന്നുമഹാമുനെ
കൎത്തവ്യമത്രമയാചൊല്ലീടുകെന്തെന്നതും.
ഇത്തരംസൂൎയ്യൻതന്റെഭാഷിതംകേട്ടനേരം
ചിത്തമോദേനമുനിവൎയ്യനുമേവംചൊന്നാൻ.
മാൎത്താണ്ഡദേവഭവാനോടൊന്നുചോദിപ്പാനാ-
യത്രഞാൻവന്നേനെന്നുധരിക്കവഴിപോലെ.
തത്വമായ്നിശ്ചയിച്ചുചൊല്ലേണമതുസൎവ്വ-
സത്വാന്തൎയ്യാമിയല്ലോസന്തതംഭവാൻവിഭോ.
ഭൂമിപാലേന്ദ്രനായമനുതൻചെയ്തുള്ളൊരു
ഗോമേധസത്രെബഹുവിപ്രരുംമുനിമാരും.
ആഗതരായോരവരേവരുംകൂടിയോരോ
ലോകമോഹനകഥാപ്രസംഗംചെയ്തീടിനാർ.
സാധുവാംകഥാപ്രസംഗത്തിന്റെമദ്ധ്യെമോക്ഷ-
സാധനകഥാപ്രസംഗംതദാഭവിച്ചിതു.

അന്നേരംതത്രത്യന്മാരാകിയമുനികളു-
മൊന്നൊഴിയാതെയുള്ളഭൂദേവവരന്മാരും.
ഇന്ദുശേഖരക്ഷേത്രങ്ങളിൽവെച്ചേററംകാശീ
തന്നെയത്യന്തംപ്രശംസിച്ചിതുവിശേഷമായ്.
പിന്നെയുംവാരാണസീമോക്ഷകാരണമെന്നു
പിന്നെയുംവിസ്തരിച്ചുചൊന്നതുകേൾക്കയാലെ.
എന്നുടെമനസ്സിങ്കൽസംശയമുളവായി
വന്നിതുഭവാനോടിന്നതുഞാൻചൊല്‌വാൻവന്നേൻ.
സാക്ഷാലിക്കാശീപുരമൊന്നുതന്നെയൊളുവി
മോക്ഷകാരണംതഥാവിഷ്ണുഭക്തിയുംപിന്നെ.
പുഷ്കരമാദിയായിട്ടുള്ളോരുതീർത്ഥങ്ങളും
പുഷ്കരബന്ധാകുരുക്ഷേത്രാദിക്ഷേത്രങ്ങളും.
മോക്ഷദാനത്തിൽസമർത്ഥങ്ങളല്ലയോയെന്നു
പുഷ്കരമെന്നെമമസംശയംഭവിക്കുന്നു.
ഏവമുള്ളോരുമമചിത്തസംശയംഭവാൻ
കേവലംതീർത്തീടേണംഭഗവൻചിത്രഭാനോ.
ദേവമാമുനിവരൻതന്നുടെഭാഷിതംകേ-
ട്ടാവിർമ്മോദേനപറഞ്ഞീടിനാനാദിത്യനും.
സ്രഷ്ടാവുതന്റെസുതനാകിയമഹാമുനെ
കേട്ടാലുമിതിൽഭവാൻതനിക്കുശങ്കയിപ്പോൾ.
ഒട്ടുമെവേണ്ടാശങ്കയുള്ളവൻലോകദായ
ഭ്രഷ്ടനായ്നശിച്ചീടുമില്ലസംശയമേതും.
അന്യങ്ങളായപുണ്യക്ഷേത്രങ്ങൾതീർത്ഥങ്ങളു-
മന്യനയായവിഷ്ണുഭക്തിയുംക്രമത്താലെ
നിർണ്ണയമന്തഃകരണത്തിന്റെസംശുദ്ധിയെ-
പ്പുണ്ഡരീകാധിവാസനന്ദനജനിപ്പിക്കും.
ദേവമാമുനെവാരാണസിയാംമഹാപുരി
ഏവമല്ലെന്നുധരിച്ചീടുകമനസിനീ.
കേവലംതാരകോപദേശത്താലേകാബ്രഹ്മ-
മേവർക്കുംപ്രകാശിപ്പിക്കുന്നിതുനിരന്തരം.
മററാരേടത്തുംവച്ചുചെയ്തുള്ളസദ്ധർമ്മവും
തെററുകൂടാതെചെയ്തസാധനചതുഷ്ടവും.
കുററമെന്നിയെയതാതിന്നനുരൂപമായി
മുററീടുംഫലംമാത്രമാകാശിക്കുമറിഞ്ഞാലും.

ഊററമായുള്ളകാശീതാൻതന്നേസജ്ജനങ്ങൾ-
ക്കാറമില്ലാതെയുള്ളസാഹായ്യംചെയ്യീടുമെ.
അത്യന്തംപാപത്തിങ്കൽഭീരുക്കളായീടുന്ന
സത്തുക്കൾചെയ്യധർമ്മംകുറഞ്ഞൊന്നെന്നാകിലും.
സതതമതുപൂർണ്ണമാക്കുവാൻകാശിക്കെന്ന്യ
ശക്തിമററാർക്കുമില്ലെന്നറികമഹാമുനെ.
ഇത്തരമുള്ളവിശേഷത്തിനാൽകാശിതന്നെ-
ത്തത്വവാദികളേററംപ്രശംസിക്കുന്നുവല്ലൊ.
ഹരിക്ഷേത്രിയുംസാക്ഷാൽകാശിയുമൊരുപോലെ
പരമാംമോക്ഷത്തിന്നുഹേതുവെന്നിരിക്കിലും.
വിത്തദാരാദികളിൽസ്നേഹവർജ്ജിതന്മാരാം
മർത്ത്യന്മാർചിലർവിഷ്ണുഭക്തരായ്ഭവിക്കുന്നു.
യാതൊരുമർത്ത്യന്മാർക്കുചിത്തത്തിലതിപ്രിയം
ചേതസിഭവിക്കുന്നിതെന്നാകിലവർപിന്നെ.
മാധവപ്രിയന്മാരായെങ്ങിനെഭവിക്കുന്നു
ധാതൃനന്ദനദേവമാമുനേകേട്ടുകൊൾക.
ഹരിപ്രീതിക്കായ്ധനംചിലവുചെയ്യാത്തവർ
ധരിത്രിതന്നിൽപരംചുരുക്കമായേയുള്ളു.
തിര്യഗ്ഭൂതങ്ങളുംഘോരഖിലജന്തുക്കൾക്കു-
മാശ്രയാംകാശീസാധാരണിയെന്നറികെടൊ.
അത്യർത്ഥംരാഗാകുലചിത്തരായ്പരദ്രോഹ-
കൃത്യതല്പരന്മാരായുള്ളമർത്ത്യന്മാരുടെ.
ഉത്തുംഗപാപജാലനിവൃത്തിക്കായിസ്സാക്ഷാ-
ലുത്തമയായകാശീക്രമത്താൽഭവിക്കുന്നു.
കാശിയിൽവെച്ചുചെയ്യുപാതകൌഘത്തിന്നതി-
ഭീഷണയാതനയെപ്രാപിപ്പിച്ചൊരുശേഷം.
പാപമൊക്കയുംഭുജിപ്പിച്ചാട്ടങ്ങിട്ടുകിൽപ്പിന്നെ
ശോഭിച്ചമോക്ഷത്തെയുംകൊടുക്കുമറിഞ്ഞാലും.
നാരദൻതന്നോടേവമാദിത്യദേവൻതാനു-
മീരണംചെയ്തീടിനാൻജനകമഹീപതെ.
ആകയാൽസാധാരണസമസ്തജന്തുക്കൾക്കു-
മേകാന്തമോക്ഷാർത്ഥമാംയാതൊന്നുഭവാനിപ്പോൾ.
മോദമോടറിവാനായ്ചോദിച്ചിതതിനെഞാ-
നാദരവോടുപറഞ്ഞീടിനേൻമഹാമതെ.

ഭൂമിപാലകനായ ജനകൻ തന്നോടേവം
മാമുനീശ്വരനായ യാജ്ഞവൽക്യനും ചൊന്നാൻ.
ഏവമുള്ളോരു മാഹാത്മ്യത്തോടു സമേതയാം-
യേവക്കും യത്നമെന്യേ കൈവല്യപ്രദാത്രിയായ്.
ദേവദേവേശസ്ഥാനമാകിയ വാരാണസീ
കേവലം വിളങ്ങുന്നു മാമുനിവരന്മാരെ.
തന്മഹിമാനം കേൾപ്പാനിനിയുമകതാരിൽ
നന്മോഹമുണ്ടെന്നാകിൽ ചൊല്ലുവൻ കേട്ടുകൊൾവിൻ.
നിർമ്മലന്മാരാം മുനിമാരോടു ഭൃഗു താനും
സമ്മോദപൂർവ്വമേവമരുളിച്ചെയ്തതെല്ലാം.
ഇങ്ങറിഞ്ഞതുപോലെ ഞാനുരചെയ്യുന്നെന്നു
മംഗലശീലയായ ശാരികതാനും വാണാൾ.

കാശിമാഹാത്മ്യം തൃതീയാദ്ധ്യായം സമാപ്തം.

## ചതുർത്ഥാദ്ധ്യായം.

കളമൃദുലമൊഴിവരികസവിധഭുവി ശാരികേ
കല്യാണശീലേ കമനീയവിഗ്രഹേ.
കഥയ മമാപി മഹിതചരിതമതിപാവനം
കാശിമാഹാത്മ്യമത്യുത്തമം മോക്ഷദം.
വചനമതികുതുകമിതി കേട്ടനേരം ശുക-
ബാലികതാനും പറഞ്ഞുതുടങ്ങിനാൾ.
മുനികളഥ വിനയമൊടു ഭൃഗുമുനിയെ വന്ദിച്ചു
മോദേന പിന്നെയും ചോദിച്ചിതാദരാൽ.
നിഖിലമുനികുലതിലക സർവ്വതത്വജ്ഞ നാം
നിന്മുഖചന്ദ്രാമൃതരസം സാദരം.
അധികതരമമിതരസമാസ്വദിച്ചും പുന-
രാശയം തൃപ്തിഭവിച്ചതില്ലത്രമേ.
പറക പുനരപി നിഖിലഗുണനിലയമാമതെ
പാരാതെ കാശിമാഹാത്മ്യം മനോഹരം.
മുനികളുടെ വചനമിതി കേട്ടോരനന്തരം
മോദേന ചൊന്നാൻ ഭൃഗുമുനിയും തദാ.
കലികലുഷശമനകരമതിവിമലമത്ഭുതം
കാശിമാഹാത്മ്യം ശ്രവിച്ചാലുമെങ്കിലോ.

അവനിപതികുലതിലകനധികഭുജവിക്രമൻ
അത്യന്തതേജോമയൻമഹാകീൎത്തിമാൻ.
വലമഥനസമനമിതമതിസുവദനാഭിധൻ
വാരാണസീപുരെജാതനായാൻപുരാ.
ശശിശകലധരചരണകമലപൂജാപരൻ
ശാസ്ത്രതത്വജ്ഞനതിഥിപ്രിയംകരൻ.
അവനവനിതലമഖിലമലിവിനൊടുരക്ഷചെ-
താത്മഗേഹേസുഖംവാഴുന്നതുകാലം.
സകലമുനിസഹിതനഥവിശ്വജിത്തെന്നുള്ള
സൎവ്വസ്വദക്ഷിണയാഗമാരംഭിച്ചാൻ.
ധരണിപതിവരരചിതമഖദൎശനാൎത്ഥമായ്
ധാതൃസുതനാംസനൽക്കുമാരൻമുനി.
അതികുതുകഹൃദയമൊടുമവനിപതിഗേഹത്തി-
ലാശുചെന്നാനതുനേരംനൃപേന്ദ്രനും.
മുനിവരനെനികടഭുവികണ്ടെഴുനീററതി-
മോദമോടൎഘ്യാദികൾകൊണ്ടുപൂജിച്ചു.
പാദകമലമതിലധികഭക്ത്യാനമിച്ചതി-
പാവനമായുള്ളപീഠേവസിപ്പിച്ചു.
വിനയമൊടുതൊഴുതുമുനിവരനൊടഥചൊല്ലിനാൻ
വീതരാഗദ്വേഷമാനസനാംഭവാൻ.
പരിചിനൊടുമമസദനമിതിലുപഗമിക്കയാൽ
പാവനമായിമേജന്മവുംവംശവും.
ബഹുജനനകൃതസുകൃതപാകേനലബ്ധമായ്
ബ്രഹ്മൈകതാനമുനേഭവദ്ദൎശനം.
യതികൾകുലതിലകഭവദാഗമനേനമേ
യാഗവുംസാംഗസംയുക്തമായ്വന്നിതു.
വിധിവിഹിതസവനമിതിനാലന്യമൎത്ത്യരാൽ
വീൎയ്യബലേനദുഷ്പ്രാപമായ്നിത്യമാം.
വിബുധവരനഗരസമപദമതുമഹാമുനെ
വീതഖേദേനഗമിക്കുന്നതുണ്ടുഞാൻ.
സരസിരുഹഭവജനിഖിലാന്തരാത്മൻസദാ
സമ്പൂൎണ്ണസൎവ്വേപ്സിതാൎത്ഥനാകുംഭവാൻ.
സദയമതികുതുകമിഹപരിചൊടെഴുന്നെള്ളുവാൻ
സാദരംകാരണമെന്തറിയുന്നീലാ.

അകതളിരിലഭിലഷിതമേയതെന്തുള്ളതൊ-
ന്നാത്മപ്രബോധപൂൎണ്ണാത്മൻമഹാമതെ.
ധരണിപതിവചനമതിവിനയസഹിതംകേട്ടു
ധാതൃസുതനാംസനൽക്കുമാരൻമുനി.
വിശദമൃദുമധുരതരഗാംഭീൎയ്യസംയുതം
വീരനാംഭൂപാലനോടരുളിച്ചെയ്തു.
സകലനൃപകുലതിലകസുവദനമഹാഭാഗ
സാദരമെന്നുടെഭാഷിതംകേൾക്കെടൊ.
അമരപരിവൃഢസമതയുതതവശമിപ്പതി-
നാകാംക്ഷയാവിധിപോലെവിഹിതമാം.
മഹിതമഖവിഭവമതികുതുകമൊടുകാണ്മവാൻ
മാനുഷസകാമമാമൊടത്രവന്നേനഹം.
ഇഹമനുജരുടെമഹിതമോക്ഷമാഹാത്മ്യമി-
തെന്തൊരത്യാശ്ചൎയ്യമോൎക്കിലോദുസ്തരം.
പ്രഥിതഗുണഗണസഹിതസുവദനഭവാനതി-
പ്രാജ്ഞനെന്നാകിലുംകേൾക്കമേഭാഷിതം.
സുകൃതനിലയനനൃവരകാശീസ്ഥനാംഭവാൻ
സുത്രാമലോകമിച്ഛിക്കുന്നതത്ഭുതം.
പറകനൃപപരമതിവിനശ്വരമാകിയ
പാകാരിസാമ്രാജ്യംകിംഫലമോൎക്കിലൊ.
വിധിസഹിതമിഹപരമശിവനുകാശ്യാംഭവാൻ
വിശ്വജിത്താകുമീയാഗംസമൎപ്പിക്ക.
അവനിവരകുലതിലകസുവദനധരിക്കനീ
അന്യഥാസൎവ്വാകൃതംവിനശ്യൽപരം.
പരമശിവപുരിയിലിഹകൃതനിഖിലകൎമ്മവും
പാരാതെവിശേഷശങ്കരാൎപ്പണംചെയ്കിലോ.
അകമലരുമധികതരശുദ്ധമായ്വന്നീടു-
മാശ്രുതതത്വജ്ഞാനവുമുളവായ്വരും.
വിധിതനയവചനമിതികേട്ടുഭൂപാലനും
വീണുനമസ്കരിച്ചവമണത്തിനാൻ.
അജതനയമമസുകൃതനികരപരിപാകത്താ-
ലാകൃഷ്ടനായെന്നതോന്നുംവിധംഭവാൻ.
കനിവിനൊടുമമസദനമിതിൽവരികകാരണാൽ
കാരുണ്യാമൃതത്താൽകൃതാൎത്ഥനായ്വന്നുഞാൻ.

പാകമമഹിതമഖിലയോഗീശ്വരവിഭോ
പഠിച്ചകാശിമാഹാത്മ്യംമനോഹരം.
ഇതിനൃപതിവരവചനമതുസപദികേട്ടപോ-
ത്തിരണംചെയ്യാൻസനൽക്കുമാരൻതദാ.
അറികനൃപസുവദനഭവൽകൃതമാകുമീ-
യദ്ധ്വരമോറംപ്രിയംതന്നെയെങ്കിലും.
വിബുധകുലനതചരണകമലഹരപത്തനെ
വീതഖേദനവിഹിതകൎമ്മംചെയ്യു.
തുഹിനഗിരിസുതയുടെമണാളനായിന്നിനി-
ത്തുണ്ണിമിതിമനസ്സമൎപ്പണംചെയ്യുനീ.
മഹിതതരകലുഷഘരഹരവസതിതന്നുടെ
മാഹാത്മ്യമിന്നറിയുന്നീലനീനൃപ.
ശൃണുനിഖിലമിഹതവഹിതായചൊല്ലുന്നഞാൻ
ശ്രോത്രേധരിക്കിലകന്നുപോംകാമവും.
മുനിനികരവരമഹിതകൌഷീതകീകുല
മുന്നമുണ്ടായിതുമൌനാഖ്യനാംമുനി.
കമലശരരിപുചരണകമലഭജനേനതാൻ
കാളിന്ദിതന്നുടതീരേമനോഹരെ.
ഉടജമതിൽമരുവുമതുപൊഴുതവനുശിഷ്യരാ-
യുണ്ടായിമാണ്ഡവ്യനുംമുൽഗ്ഗലൻതാനും.
അമ്പരമഹൽഗുരുചരണകമലപരിചര്യയു-
മാദരമുൾക്കൊണ്ടനുഷ്ഠിച്ചുനാരതം.
ശ്രുതിപഠനമതിലധികതല്പരരായ്പരി-
ശുദ്ധചിത്തന്മാർവസിക്കുന്നതുകാലം.
അതികുതുകമൊടുമുനികുലോത്തമനാംമൌന-
നാത്മശിഷ്യന്മാരവരിൽമാണ്ഡവ്യനെ.
ബലിയുടെയമഹിതമഖഹവനവിധിചെയ്യുവാൻ
ബാഢമോദംനിയോഗിച്ചയച്ചീടിനാൻ.
മുനിതിലകഗുരുവരവരാജ്ഞയെസ്സാദരം
മൂൎദ്ധാവിനാൽപരിഗൃഹ്യമാണ്ഡവ്യനും.
സപദിദനുസുതവരമഹാബലിതന്നുടെ
സത്രശാലെക്കുകംപുക്കതെളീടിനാൻ.
വിധിസഹിതയജനമതിനായ്ക്കൊണ്ടുവന്നോരു
വേദവേദാംഗപാരംഗതരായിട്ടും.

മുനികളെയുമൃഷികളെയുമവനിസുരർതമ്മെയും
മോദേനതത്രകണ്ടീടിനാൻമാണ്ഡവ്യൻ.
ദനുജകുലവരനഥമുനിതിലകനെക്കണ്ടു
ദണ്ഡവൽപാദേനമിച്ചെഴുന്നീറ്റവൻ.
അധികതരവിമലമൃദുപീഠെമുനീന്ദ്രനെ
ആവസിപ്പിച്ചുപൂജിച്ചുവിധിപോലെ.
പുനരമിതകുതുകമൊടുബലിയുമൃഷിവര്യനെ
പൂജിച്ചിതുഹോമകർമ്മത്തിലാദരാൽ.
തദനുമഖനിഖിലപരികർമ്മങ്ങളുംമുനി
താല്പര്യമോടുചെയ്താൻവിധിപൂർവ്വകം.
അവനിസുരവരരുമഥബ്രഹ്മജ്ഞവര്യരു-
മാനന്ദമോടിരിക്കുന്നോരമേകദാ.
മനസിപെരുകിനകുതുകമൊടുബലിയുമാദരാൽ
മാണ്ഡവ്യനെത്തൊഴുതേവമുണർത്തിച്ചാൻ.
അഖിലമുനിതിലകതവഗുരുമുനിവരൻമൌന-
നത്യന്തമാഗ്രഹതനായിട്ടമേത്രമെ.
ഇവിടെവരുവതിനുഹൃദികരുണയുളവാകായ്വാ-
നെന്തുനിമിത്തംഭവാനറിഞ്ഞീടുകിൽ.
ശ്രവണയുഗമിഹമമശ്രവിപ്പതിന്നേററവും
ശ്രദ്ധയോടുംകൂടിവാഴുന്നുമാമുനെ.
ബലിയുടെയവചനമിതികേട്ടുമാണ്ഡവ്യനും
ബദ്ധമോദംപറഞ്ഞീടിനാനാദരാൽ.
മഹിതഗുരുവരനിഹവരാഞ്ഞതിൻകാരണം
മറെറാന്നുമല്ലെന്നറികമഹാബലെ.
മുദിതമതിമുനിതിലകനാകുംമമഗുരു
മുൽഗ്ഗലനാംശിഷ്യനോടുമൊരുമിച്ചു.
വിശദതരവിബുധനദിയാൽവിളങ്ങീടുന്ന
വിശദമോക്ഷപ്രദമായകാശീപുരം.
വിരവൊടതികുതുകസഹിതംഗമിച്ചീടുവാൻ
വീതശങ്കംപുറപ്പെട്ടുമൂലംതദാ.
അതികരുണയൊടുതവഹിതാർത്ഥമായെന്നെയു-
മാജ്ഞാപനംചെയ്തയച്ചാനിഹപ്രഭോ.
മുനിവചനമിതിദനുജപതിസപദികേട്ടതി
മോദമുൾക്കൊണ്ടുചോദിച്ചിതേവംതദാ.

കനിവിനൊടുതവഗുരുവുമൊന്നുരുദ്ദേശമായ്
കാശീപുരത്തിന്നുപോയതുമഹാമുനേ.
ബതകിമപിമനസിലഭിലഷിതഫലമേതുമേ
ബ്രഹ്മവിത്താംമൌനമാമുനികളില്ലല്ലൊ.
മധുരതരമിതിബലിവചസ്സുകളെക്കേട്ടു
മാണ്ഡവ്യമാമുനിതാനുമരുൾചെയ്തു.
അസുരവരശൃണുനിജശരീരനാശംകൊണ്ടു-
മാശുമോക്ഷൈകഫലദമാംകാശിയിൽ.
അകമലരിലധികനരജന്മംലഭിച്ചാകി-
ലാക്കാണുപോവാൻമതിഭവിക്കാത്തതും.
പരമശിവപുരിരചിതശുഭമശുഭമെന്നിവ
പാരമക്ഷയ്യമായ്ത്തന്നെഭവിച്ചീടും.
മനുജകുലവരമുനികുലോത്തമൻമൽഗുരു
ദാന്തിശാന്ത്യന്വിതൻബ്രഹ്മവിദാംവരൻ.
നിജതനുവിനുടെയപരിപതനപൎയ്യന്തവും
നിസ്സംശയംകാശിതന്നിൽവാഴുംമുദാ.
അഹമപിതവമഖസമാപ്തിശേഷംപുന-
രൻപൊടുതത്രപോകുന്നേൻമഹാബലെ.
ഗുരുചരണകമലപരിചരണപരനായ്സദാ
ശോപതിക്ഷേത്രേവസിച്ചിടുന്നേൻചിരം.
ബലിയുമഥമുനിയുടെയവചനമിതികേട്ടുടൻ
ബഹുസന്തോഷംവണങ്ങിയുരചെയ്താൻ.
സവനമിതിനുടെപരിസമാപ്തിശേഷംഭവാൻ
സാദരംകാശിക്കുപോകുന്നിതാകിലൊ.
നിഗമവരനിലയമുനിതിലകഭവതാസമം
നിശ്ശങ്കമാശുഞാനുംവരുന്നേൻവിഭോ.
അഥമുനികൾവരനൊടിതിബലിയുമുരചെയ്തുട-
നദ്ധ്വരകൎമ്മസമാപനവുംചെയ്തു.
ഋഷികളെയുമതിമഹിതവിഹിതവിശ്രാണനാ-
ലൃത്വിക്കുകളെയുംമാനിച്ചിതേററവും.
പുനരവരുമധികതരതൃപ്തരാമ്മോദവും
പൂണ്ടുഗമിച്ചോരനന്തരംബലിതാനും.
അതികുതുകസഹിതമഥമാണ്ഡവ്യനോടുമ-
നല്പസൈന്യത്തോടുമൊത്തുപുറപ്പെട്ടാൻ.

മതിശകലധരവസതിതന്നെയുംമൌനനാം
മാമുനിതന്നെയുംകാണ്മാൻനടന്നിതു.
വിവിധനഗവനനഗരജാലങ്ങൾപിന്നിട്ടു
വീതഖേദംചിരംകൊണ്ടവർസാദരം.
ദുരിതഗണദവദഹനരൂപയാംകാശിയെ
ദർശിച്ചിതുമുനിയുംബലിയുംതദാ.
മരകതകമണിമയചലച്ചൂഡാഢ്യങ്ങളായ്
മുക്താഫലവജ്രകുഡ്മളാഢ്യങ്ങളായ്.
പവിഴകിസലയലലിതശാഖങ്ങളാംസുര
പാദപൌഘങ്ങളാലത്യന്തരമ്യയായ്.
മദസലിലപരിമളസമാകൃഷ്ടചിത്തമായ്
മാതംഗവക്ത്രകർണ്ണാനിലാധൂതമായ്.
സുകൃതിജനനികരകർണ്ണാമൃതാരാവമായ്
സ്വച്ഛാവിഹാരസമ്പന്നമായ്മേവുന്ന.
മധുനികരകരനിവഹമതിനുടെരവാലതി
മാത്രംമുഖരീകൃതാശാഭിരാമയായ്.
പികമധുരരവചലിതപത്രയുക്തങ്ങളായ്
പാകംഭവിച്ചഫലൌഘനമ്രങ്ങളായ്.
ശുകമുഖവികിരനിവഹസേവ്യശാഖങ്ങളാം
ചൂതവനങ്ങളാലത്യന്തരമ്യയായ്.
ശരദുഡുപസമവൃഷഭബദ്ധമണിഗണ
സംഘട്ടനോജ്ജൃംഭിതനിനാദൈസ്സമം.
ഹരവൃഷഭപദഗതിയോടനുഗുണമതായ്ഝലനി-
ഷ്ണങ്ങുവിളങ്ങുന്നഘണ്ടാവലികളാൽ.
അതിസുഭഗതരമഹിതയായുള്ളകാശിയെ-
യത്ഭുതംകണ്ടാർബലിയുംമുനീന്ദ്രനും.
നിരതിശയവിമലതരചിന്താമണിസ്തംഭ
നിർമ്മിതമാംക്ലൃപ്തവല്ലീകലാഢ്യമായ്.
അപരിമിതമണിഖചിതമായ്ജ്വലിച്ചീടുന്നോ-
രംബികാഗേഹത്തിനാലതിരമ്യയായ്.
അധികതരഭയജനകകർമ്മകർത്താരാവേണ
അങ്ങുള്ളപാപമെല്ലാംഹരിക്കുന്നോരായ്.
നിരവധികദുരിതഭരവിവശതരമർത്ത്യരാൽ
നിർഭരംദുഷ്പ്രാപയായ്നിരവദ്യയായ്.

ഉമാസഹിതമുനിസുരനരാദിസംസേവ്യനാം
ദണ്ഡധരനാൽക്ഷതചിഹ്നവൃന്ദയായ്.
ശിശിരകരരുചിരതരശേഖരനാംഹിമ
ശൈലജാനായകാധിഷ്ഠിതയായ്സദാ.
സരസിരുഹഭവമുഖസുരാദിസംസേവ്യയായ്
സാധുസമ്പൂൎണ്ണയായുള്ളൊരുകാശിയെ.
മനുജപതിബലിയുമൃഷിവരനഥകണ്ടവൻ
ദണ്ഡവൽഭൂമൌപതിച്ചുവന്ദിച്ചഥ.
പുനരധികതരഹൃദയഭക്ത്യാസമേതരായ്
പുക്കിതുകാശീമഹാപുരംസാദരം.
അതിവിമലജലഭരിതമുഖ്യതീൎത്ഥങ്ങളി-
ലമ്പോടുമജ്ജനംചെയ്തുവിധിപോലെ.
സകലജനകലുഷഹരശൈവലിംഗങ്ങളെ-
സ്സാനന്ദമന്പോടുപൂജിച്ചുവന്ദിച്ചു.
പുനരമിതകുതുകമൊടുബലിയുമൃഷിവൎയ്യനും
പുക്കിതുമൌനതപോധനേന്ദ്രാശ്രമം.
പുരുമുദിതഹൃദയമൊടുബലിയെമുനിനായകൻ
പൂജിച്ചിതാതിഥ്യസല്ക്കാരപൂൎവ്വകം.
ബലിയുമൃഷികുലതിലകനായമാണ്ഡവ്യനും
വന്ദിച്ചിതുമൌനപാദാംബുജംതദാ.
തദനുബലിയോടുമുനികുലോത്തമൻമൌനനും
താല്പൎയ്യമോടെകുശലവുംചോദിച്ചവൻ.
സവനമതിനുടെയനിഖിലോദന്തവുംതദാ
സാദരമാദരാൽചോദിച്ചൊരനന്തരം.
വിവിധതരനിഗമപരികഥിതധൎമ്മങ്ങളെ
വീതഖേദംബലിതന്നോടരുൾചെയ്താൻ.
ഉചിതമഥസമയമതറിഞ്ഞുബലിതാനു-
മൂഢമോദംമുനിയോടുചോദ്യംചെയ്താൻ.
വിശദതരഹൃദയമുനിതിലകഭഗവൻബ്രഹ്മ
വിദ്യാവിശാരദകേൾക്കമേഭാഷിതം.
മനസിതവകിമിഹഫലകാംക്ഷയാകാശിയെ
മാമുനേസേവിച്ചുകൊള്ളുന്നിതുഭവാൻ.
അതുസകലമപികഥയകരുണയൊടുസാമ്പ്രത-
മാകൎണ്ണനാഗ്രഹമുന്നാകിലോഞാൻവിഭോ.

ദനുജവരവചനമിതികേട്ടാരനന്തരം
ദാന്തശീലൻമൌനമേവമരുൾചെയ്തു.
സുരനികരരിപുവരമഹാബലേകാശിയെ-
സ്സേവിച്ചിടുന്നുഞാനുംമുക്തികാംക്ഷയാ.
അമരഗൃഹമതുമനസികാമിച്ചമന്ദമാ-
ന്നാകിലുമതുവാഞ്ഛീടുകയില്ലല്ലൊ.
ഇഹപരമശിവനചലവരദുഹിതൃനായകൻ
ഈശപരൻമോക്ഷൈകസാധനംതാരകം.
തനുവിനുടെപതനമതിലതികരുണയാസമം
താല്പൎയ്യമോടുപദേശിക്കുമേവനും.
സകലജനദുരിതഗണഹരണകരണക്ഷമം
സന്തതംകൈവല്യസാധനംപാവനം.
പുരമഥനനിലയമിതുദുർല്ലഭമെത്രയും
പൂൎവ്വാൎജ്ജിതപാപദേഹികൾക്കൊക്കിലും.
നിഖിലദനുകുലതിലകനിത്യംസ്വധൎമ്മത്തിൽ
നിഷ്ഠരായീടുംജനങ്ങൾക്കുപാൎക്കിലോ.
അപരദിശിമരണമതുസംഭവിച്ചീടുകി-
ലാദിതേയതപംപണിപ്പെട്ടുലഭ്യമാം.
പരിചിനൊടുപരമധമയോനിജനാകിലും
പാൎക്കിലിക്കാശീപുരേമരിച്ചീടുകിൽ.
പുനരവനുജനനമൊരുകാലവുമില്ലെന്നു
പൂൎവ്വദേവേന്ദ്രധരിച്ചുകൊണ്ടീടുക.
ശശിശകലധരനുടെയനഗരമിതിലാകയാൽ
ശങ്കകൂടാതെവസിക്കേണമേവനും.
ഒരുപൊഴുതുമറികഹൃദിശങ്കാകുലൻപര-
മൃതമമാംപദംപ്രാപിക്കയില്ലെടൊ.
മഹിതതരസുകൃതമപവൎഗ്ഗൈകഹേതുകം
മറ്റൊരേടത്തു നിന്നാചരിച്ചീടിലും.
കഠിനതരശോകത്രപേണതജ്ജന്മനാ
കൈവല്യമങ്ങുസിദ്ധിക്കില്ലകേവലം.
അമരരിപുനികരവരതാദൃഗപിധനുമി-
ങ്ങംഗപരിത്യാഗമാത്രേണനിശ്ചലം.
പരമമൃതപദമതിജവേനലഭിക്കുന്നു
പാൎക്കിലന്യനുക്രമേണസിദ്ധിക്കുന്നു.

കലുഷകരമതിലഘുശതപ്രായമാകുമി-
ക്കലിയത്തിലുള്ളദുരാശയദുൎജ്ജനം.
സതതമപിവിമലതരമാംനിജാത്മാവിനെ
സ്സംസാരശോകസമുദ്രത്തിൽമുക്കുന്നു.
അകതളിരിലറിവുപെരുത്തുണ്ടെങ്കിലുംചില-
രനഘമഹാപണ്ഡിതംമന്യരായേററവും.
സ്വബുദ്ധതയോടനവധികമൂഢതകളെക്കൊണ്ടു
സ്വാൎത്ഥമറിഞ്ഞതിലിച്ശവെയ്ക്കുന്നീലാ.
സുരനികരരിപുകുലജസതതമതിനാൽഭുവി
സ്വാത്മമോക്ഷാൎത്ഥികളാകിയമൎത്ത്യന്മാർ.
കഠിനതരകലുഷഹരനിഖിലതീൎത്ഥങ്ങളും
കൈവല്യദങ്ങളാംക്ഷേത്രങ്ങളുംസദാ.
അതിവിമലഹൃദിസുദൃഢഭക്തിസംയുക്തരാ-
യമ്പോടുസേവിച്ചുകൊള്ളുകയുംവേണം.
അഖിലപതിപശുപതിപരാത്മാശിവൻതനി-
ക്കാവാസമാകുമിക്കാശീപുരത്തിഞ്ഞാൻ.
മനസിമുഹുരതിഭരിതഭക്തിയോടുംകൂടി
മോക്ഷൈകകാംക്ഷയാസേവചെയ്യുന്നിതു.
മനുജവരസുവദനമഹാബലിയിങ്ങിനെ
മൌനമുനീന്ദ്രവാക്യംകേട്ടനന്തരം.
മതിയിലതികുതുകമോടുമതിമതാംവരൻ
മാബലികാശീനിവാസത്തിലേററവും.
കൊതിപെരുകിസപദിദൃഢനിശ്ചയനായതു
കോവിദനായമുനിയറിഞ്ഞന്നേരം.
സദയമഥദിതിജകുലവരനൊടമിതാദരം
സസ്മിതംചൊന്നാൻമഹാബലേകേൾക്കനീ.
തവമനസിപരമശിവപുരിയിതിൽനിരന്തരം
താല്പൎയ്യമുണ്ടോവസിച്ചീടുവാനെങ്കിൽ.
മമവചനമിഹബതനിശമ്യയഥാമതം
മാനിച്ചുവാണുകൊണ്ടാലുംമഹാബലേ.
കരുതുകിതുദനുജവരമനസിമദമാത്സൎയ്യ-
കാമരോഷദ്വേഷലോഭമോഹാദിയാം.
കലുഷകരബഹുവിധമനോവൃത്തിയുള്ളോൎക്കു
കാശീമഹാക്ഷേത്രവാസമനൎത്ഥമാം.

പരിചൊടിഹശിവപുരിയിൽമരുവുമവർചെയ്യുള്ള
പാതകഭോഗംമഹാദാരുണമല്ലോ.
ഇഹരചിതദുരിതനിവഹത്തിനാൽഘോരയാ-
യിടെഴുംയാതനാദുഃഖംഭുജിച്ചിടും.
പരിചിനൊടുവരിഷമയുതത്രയംരൌദ്രമാം
പൈശാച്യമാശുഗമിക്കുമറികെടോ.
ശമദമമൊടതിവിമലഹൃദയരായുള്ളവർ
ശങ്കരക്ഷേത്രേവസിക്കുന്നതാകിലോ.
കുടിലമതിശകലധരനഖിലജഗദീശ്വരൻ
കൈവല്യമാശുനൽകീടുമവൎക്കെടോ.
നവനളിനസമവദനെസുവദനെധരാപതെ
നാളീകബാണാരിതന്നുടെമന്ദിരെ.
വസതിപുനരധികതരദുഷ്ടാത്മനോത്ര
വാസവാരിശ്രേഷ്ഠനായമഹാബലി.
ഹൃദയമതിലധികതരഭക്ത്യാസമേതനാ-
യീശ്വരലിംഗപ്രതിഷ്ഠയുംചെയ്തുടൻ.
മുഹുരഖിലജഗദധിപചരണമതുവന്ദിച്ചു
മൌനമുനീന്ദ്രസംവാദവുംകൈക്കൊണ്ടു.
നിജസചിവബലമൊടിടചേൎന്നമഹാബലി
നിൎഭരാനന്ദംഗൃഹംപുക്കുവാണിതു.
അഖിലനൃപമുടിമണിയതായഭവാൻതന്നാ-
ടാകയാൽഞാനൊന്നുചൊല്ലുന്നുഭൂപതേ.
മദനരിപുസദനമിതിൽവെച്ചുചെയ്യുന്നൊരു
മാഹാത്മ്യമേറുമിയദ്ധ്വരംകൊണ്ടുനീ.
അമരകുലപതിസമതമനസിനൃപതേഭവാ-
നംഗ്രഹിക്കുന്നതുയോഗ്യമല്ലതുമേ.
അതിമഹിതസവനമിതുവിശ്വേശനായ്ഭവാ-
നാശുസമൎപ്പണംചെയ്തുവഴിപോലെ.
പരിചൊടഥഹൃദയപരിശുദ്ധിയെപ്രാപിച്ചു
പാരംപരമപദത്തെഗ്ഗമിക്കനീ.
ഭുവനപതിവരനിതിസനൽക്കുമാരൻതന്റെ
ഭാഷിതംകേട്ടുരചെയ്യാൻസഗൽഗ്ഗദം.
അടിയനുടെസുകൃതപരിപാകമിപ്പോൾബലാ-
ലാകൎഷണംചെയ്തുവന്നുപോലേഭവാൻ.

സദയമിഹപരമശിവപുരമഹിമകൾകല്പിച്ചു
സാദരമെന്നെകൃതാൎത്ഥനായ്ചെയ്തയാൽ.
നൃപകൃതിജനനികരമതിലാദ്യനായ്വന്നുഞാൻ
നൃപമണേനിൻപദാംബുജംകൂപ്പുന്നേൻ.
വിനയനയസഹിതമിതിമുനിയോടുരചെയ്തുടൻ
വിശ്വേശ്വരാൎപ്പണംചെയ്താൻനിജാദരം.
അതിമുദിതഹൃദയമുനിവരരഥയഥാഗത-
മാശുനിജനിജസ്ഥാനമകംപുക്കാർ.
അമരവരവിഭവനമസുഖദനൃപൻപുന-
രന്ത്യകാലേലഭിച്ചീടിനാൻമോക്ഷവും.
മുനിവരരൊടഥഭൃഗുമുനീശ്വരനെത്രയും
മോദേനചൊല്ലിത്തുടങ്ങിനാൻപിന്നെയും.
കലുഷഹരമിനിയൊരിതിഹാസംപുരാതനം
കാശീഗുണാഖ്യാനമിന്നുകേട്ടീടുവിൻ.
സകലനൃപകുലതിലകനായഭൂപൻപുരാ
സംഭവിച്ചാൻദിവോദാസനെന്നിങ്ങിനെ.
നിഖിലഗുണഗണനിലയനമിതഭുജവിക്രമൻ
നീതിമാൻധൎമ്മതത്വജ്ഞൻദയാപരൻ.
തരുണിമണിജനനിവഹമൌലിമാണിക്യമാം
താരയെന്നാഖ്യയാംഭാമിനീതന്നോടും.
സസുഖമവനഖിലജനപാലനാദ്യംചെയ്തു
സാദരംകാശിരാജ്യംബഹുവത്സരം.
വിവിധതരവിഭവമൊടുവാണിതെന്നാകിലും
വംശവൃദ്ധിക്കൊരുപുത്രനുണ്ടായീലാ.
അവനിപതിയുടെമഹിഷിയായതാരതാനു-
മാത്മജലാഭാൎത്ഥമോരോവ്രതങ്ങളും.
വിവിധവിതരണവുമഥദേവതാപൂജയും
വിപ്രാന്നദാനവുംചെയ്തുവിധിപോലെ.
പുനരപിചസുതജനനചിഹ്നമെന്നാകിലും
പുണ്ഡരീകാക്ഷിക്കുകണ്ടതില്ലത്രേ.
ഹരനുടെയനുഗ്രഹമതിനടുത്തുനികുംഭനെ-
ന്നാഖ്യാതനായമഹേശഗണേശ്വരൻ.
ഗജവദനസഹജസമവീൎയ്യബലാന്വിതൻ
ഗംഭീരനത്യന്തശീഘ്രഫലപ്രദൻ.

സുതരഹിതരവനുടെയപദകമലംസേവയാ
സുഷ്ഠുവാംസന്താനമാശ്ശുലഭിക്കുന്നു.
ഇത്ഥമനസികരുതിയുവതിമണിതാരയു-
മീരണംചെയ്യാൾകണവനോടേകദാ.
വചനമയിശൃണുനൃപതിതിലകമമവല്ലഭ
വാസവതുല്യപ്രഭാവമഹാമതേ.
ഭുവിമനുജജനനമതിസുകൃതഫലസാദ്ധ്യമാം
ഭൂപതിജന്മംവിശേഷിച്ചുമോക്കിലോ.
പരിചൊടതുമിഹസുലഭമായിട്ടുമേതുമേ
പാത്രമായീലാസുഖത്തിനുനാമഹോ.
മനുജവരസുതവദനദൎശനമതില്ലായ്കിൽ
മറ്റുഭോഗാനുഭവങ്ങൾകൊണ്ടെന്തഹോ.
സുതരഹിതനരനുബതപരഗതിയുമില്ലെന്നു
സൂരിജനങ്ങൾപറഞ്ഞുകേൾപ്പുണ്ടുഞാൻ.
നൃപതികുലവരനിഖിലശാസ്ത്രതജ്ഞനാം
നിന്നോടുഞാൻപറയേണമെന്നില്ലല്ലോ.
തനയവിരഹിതനുടെയപിതൃഗണമഹോസദാ
താപനപിണ്ഡവിച്ഛേദമോൎത്താറവ്വം.
കഠിനതരനിരയഗതിചിന്തിച്ചുചിന്തിച്ചു
കണ്ണുനീർവാൎത്തധോഭാഗപതിക്കുന്നു.
ദയിതയുടെവചനമിതുകേട്ടോരനന്തരം
ദാക്ഷിണ്യമോടേപറഞ്ഞാൻനൃപേന്ദ്രനും.
കമലദലലലിതതരലോചനേപാവനേ
കാന്തേകമനീയവിഗ്രഹേകേൾക്കനീ.
ബഹുലതരനിയമജപഹോമാദികൎമ്മങ്ങൾ
ബാലേവിധിപോലനുഷ്ഠിച്ചുനാമെടോ.
ഇഹവിവിധകൃതമഹദുപായത്തിനാലുമി-
ന്നീക്ഷിച്ചതില്ലഹോപുത്രമുഖാംബുജം.
അവനിയതിലിഹപുരുഷയത്നത്തിനാൽതന്നെ-
യാകെമസാധിക്കയില്ലൊന്നുമോൎക്കനീ.
ഹൃദയസുഖകരതനയസമ്പത്തുകളോടു
ഹീനനാരാംഞാനിന്നുചെയ്യേണ്ടതെന്തെടോ.
ഇതിനൃപതിവരവചനമാകൎണ്ണ്യതാരയു-
മീരണംചെയ്യാൾനൃപനോടുസാദരം.

പരമഗുണനിലയതവവചനമിതുസത്യമാം
പൌരുഷമേററംനിരർത്ഥകമെങ്കിലും.
അതിമുദിതഹൃദയമൊടഭീഷ്ടവരങ്ങളെ-
യാശ്രിതന്മാർക്കുനൽകുന്നിതുദേവന്മാർ.
അവനിപതിവരപുരുഷകാരേണദൈവത്തെ-
യാശ്ശുഭവാൻപ്രസാദിപ്പിക്കസാദരം.
ഹരനുടെയഗണനിവഹനാഥൻനികുംഭനെ-
ന്നാഖ്യാതനാമദേവൻകൃപാവാരിധി.
ഗണനികരസഹിതമധിവസതിവിമലാലയം
ഗവ്യൂതിമാത്രമേദൂരമുള്ളുവിഭോ.
അനിശമവനസുതമനുജർക്കസന്താനത്തെ
യമ്പോടുനൽകിവാഴുന്നുധരാപതേ.
അവനുടെയപദകമലസേവചെയ്തീടുവാ-
നാജ്ഞാമമരുളുന്നാകിലനുദിനം.
വിധിസഹിതമഹമിഹപുരോഹിതൻതന്നോടും
വീതഖേദംഗമിച്ചീടുവൻഭൂപതേ.
നിജരമണിയുടെവചനമിതിനിശമനംചെയ്തു
നിർമ്മലാത്മാവാംനൃപനുരചെയ്താൻ.
കമലശരമഥനഗണവര്യൻനികുംഭാഖ്യൻ
കാമിനിസന്താനസാധകനെങ്കിലോ.
രഭസതരമയിടയനുദിനമപിഗമിക്കനീ
രാജ്യയോഗ്യാത്മജകാംക്ഷയാവല്ലഭേ.
തദനുനിജപതിവചനമിങ്ങിനെകേട്ടൊരു
താരാധിപാനനയാകിയതാരയും.
നിജഗുരുവിനെയുമഥപുരസ്സരിച്ചാദരാൽ
തിത്ഥ്യവുംപൂജിച്ചുകൊണ്ടാൾനികുംഭനെ.
സരസിജമുഖിയുമിതിതനയഫലകാംക്ഷയാ
സംവത്സരമേകമർച്ചിച്ചുസാദരം.
ഇതിധരണിപതിമഹിഷിയൊരുവർഷമർച്ചിച്ചു-
മീക്ഷിച്ചതില്ലേതുമേപുത്രലക്ഷണം.
അവനിപതിവരനുമൊരുദിവസമഥകാന്തയോ-
ടത്യന്തമോദേനചോദിച്ചിതാദരാൽ.
സുദതികുലമണിരമണിപോകനീനികുംഭന്റെ
സേവാർത്ഥമായ്ഗമിച്ചീടുന്നിതല്ലോനീ.

കമലമുഖിദിനമനുതദൎച്ചനംകൊണ്ടിഹ
കാന്തമനോരഥംസാദ്ധ്യമായ്വന്നിതേ.
പരിവചനമിതിവിരവൊടാകൎണ്യതാരയും
പാരാതെകാന്തനോടേവമുരചെയ്താൾ.
മഹിതഗുണവശ്രേഷ്ഠനികുംഭന്റെസേവയാ
മാസമീരാറുകഴിഞ്ഞിതുപൂൎണ്ണമായ്.
ഇനിയുമിഹകിമപിസുതസംസിദ്ധിലക്ഷണ-
മീക്ഷണംചെയ്തീലഞാനഹോഭൂപതേ.
നിജചരണപരിചരണചെയ്യുമന്യന്മാൎക്ക
നിസ്സംശയമീനികുംഭൻഗണാധിപൻ.
അഭിലഷിതമഖിലമപിപൂരണംചെയ്യുന്നി-
താനാറുമാസംകൊണ്ടുതന്നെനരപതേ.
മഹിതഗുണമഭിമതസിദ്ധിയാവാത്തതു
ഭാഗ്യമില്ലായ്കയാലെന്നുപാൎക്കേണ്ടു
ഇതിരമണിയുടെവചനമാകൎണ്യനിശ്ശേഷ-
മിജ്ജഗത്തതുമറിഞ്ഞവനെങ്കിലും.
അധികതരഹൃദയപരിശോകസന്തപ്തനാ-
യത്യന്തശോകാകുലനായതുനേരം.
അമലകണമരുണതരമിഴിയിണയതിങ്കൽനി-
ന്നാകീൎണ്ണമാംവൎണ്ണമുഗ്രകോപത്തൊടും.
അനുചരരൊടവനിപതിവരനഥചൊല്ലിനാ-
നത്യവലിപ്തനാരയറാവുംപാപിയായ്.
മയിവിഗതകരുണരൊട്ടുവാഴുംനികുംഭന്റെ
മന്ദിരമിപ്പോൾപൊടിഭസ്മമാക്കുവിൻ.
അതിനുപുനരതുബതതാമസമെത്തുമെ-
ന്നത്യന്തരുഷ്ടനാംഭൂപന്റെശാസനം.
ഭടനിവഹമതുപൊഴുതുകേട്ടതിവിദ്രുതം
ഭഞ്ജിച്ചിതുനികുംഭാലയംതൽക്ഷണം.
മൂഢരധികതരരുഷിതമതികളവർതൽഗൃഹം
മൂലമോടേപറിച്ചങ്ങെറിഞ്ഞീടിനാർ.
നിജവസതിയതിനെയവർഭേദിക്കമൂലമായ്
നിർഭരംക്രുദ്ധനായാൻനികുംഭൻതദാ.
സ്വഗൃഹമതിലവനിപതിതാനുറങ്ങുംവിധൗ
സ്വപ്നവിരവോടുചൊന്നാൻനികുംഭനും.

നൃപതിവരകലഹതകൎമ്മത്തെ കേൾക്കെടൊ
നിൎഭാഗ്യവാനായനീമദീ പാലയം.
ഭടനിവഹമതിമദസമേതമയച്ചിഥ
ഭഞ്ജിക്കയാലതിപ്രീതനായ്വന്നിതാ.
അതികഠിനമസഹതരമാമിതുചെയ്കയാ-
ലാശു ഭയാൎത്തനായ്ഭവിച്ചീടുനീ.
അഘഹരണകരണമിദമറികഭഗവൽക്ഷേത്ര-
മത്യന്തദൂഷണംചെയ്ക നിമിത്തമായ്.
കലുഷതരഹൃദയശൃണുനരപതികുലാധമ
കാശിപുരമേവമുള്ളജനങ്ങളാൽ.
പരിചൊടരികിനിയൊരുസഹസ്രസംവത്സരം
പാരാതെശൂന്യമായ്ത്തന്നെഭവിക്കട്ടെ.
തുഹിനകരധരവസതികോപിഷ്ഠരാകിയ
ശ്വാദിധന്മാക്കുവാഴ്വാൻയോഗ്യമല്ലേതും.
ത്വരിതമിതിനിഖിലജഗദധിപഗൃഹമാകയാൽ
ത്യക്തഭാഗമിക്കനീഭൂപകുലാധമ.
സ്വപ്നമതിലിതിനൃപതിവരനൊടരുൾചെയ്തുടൻ
സ്വസ്ഥാനമാസാദ്യവാണാൻനികുംഭനും.
അവനിപതിവരനുടനന്നെഴുനീറ്റധി-
കാൎത്തനായ്വന്നിതുസ്വപ്നസന്ദൎശനാൽ.
അപരദിനമുഷസിബത്തഹൈഹയവീരരു-
മത്യന്തശക്തരാംതാലജംഘന്മാരും.
അനവധികഭടനിവഹസഹിതമഥവന്നുട-
നാഥനാകാശീപുരംനിരോധിച്ചിതു.
നൃപതികുലവരനഥദിവോദാസനന്നേരം
നിസ്സംശയംപുറപ്പെട്ടുയുദ്ധത്തിനായ്.
കരിതുരഗരഥനരപദാതികൾതങ്ങളിൽ
കാഠിന്യമോടേകലഹിച്ചനന്തരം.
വിവിധതരശരനികരശകലിതശരീരരായ്
വീണുമരിച്ചോരനേകംഭടജനം.
രുധിരമയനദികൾപലവഴിയിലുമൊലിക്കുന്നു
രൂക്ഷമായ്പ്പിന്നെയുംസംഗരംചെയ്യുന്നു.
സമരമതിലമിതബലനാംദിവോദാസന്റെ
സൈന്യമശേഷവുംനഷ്ടമായ്വന്നിതു.

അതുസമയമവനിപതിസമരമതിൽനിന്നൊഴി-
ഞ്ഞാശു കിഴക്കുനോക്കിഗ്ഗമിച്ചീടിനാൻ.
അധികതരബലസഹിതഹൈഹയവീരരു-
മാഹവശൂരരാംതാലജംഘന്മാരും.
നൃപസദനമഖിലവുമിടിച്ചുപൊടിച്ചുടൻ
നിഗ്രഹമാക്കീടിനാർനഗരംബലാൽ.
അതിഭയമൊടഖിലദിശിദിശിചിരവൊടോടിനാ-
രാശു വാരണസീവാസികളേവരും.
അതുലകരബലമുടയതാലജംഘന്മാരു-
മാജിസമർത്ഥരാംഹൈഹയവീരരും.
ഹരനഗരമതിൽമരുവുമഖിലരെയുമാക്രമി-
ച്ചാട്ടിക്കളഞ്ഞുടൻസിംഹനാദംചെയ്തു.
അതിനിനദസഹിതജയഭേരിഘോഷത്തോടു-
മാത്മദേശംഗമിച്ചാശു വാണാരവർ.
അവനിവരകുലപതിദിവോദാസനംപുന-
രത്യന്തദുഃഖാകുലചിത്തനായ്തദാ.
നിജചരിതമഖിലമറിയിപ്പതിന്നായ്ക്കൊണ്ടു
നിർഗ്ഗമിച്ചാൻഭരദ്വാജാശ്രമത്തിനായ്.
അടിമലരിലവശമൊടുവീണുഭൂപാലനോ-
ടാശു ചോദിച്ചീടിനാൻഭരദ്വാജനും.
നൃപതികുലവരകുശലമല്ലയോസന്തതം
നിന്നുടെരാജ്യത്തിലുംസൈനികത്തിലും.
പ്രജകളിലുമതിമഹിതഭണ്ഡാരകത്തിലും
പ്രാജ്ഞരാമൗലേകുശലംതന്നെയല്ലയോ.
മുനിതിലകവചനമിതികേട്ടുദുഃഖംപൂണ്ടു
മേദിനീപാലനംവന്ദിച്ചുത്തരം.
അധികതരനയനസലിലക്ലിന്നവക്ത്രനാ-
യാദ്യവസാനംനികുംഭധർഷ്ടാദികം.
അഖിലമപിമുനിയൊടറിയിച്ചതുകേട്ടള-
വൊട്ടുദീനസ്വാന്തനായമുനീശ്വരൻ.
സദയമവനിപവരനെവാക്കുകളെക്കൊണ്ടു
സാന്ത്വനംചെയ്തുചൊല്ലീടിനാൻപിന്നെയും.
അയിനൃപതികുലമകുടവിചിതവരരത്നമേ
ആത്മനാകൊല്ലാമഹീഷിയെല്ലോഭവാൻ.

തവനഗരമതിന്നുടയവിഭ്രാംശജാതമാം
താപമെല്ലാംസഹിച്ചീടുകഭൂപതേ.
സുജനവരശ്രേണബന്ധുഭവാദൃശന്മാർനിജ-
സ്വാന്തശോകംസഹിക്കുന്നതില്ലെങ്കിലോ.
ജഗതിപുനരറികനിഖിലപ്രജാനാശവും
ജാതമായീടുമപ്പോളെന്നുനിൎണ്ണയം.
സുഖരഹിതമധികതരദുഃഖസ്വരൂപമീ-
സംസാരമായതിൽവത്തിപ്പുവന്നഹോ.
നഹികിമപിസുഖലവമിതാകയാൽദുഃഖവും
നല്ലസുഖബുദ്ധിയോടനുഭാവ്യമാം.
ശൃണുധരണിപതിതിലകദൈവമേററംസ്ഥാണം
ശ്രേഷ്ഠമെന്നുള്ളിലറിഞ്ഞുകൊണ്ടീടുക.
അതിവിപുലതരമിഹനിജാപരാധത്തിനാ-
ലാഗതമായദുഃഖത്തെനിരൂപിച്ചു.
മനസിതവമഹ്ഹരനുതപിക്കുന്നതോൎക്കിലോ
മാനവനായകയോഗ്യമല്ലേതുമേ.
പരമശിവഗണവരനതായനികുംഭനു ,
പാരംപരിഭവംചെയ്തുനിൻമാനസെ.
അവനിപതികുലവരസുഖത്തെയിച്ഛിക്കുകി-
ലായതുണ്ടാവുന്നതെങ്ങിനെചൊൽകെടോ.
ശശിശകലധരപുരമതിങ്കൽസ്വഭാവേന
ശംഭുഗണങ്ങളെല്ലാംസേവ്യമാനങ്ങൾ.
വിനയമൊടുമവരുടെയപൂജചെയ്യാഞ്ഞിലോ
വിഘ്നങ്ങളേററമുണ്ടാക്കുമവൎന്നൃണാം.
നിജമനസിവളരുമുരുമദമതുനിമിത്തമായ്
നീയഹോതന്മന്ദിരംനശിപ്പിച്ചിഹ.
അതിമഹിതവിഭവയുതമാംഗിരീശാലയേ
അമ്പോടുപദ്രവംകൂടാതെവാഴുവാൻ.
മതിയിലതികൊതിതവവളൎന്നീടുകിലതു
മാനവനായകസാദ്ധ്യമായീടുമോ.
ബഹുഫലദയജനഭജനംചെയ്തുവാഴുന്ന
ബ്രഹ്മാദികളായവൃന്ദാരകന്മാൎക്കും.
ദുരിതഗണഹരണപടുവായീടുമിക്കാശി
ദൃഷ്ടാപയെന്നറിഞ്ഞീടുകഭൂപതേ.

ഇഹപരമശിവപുരിയതിങ്കൽസ്വധർമ്മിയാ-
മേതൊരുജന്തുവെന്നാലുംമരിച്ചാകിൽ.
അസ്സമയമതിമഹിതമാംബ്രഹ്മഭാവത്തെ-
യാശുഗമിച്ചീടുമെന്നറിഞ്ഞീടുക.
ക്ഷിതിരമണനിർഗ്ഗുണംനിർവ്വികാരംനിത്യം
ക്ഷേത്രരൂപേണബ്രഹ്മൈവവിളങ്ങുന്നു.
പരമശിവനഖിലജഗദീശനംസനാതനം
പരാത്പരരൂപമായത്രവാഴുന്നു.
ക്ഷിതിധരജയുടെപതിസ്വപ്രീതിയെക്കാണിപ്പാൻ
ക്ഷേത്രതീർത്ഥാകൃതിയെയുംഗമിപ്പിച്ചിതു.
പുരമഥനപദവിമുഖമായ്മലമൂത്രേണ
പൂരിതമായസൈന്യത്തോടുമക്ഷേത്രം.
ഇനിയുമനുദിവസമിഹസേവാർത്ഥമിച്ശിക്കി-
ലെങ്ങിനെയുണ്ടാംസമൃദ്ധിനിനക്കെടൊ.
ഇതിമുനികുലതിലകനായഭരദ്വാജ-
നീശ്വരക്ഷേത്രമാഹാത്മ്യമുരച്ചിതു.
സകലമപികനിവിനൊടുകേട്ടോരനന്തരം
സന്ത്യജിച്ചാനാത്മദുഃഖംദിവോദാസൻ.
ശശിശകലധരവസതിയായവാരാണസീ
മാഹാത്മ്യമേവമറിഞ്ഞൊരനന്തരം.
നിജമനസികുതുകമൊടുമവിടെവാഴുവാൻ
നിശ്ചയിച്ചമ്പൊടുഭൂപതിനായകൻ.
വിനയമൊടുമുനിതിലകനെപ്രസാദിപ്പിച്ചു
വീണുവന്ദിച്ചുചൊല്ലീടിനാൻപിന്നെയും.
ഉരുകരുണയൊടുമിഹഭവാനരുൾചെയ്കയാൽ
ഗൌരീശവാസമാംകാശിതൻമാഹാത്മ്യം.
സരസതരമഖിലമപികേട്ടുമന്മാനസെ
സന്താപമെല്ലാമകന്നുദയാനിധെ.
തദനുമമപ്പരിപെരുത്തുകുതുകമുളവാകുന്നു
അത്രവാരാണസീതന്നിൽവാണീടുവാൻ.
സ്ഥിരവസതികരവിധിയെന്തുള്ളുകവിശേഷേണ
തീവ്രബുദ്ധേചൊല്കെന്നോടുസാദരം.
മനുജപതിവൃദ്ധവചനമിതിനിശമനംചെയ്തു
മാമുനീശൻതാനുമേവമരുൾചെയ്തു.

അയിനൃപതിവരശൃണുനികുംഭൻ്റെഭാഷിത-
മന്യഥാസംഭവിക്കെന്നതില്ലെന്നമേ.
രജനികരശകലധരചരണപരിചൎയ്യയാ
രാഗരോഷദ്വേഷഹീനമനസ്സനായ്.
ദമശമനിമടനിശമതിഭക്ത്യായഥോക്തമാം
ദേവയാത്രാദിവിധാനനിരതനായ്.
വരിഷമൊരുദശശതമതങ്ങുകഴിഞ്ഞാകിൽ
വാണുകൊള്ളുകവിധിപോലവിടെപ്പിന്നെ.
വചനമതുധൃതമതി[illegible]ശമനംചെയ്തു
വന്ദിച്ചുവിപ്രനെയുംപോയിച്ചിതുനൃപൻ.
അഹമഖിലജഗദധിപഹരചരണപങ്കജ-
മൎച്ചനംചെയ്തുസേവിപ്പതുമെങ്ങിനെ.
ഹിമധരണിധരവരസുതാമണവാളനാ-
മീശ്വരൻതാൻപ്രസാദിപ്പതുമെങ്ങിനെ.
അതുസകലമപികഥയമുനിതിലകഞാനതി-
ന്നാചരിപ്പാനായൊരുങ്ങുന്നുസാമ്പ്രതം.
നൃപതിവരവചനമിതികേട്ടോരനന്തരം
നിൎമ്മലാത്മാഭരദ്വാജനുംചൊല്ലിനാൻ.
ജഗദുദയവിലയപരിപാലനകാരണം
ജഹ്നുസുതാവരംദേവംജടാധരം.
പരമശിവമമരഗണനുതമഖിലനായകം
പാൎവ്വതീകാന്തംപരമേശ്വരംപരം.
ത്രിപുരഹരമുരഗവരഭൂതിവിഭൂഷണം
ത്രീക്ഷണംസൎവ്വൈകസാക്ഷിണംമോക്ഷദം.
സതതമപിഹൃദിമരുവുമീശനാംദേവനെ
സ്സ്വയമതീൎത്ഥാഭിഷിക്തനാക്കീടേണം.
അധികതരസുരഭിലദയംഗന്ധചൂൎണ്ണത്താ-
ലൎച്ചനം ചെയ്തുകൊള്ളേണംനിരന്തരം.
സതതമതിവിനയമൊടു സത്യപുഷ്പങ്ങളാൽ
സാദരംപൂജിച്ചുകൊൾകപ്രതിദിനം.
കനിവിനൊടുകലുഷഗണനാശനമാകിയ
കാശീനിവാസേനധൂപിച്ചുകൊള്ളേണം.
നിജഹൃദയമതിലമരുമമലവിജ്ഞാനമെന്ന
നീരാജനംവഴിപോലെനൽകീടേണം.

അതിവിമലമധികതരഭക്ത്യാനിരന്തര-
മാത്മാനമാശു നിവേദിച്ചുകൊള്ളേണം.
നിരതിശയവിനയനയവിശ്വാസയുക്തനായ്
നിത്യവും പൂജിച്ചുകൊള്ളുകിലീശ്വരൻ.
ജനിമരണഭയഹരണകരണനഖിലേശ്വരൻ
ജന്തുവർഗ്ഗാന്തസ്ഥിതൻ പരമേശ്വരൻ.
പരമശിവനഗവരസുതാവരൻ ശങ്കരൻ
പാരം പ്രസാദിക്കുമില്ലൊരു സംശയം.
തദനുപശുപതിനിജചിദാനന്ദരൂപമാം
സ്ഥാനം നിരന്തരം നൽകുമുർവ്വീപതേ.
നൃപതിവരനിതിമുനിഗിരം കേട്ടനന്തരം
നിർഭരാനന്ദമോടേവമുരചെയ്തു.
മുനിതിലക ഭവദുദിതമാം ശുഭധ്യാനേന
മുഖ്യമാമീശ്വരപൂജ ചെയ്തീടുന്നേൻ.
ഹൃദി സദയമിഹ ശൃണു മുനേ മഹാശക്തരാം
ഹേഹയതാലജംഘാദിവീരന്മാരാൽ.
അതികഠിനമഹഹ കൃതമായൊരുപദ്രവാൽ
അദ്യ ദഹിക്കുന്നു ചിത്തം വിശേഷിച്ചും.
അവരെ രണഭുവി ശമനപുരമതിലയക്കുവാ-
നത്യന്തശക്തനായോരു പുത്രൻ മമ.
സപദി തവ മനസി മയി കരുണയുളവായിനി
സ്സംഭവിപ്പാനായനുഗ്രഹിക്കേണമേ.
മനുജകുലവരവചനമിതി നിശമനം ചെയ്തു
മാമുനീന്ദ്രൻ താനുമേവമരുൾ ചെയ്താൻ.
നിയതമിതു തവ ഹിതമതായ കാര്യം ദ്രുതം
നിശ്ശങ്കമിന്നു ചെയ്യുന്നുണ്ടു ഞാൻ ദൃഢം.
പുരുഷവര തവ തനയനുടനെയുളവായ്വരും
പുത്രകാമേഷ്ടിയിന്നുമ്പാടു ചെയ്യേണം.
സപദി മമ കരണമതിനിന്നു വേണ്ടുന്നോരു
സംഭാരജാലവും സംഭരിച്ചീടുക.
പുനരവനിപതി മുനിഗിരം കേട്ടനന്തരം
പുത്രേഷ്ടിസാധകസംഭാരമൊക്കെയും.
വിരവിനൊടു മുനിവരനുരച്ചപോലെ തന്നെ
വീതഖേദമൊരുക്കീടിനാൻ സാദരം.

പുനരമിതകൗതുകസഹിതംഭരദ്വാജനും
പുത്രകാമേഷ്ടിയെച്ചെയ്യാൻവിധിപോലെ.
തന്നെനൃപവരനവിജഭാൎയ്യയാമേച്ചുന്ന
താരയെന്നാഖ്യയായീടുന്നനാരിയിൽ.
അമരവരസുതനസമനായുളവായ്വന്നി-
തംശ്രുപ്രതൎദ്ദനനെന്നൊരുനന്ദനൻ.
അവനഖിലഗുണനിലയനമിതബലവീൎയ്യവാ-
നത്യന്തധീമാനതിവതേജോമയൻ.
സമരഭുവിവിരവിനൊടുഹേഹയന്മാരെയും
സതാരംതാലജംഘന്മാരെയുമവൻ.
തപനസുതപുരമതിലയച്ചാനനന്തരം
താതനോടുംകൂടിവാണാൻപ്രതൎദ്ദനൻ.
മതിശകലധരവസതിയാകിയകാശിതൻ
മാഹാത്മ്യമേവമുരച്ചേൻമുനികളേ.
അധികരുചിയിനിയുമിതിലുണ്ടുനിങ്ങൾക്കെങ്കി-
ലമ്പോടുചൊൽവനെന്നേവംഭൃഗുമുനി.
അരുളിയതുനിഖിലമിഹനിങ്ങളോടിന്നുഞാ-
നാദരവോടറിയുംവണ്ണമോതിനേൻ.
മദനഹരദുരിതഹരവരദഹരശങ്കര
മന്ദാകിനീധരഗൌരീമനോഹര.
ശമനമദശമനകരശശധരകലാധര
ശാന്തേതരമനോദ്ഭൂതദയാപര.
പരമശിവഗിരിശമൃഡനിഖിലജഗദീശ്വര
പാലിക്കയെന്നുവാണീടിനാൾതത്തയും.

ശ്രീകാശീമാഹാത്മ്യം ചതുൎത്ഥാദ്ധ്യായം സമാപ്തം

---

## പഞ്ചമാദ്ധ്യായം.

ധന്യശീലേകിളിപ്പൈതലേചൊല്ലുനീ
യിന്നിയുംകാശിമാഹാത്മ്യമത്യുത്തമം.
എന്നതുകേട്ടുകിളിമകളുംമുദാ
വന്ദിച്ചുചൊല്ലിത്തുടങ്ങിനാളിങ്ങിനെ.
പിന്നെയുംമാമുനീന്ദ്രന്മാർഭൃഗുവിനെ
വന്ദിച്ചുചൊല്ലീടിനാർവിനയാന്വിതം.

ധന്യമൌലേഭഗവൻകാശിമാഹാത്മ്യ-
മൊന്നൊഴിയാതെകേട്ടേററവുംമാനസെ.
ഉന്നതതൃപ്തിഭവിച്ചിതിപ്പോഴിന്നു-
മൊന്നുണ്ടുഞങ്ങൾക്കുചോദിക്കുന്നുമാമുനെ.
പാരംമഹത്വമേറുന്നകാശീപുരം
പാരാതെസേവചെയ്യേണ്ടതുമെങ്ങിനെ.
നേരോടെചൊല്ലേണമെന്നാലനന്തരം
പാരാതെഞങ്ങൾക്കുപോയ്വണ്ണമേതെന്നു.
സ്വാൎത്ഥംലഘുതരംസാധിച്ചിടാമെന്ന
വാൎത്തകേട്ടമ്പോടുചൊന്നാൻഭൃഗുമുനി.
ഭൂരണശ്രേഷ്ഠരെശ്രദ്ധയാകേൾക്കുവിൻ
സാരമാംതത്വംപറഞ്ഞീടുവനഹം.
കാമമാത്സൎയ്യഡംഭങ്ങളുമൎത്ഥവും
കാമമകലെക്കളഞ്ഞുവഴിപോലെ.
ധൎമ്മമോക്ഷങ്ങളെപ്പാരംപുരസ്കരി-
ച്ചുമ്മഹാദേവപുരിയെബ്ഭജിക്കണം.
പാരംപ്രതിഗ്രഹത്തിൽപരാവൃത്തനായ്
നേരെശമദമത്തോടുസംയുക്തനായ്.
മാരവൈരിദ്ധ്യാനതല്പരചിത്തനായ്
വാരാണസീപുരസേവചെയ്തീടേണം.
കോട്ടമെഴുംപാപകൃത്യങ്ങൾചെയ്യാതെ
ലോഷ്ടാശ്മകാഞ്ചനതുല്യഹൃദയനായ്.
പഞ്ചാക്ഷരജപതല്പരനായ്സദാ
പഞ്ചബാണാരിപുരത്തെബ്ഭജിക്കണം.
പിന്നെഗൃഹസ്ഥനെന്നാകിലോധൎമ്മത്തി-
ലന്യൂനതല്പരനായ്സമാൎജ്ജിതമായ.
വിത്തംബഹിൎദ്ദാനമമ്പോടുചെയ്തഥ
നിത്യോപയോഗ്യമാംവിത്തവുംകൈക്കൊണ്ടു.
തീൎത്ഥപ്രിയനായതിഥികൾക്കിഷ്ടനായ്
മൃത്യുഞ്ജയപുരസേവചെയ്തീടേണം.
സ്വാദ്ധ്യായപാഠത്തിലത്യന്തനിഷ്ഠനായ്
നിത്യംഗുരുപരിചൎയ്യാനിരതനായ്.
ധൎമ്മപരനായ്സദാബ്രഹ്മചാരിയായ്
ത്ര്യംബകൻതന്റെപുരസേവചെയ്യേണം.

ഏതൊരു മൎത്ത്യരാൽ സേവ്യയെന്നുള്ളതും
സാദരം ചൊല്ലീടുവൻ കേട്ടുകൊള്ളുവിൻ.
യാതൊരു ദേശം സ്വജാത്യാനുസാരമാ-
മേതൊരു ധൎമ്മം വിധിച്ചിരിക്കുന്നിതോ.
തദ്ധൎമ്മനിഷ്ഠരാൽ തന്നെ വാരാണസീ
നിത്യവും സേവ്യയാണെന്നറിഞ്ഞീടേണം.
അന്ത്യരാം പുള്ളവർതമ്മുടെ ദേവക്ക
മന്നിടെ ഗ്രാമതുല്യയായേവത്രെ.
ആകയാൽ ധൎമ്മിഷ്ഠരാകുതിശാന്തരായ്
രാഗരോഷദ്വേഷവൎജ്ജിതരായ് സദാ.
ചന്ദ്രചൂഡോപാസകരായ് മുക്തിയെ
ത്താനെ വാഞ്ഛിച്ചുവാണീടും ജനങ്ങളാൽ
സേവിച്ചീടേണമവൎക്കു സാക്ഷാൽ ബ്രഹ്മ
കൈവല്യമാത്രം നൽകുന്നു വാരാണസീ.
മുന്നം പരാശരപുത്രനാം വ്യാസനി-
ലന്യൂനവിദ്വേഷമുണ്ടാകകാരണാൽ.
പന്നഗഭൂഷണൻ വാരാണസീപുരം
തന്നിൽനിന്നപ്പുറത്താക്കിനാൻ വ്യാസനെ.
എന്നതു കേട്ടു മുനികൾ ഭൃഗുമുനി
തന്നെ വന്ദിച്ചു ചോദിച്ചാരതു നേരം.
ദോഷാകരധരനായ വിശ്വേശന
ദ്വേഷം പരാശരജങ്കൽ വളരുവാൻ.
ദോഷമെന്തൊന്നനുഷ്ഠിച്ചു മുനികുല
ഭൂഷണനായ പരാശരനന്ദനൻ.
ദോഷജ്ഞങ്ങളോടിന്നതു ചൊല്ലീടു-
കീഷൽ തീരുംവണ്ണമാത്മവിത്താം ഭവാൻ.
തോഷമോടേ മുനികൾ ഗിരം കേട്ടോരു
ശേഷം ഭൃഗു താനുമേവമരുൾ ചെയ്തു.
വാസുദേവന്റെ കലാമയനാകിയ
വ്യാസമുനീശ്വരൻ സത്യവതീസുതൻ.
പാരാതെ ശിഷ്യഗണങ്ങളോടൊന്നിച്ചു
വാരാണസിക്കെഴുന്നെള്ളീടിനാൻ പുരാ.
തത്ര ഗമിച്ചോരനന്തരം താപസ
സത്തമനായ സംവൎത്തമുനീശ്വരൻ.

മൃത്യുഞ്ജയം കരുണാകരം ശങ്കരം
കാത്യായനീപ്രിയവല്ലഭമീശ്വരം.
മുഗ്ദ്ധേന്ദുശേഖരം വിശ്വൈകനായകം
മുക്തിപ്രദം മുകുന്ദാൎച്ചിതാംഘ്രിദ്വയം.
കൃത്തിവസനം കൃതാന്താന്തകാരിണം
ഭക്തപ്രിയം ഭവഭഞ്ജനം ശാശ്വതം.
ചിത്തദൃഢതരം ധ്യാനിച്ചു നിശ്ചലം
തത്ര വാഴുന്നതു കണ്ടിതു വ്യാസനും.
ധന്യനാം സംവൎത്തമാമുനി തന്നുടെ
പുണ്യാശ്രമപദത്തിന്നടുത്താദരാൽ.
തന്നുടെ ശിഷ്യഗണങ്ങളോടും തത്ര
സന്നഖേദം വസിച്ചീടിനാൻ വ്യാസനും.
വേദാൎത്ഥതത്വവിത്തം മുനി ശിഷ്യരെ
വേദാദ്ധ്യയനമമ്പോടു ചെയ്യിച്ചിതു.
അദ്ധ്യയനോത്ഭവകോലാഹലത്തിനാൽ
തദ്ധ്യാനവിഘ്നം ഭവിച്ചിതു നേരം.
സിദ്ധനാം സംവൎത്തമാമുനിനായകൻ
സ്വാദ്ധ്യാനമങ്ങു വെടിഞ്ഞു നോക്കും നേരം.
വ്യാഖ്യാനതല്പരനായ്വസിക്കുന്നൊരു
വിഖ്യാതനാം വ്യാസനെക്കണ്ടനന്തരം.
നല്ലവണ്ണം താനറിയുമെന്നാകിലും
മെല്ലവേ ചോദിച്ചു സംവൎത്തനിങ്ങിനെ.
ആരെടോ ചൊൽക ഭവാനെവിടുന്നിഹ
നേരെ സമാഗതനായതും കാശിയിൽ.
വാസം ഭവാനെത്രകാലമായെന്നതും
ഭാസുരബുദ്ധേ പറകെടോ സാദരം.
ഇത്തരം സംവൎത്തമാമുനിതൻഗിരം
സത്യവതീസുതൻ കേട്ടോരനന്തരം.
ഉത്തരമേതുമുരച്ചീലതു നേരം-
മുത്ഥായ ജൈമിനി താനുമുച്ചൈസ്സ്വരം.
ചിത്തേ ഹസിച്ചവൻ പോലുരച്ചീടിനാൻ
ചിത്രമിദം മഹാബ്രഹ്മൻ മഹാമുനേ.
സത്യവതീസുതനാകിയ വ്യാസനെ
സ്സത്തമനാം ഭവാൻ താനറിയുന്നില്ലേ.

വൎത്തമാനൻസൎവ്വലോകത്തിലുംപുരു-
ഷോത്തമൻസാക്ഷാലനശ്ല്യവാണീയുതൻ.
ദ്വൈപായനൻസൎവ്വവിദ്യാനിധിമഹാ
താപസവൎയ്യനാമിദ്ദേഹമിപ്പൊഴെ.
തന്നുടെശിഷ്യഗണങ്ങളോടൊന്നിച്ചു
പുണ്യമാംനൈമിശാരണ്യത്തിൽനിന്നിഹ.
വന്നിതിപ്പോൾത്തന്നെവാരാണസീപുരം
തന്നിൽപ്രസംഗംനിമിത്തമെന്നോൎക്കെടാ.
ഇന്നൊരുകാൎയ്യവശാൽവന്നതല്ലെന്നു
നന്നായറിഞ്ഞുകൊണ്ടാലുംതപോനിധേ.
സത്തമനാകുമിദ്വൈപായനമുനി-
യത്രവാഴുന്നിതെന്നാലവിടെത്തന്നേ.
ഉത്തമതീൎത്ഥങ്ങളൊക്കെയുമുണ്ടെന്നു
ചിത്തതാരിങ്കൽധരിച്ചുകൊണ്ടീടുക.
നമ്മൾക്കുധൎമ്മവ്യവസ്ഥാപനാൎത്ഥമാ-
യാമ്നായഭാഗകൃത്താണീമുനീശ്വരൻ.
ഇത്തരംജൈമിനിതന്നുടെഭാഷിതം
ശ്രുത്വാമുനീന്ദ്രനാംസംവൎത്തനന്നേരം.
വ്യക്താക്ഷരംജൈമിനിയാംമുനിതന്നോ-
ടിത്തരമല്പംഹസിച്ചുചൊല്ലീടിനാൻ.
ജൈമിനേകാശിയിൽവന്നോരുനീയിഹ
സാമഹീനംപറഞ്ഞീടരുതീവിധം.
ധൎമ്മസമേതവാക്യംഭഗവാൻവ്യാസ-
നമ്മളോടിന്നരുൾചെയ്യട്ടെസാദരം.
ഭാസാമഹാഭാഗനാകുമീധന്യനെ
വ്യാസമഹാമുനിയെന്നറിയുന്നുഞാൻ.
എന്നാകിലുംധൎമ്മബോധനചേഷ്ടിത-
മിന്നിഹവ്യാസനുയുക്തമല്ലേതുമേ.
എന്നതുകേട്ടോരനന്തരംവ്യാസനും
തന്നുടെശിഷ്യൎക്കുകാശിമാഹാത്മ്യത്തെ.
യെന്നൊഴിയാതെകേൾപ്പിക്കേണമെന്നാൎത്ത
മന്ദസ്മിതംചെയ്തിവണ്ണമരുൾചെയ്തു.
ബ്രഹ്മൻതപോനിധേസംവൎത്തമാമുനെ
സന്മതേഞാൻധൎമ്മബോധനചേഷ്ടിതം.

എന്തൊന്നനുഷ്ഠിച്ചിതെന്നുമെ ചൊല്ലീടുക
ഹന്ത മോഹിക്കുന്നു ധർമ്മവിരിഞ്ചനും.
ഇത്തരം വ്യാസവാക്യം കേട്ടനന്തര-
മുത്തരം സംവർത്തനിത്തരം ചൊല്ലിനാൻ.
വ്യാസമഹാമുനിശ്രേഷ്ഠ ധരിക്കെടൊ
കാശിയാകുന്നിതിതു ശാങ്കരീപുരി.
തീർത്ഥങ്ങളെല്ലാററിലും വെച്ചതിവേല-
മുത്തമയാണെന്നറിഞ്ഞീടതുപോലെ.
ക്ഷേത്രങ്ങളിൽ വെച്ചുമുത്തമയെന്നതും
ചിത്തേ ഭവാൻ ധരിച്ചീടുക സാമ്പ്രതം.
ഇത്തരം വർത്തിക്കുമിക്കാശിതന്നുടെ
യുത്തമമായുള്ള ദർശനത്താൽത്തന്നെ.
ഉത്തുംഗപാതകൌഘങ്ങളഖിലവും
സത്വരം നാശം ഭവിക്കുമസംശയം.
അത്ര വാരാണസിതന്നിൽ വാണീടുകിൽ
മുക്തി സാധിച്ചീടുമഞ്ജസാ മാമുനേ.
മൃത്യുഞ്ജയാവാസമാകുമിക്കാശിയിൽ
രാത്രിത്രയമുപാസിച്ചാലതിൻ ഫലം.
നിത്യമനേകസഹസ്രജന്മം ചെയ്യു
സത്തപസ്സിൻ ഫലത്തെക്കാളധികമാം.
അത്ര കാശീമഹാക്ഷേത്രാന്തരത്തിങ്കൽ
മൃത്യുവെ പ്രാപിപ്പവന്റെ കർണ്ണത്തിങ്കൽ.
ശുദ്ധമാം ബ്രഹ്മൈക്യകാരകം താരകം
ബദ്ധാദരമുപദേശിക്കുമീശ്വരൻ.
അത്യന്തയത്നേന കോടിജന്മങ്ങളിൽ
മുക്തിപ്രദങ്ങളായന്യങ്ങളായുള്ള.
ഉത്തമനിത്യകർമ്മങ്ങൾ കൊണ്ടും നൃണാ-
മെത്തുമോ മോക്ഷമറിയരുതെത്തുമെ.
കാശീമഹാക്ഷേത്രമാമിവിടെ പ്രാണ-
നാശം ഭവിച്ചീടുകിലവനഞ്ജസാ.
ഈശകാരുണ്യാൽ പരയാം ഗതിയെയു-
മീഷലെന്യെ ഗമിച്ചീടും മഹാമതെ.
അത്രമാഹാത്മ്യമുള്ളോരിമ്മഹാക്ഷേത്ര-
മുത്തമശിഷ്യഗണങ്ങളോടൊന്നിച്ചു.

ചീൎത്തസന്തോഷേനവന്നോരനന്തരം
സത്യവതീസുതനായഭഗവാനിഹ.
ഗംഗാസലിലസമ്മേളിതമായതി
മംഗലമാംചക്രപുഷ്കരണീജലെ.
തിങ്ങുന്നഭക്തിയോടുംസ്നാനമാചരി-
ച്ചംഗജാരാതിയാംവിശ്വേശ്വരൻതന്നെ.
അൎച്ചനംചെയ്യുതില്ലായതുതന്നെയാ-
ണച്യുതാംശോൽഭൂതനാംഭഗവാനിന്നിഹ.
മെച്ചമേറുംധൎമ്മബാധനചേഷ്ടിതം
നിശ്ചയമാചരിച്ചെന്നുഞാൻചൊന്നതും.
ആകയാലിന്നുദേവൻഗമിച്ചമ്പോടു
വേഗേനതീൎത്ഥവിധിയാചരിച്ചാലും.
ലോകമഹാധൎമ്മതത്വജ്ഞനാംഭവാ-
നാകവേസൎവ്വമറിയുമല്ലോമുനേ.
എന്നതുകൊണ്ടുപാരാശൎയ്യനാംഭവാൻ
തന്നോടുഞാനതുചൊല്ലുന്നതില്ലേതും.
എന്നുസംവൎത്തമഹാമുനിതൻഗിരം
ധന്യനാംദ്വൈപായനൻകേട്ടനന്തരം.
ഉന്നതാമോദേനശിഷ്യഗണങ്ങളോ-
ടൊന്നിച്ചുടൻവിധിപോലെതീൎത്ഥങ്ങളിൽ.
സ്നാനവുംചെയ്തുതത്വജ്ഞനാംമാമുനി
മീനധ്വജാരിയാംവിശ്വേശ്വരനെയും.
മേനാത്മജയായഗൌരിയെയുംവാര-
ണാനനനാകിയവിഘ്നേശ്വരനെയും.
മാനസഭക്തിയോടൎച്ചിച്ചുവന്ദിച്ചു
മാനാദിഹീനനാംദ്വൈപായനൻതദാ.
ദിവ്യചിദ്വാപിയെയുമഭിവന്ദിച്ചു
നിൎവ്വാണമണ്ഡപേചെന്നിതന്നാദരാൽ.
രുദ്രസൂക്തങ്ങളെല്ലാംജപിച്ചമ്പോടു
രുദ്രസേവാപരനായിരിക്കുംനേരം.
കദ്രുസുതാഭരണൻവിശ്വനായകൻ
ഭദ്രൻപാൎവ്വതീകാന്തൻമഹേശ്വരൻ.
സ്വ[illegible]ൻവ്യാസതത്വമറിയുവാൻ
വിദ്രുതംബീഭത്സമായതിനിന്ദ്യമാം.

വെഷംധരിച്ചുമുനിജനമാമ്നായ-
ഘോഷവുംചെയ്തുവാണീടുംസഭാന്തരെ.
സൎവ്വമുനികളുംമൌനമാക്കിയിരിക്കവെ
സൎവ്വജ്ഞനാംവ്യാസമാമുനിതന്നൊടെ.
നേരിട്ടുചൊന്നീടിനാൻശങ്കയെന്നിയെ
പാരംനിഷിദ്ധനെന്നാലുംമുഹുരപി.
ദ്വൈപായനനാംമുനിയുമതുകണ്ടു
കോപവിദ്വെഷസമാകുലനായുടൻ.
ശ്രീപാൎവ്വതീകാന്തനെന്നറിഞ്ഞീടാതെ
ശാപേനഭസ്മീകരിപ്പാനൊരുങ്ങിനാൻ.
അനന്തരമാശുഭഗവാൻപുരാന്തകൻ
പന്നഗഭൂഷണൻവിശ്വേശ്വരൻപരൻ.
ഇന്ദ്രാദിവൃന്ദാരകവൃന്ദസേവിത-
നിന്ദിരാവല്ലഭപൂജിതാംഘ്രിദ്വയൻ.
ചന്ദ്രചൂഡൻലോകശങ്കരൻശങ്കരൻ
കന്ദൎപ്പവൈരിമറഞ്ഞാനന്നേരം.
നിഷ്കളങ്കായുതശാരദേന്ദുപ്രഭാ
ധിക്കൃതിജാഗ്രൽകപ്രഭായുക്തനായ്.
മാൎത്താണ്ഡചന്ദ്രാഗ്നിലോചനനീശ്വര-
നാൎത്താൎത്തിനാശനൻദേവൻമഹേശ്വരൻ.
കാത്യായനിദേവിതന്നാൽപരിരബ്ധ-
മൂൎത്തിയായ്നാനായുധോജ്വലിതങ്ങളാം.
പത്തുകരാംഭോരുഹങ്ങളോടുംതദാ
പ്രത്യക്ഷനായ്പുരോഭാഗെവിളങ്ങിനാൻ.
ഇത്തരമഗ്രഭാഗെപരിശോഭിക്കു-
മിത്രിലോകീശനാമീശനെക്കണ്ടുടൻ.
സത്യവതീസുതൻമുമ്പാംമുനിഗണ-
മത്യുത്ഭുതംപൂണ്ടുതച്ചരണാംബുജെ.
ഭക്ത്യാനമിച്ചുഴനീറവബഹുവിധ-
സ്തോത്രങ്ങളാലീശനെസ്തുതിച്ചീടിനാർ.
ശങ്കരശംഭോമഹാദേവഗോപതെ
തിങ്കൾക്കലാധരവിശ്വനാഥവിഭോ.
പങ്കജജന്മാദിനിൎജ്ജരസേവിത
പങ്കജബാന്ധവചന്ദ്രാഗ്നിലോചന.

വൻകരിവീരചൎമ്മാംബരധൃഗ്ജടെ
പങ്കവിനാശനപാൎവ്വതീവല്ലഭ.
തുംഗഭുജംഗവിഭൂഷമഹാദേവ
ഗംഗാധരശരഢധ്വജദേസവിത.
പിംഗജടാജൂടമണ്ഡലമണ്ഡിത
പങ്കജബാണാന്തകനമസ്തേസദാ.
ഇങ്ങിനെവ്യാസാദിയായമുനിജനം
തിങ്ങിനഭക്ത്യാപുകഴ്ന്നോരനന്തരം
അംഗജാരാതിയാംവിശ്വേശ്വരൻമുനി-
പുംഗവനാകിയവ്യാസനോടന്നേരം.
കോപിച്ചുകൊണ്ടുന്നതോന്നുമാറിങ്ങിനെ
ശ്രീപരമേശ്വരൻതാനരുൾചെയ്തു.
ദ്വൈപായനമുനേപോകപുറത്തുനീ
യാവസിപ്പാനത്രയോഗ്യനല്ലേതുമേ.
കോപരാഗദ്വേഷമാനസന്മാൎക്കിഹ
മേപുരിവാസത്തിനൎഹയല്ലോൎക്കെടോ.
നിന്നെമദേകശരണനെന്നുള്ളതു
നന്നായറിയുന്നതൊന്നുംമഹാമതെ.
എന്നതുകൊണ്ടുനിന്നോടുപറയുന്നി-
തിന്നതുകേട്ടുകൊണ്ടാലുംമുനിവര.
ഏതൽക്ഷേത്രത്തിൽനിന്നൊട്ടുദൂരവെ
ചെന്നുവസിച്ചുനിഷ്കാമനായ്സന്തതം.
ഉന്നതഭക്തിയോടുംകൂടിനിത്യവു-
മെന്നെയാരാധിച്ചുകൊൾകവഴിപോലെ.
പിന്നെനീ രാഗാദിനിൎമ്മുക്തനായ്മമ-
മന്ദിരേവാണുകൊണ്ടീടുകമാമുനേ.
എന്നിങ്ങിനേഭഗവാൻവിശ്വനായകൻ
പന്നഗഭൂഷണൻദേവൻദയാപരൻ.
തന്നുടെപാദഭക്തന്മാൎക്കസന്തതം
വൃന്ദാരകദ്രുമ തുല്യൻമഹേശ്വരൻ.
ധന്യനാംമാമുനിതന്നോടരുൾചെയ്തു
മന്ദംമറഞ്ഞരുളീടിനാനീശ്വരൻ.
പിന്നെവേദവ്യാസനാംമുനിനായകൻ
തന്നുടെശിഷ്യവൃന്ദത്തോടൊരുമിച്ചു.

കന്ദർപ്പവൈരിയാം വിശ്വൈകനായകൻ
തന്നാജ്ഞയെശ്ശിരസാവഹിച്ചാദരാൽ.
ക്ഷേത്രബഹിർഭാഗദേശേ വസിച്ചുകൊ-
ണ്ടാർത്താർത്തിനാശനനായ വിശ്വേശന്റെ.
കാൽത്താരടിയിണ പൂജിച്ചു വന്ദിച്ചു
ചിത്തശുദ്ധ്യാ വസിച്ചീടിനാൻ വ്യാസനും.
എന്നതുകൊണ്ടു രാഗാദിവർജ്ജപ്പെട്ടുള്ള
ധന്യരാം മുഖ്യാധികാരികളാൽ തന്നേ.
സേവിപ്പതിന്നു വാരാണസീ യോഗ്യയെ-
ന്നേവരും ചിത്തെ ധരിച്ചുകൊണ്ടീടുവിൻ.
കേവലം നിങ്ങൾ ചോദിച്ചതു കാരണാ-
ലേവമെല്ലാം ഞാനുരച്ചേൻ മുനികളേ.
വാരാണസീപരിമാണത്തെയുമിനി
യീരണം ചെയ്തീടുവൻ കേട്ടുകൊള്ളുവിൻ.
മദ്ധ്യമേശം തുടങ്ങീട്ടു നേരേ പുന-
രുത്തമദേഹളീവിഘ്നേശനോളമായ്.
സൂത്രം പിടിച്ചങ്ങു നാലു ദിക്കിങ്കലു-
മത്തരം മണ്ഡലാകാരമായ് ചുററിയാൽ.
തത്ര ഭവിക്കുന്നയാതൊരു രേഖ തൻ
മദ്ധ്യത്തിലുത്തമമാം മഹാക്ഷേത്രത്തെ.
കാശിയെന്നിങ്ങിനെ ചൊല്ലുന്നു വേദങ്ങ-
ളീശവാസസ്ഥാനമാമവിടെത്തന്നെ.
മുക്തിപ്രതിഷ്ഠയും ചെയ്തു കാശികയ്ക്കുള്ളിൽ
നിത്യാവിശേഷഫലസാധനമായി
വാരാണസിയെന്ന നാമധേയത്തോടു-
മീരേഴുലോകങ്ങളിലും പ്രസിദ്ധമായ്.
പാരം പരമമാം ക്ഷേത്രം മഹാത്ഭുതം
നേരേ വിളങ്ങുന്നിതെന്നറിഞ്ഞീടുവിൻ.
നേരോടു ക്ഷേത്രത്തിനുള്ളോരളവിനെ
യീരണം ചെയ്തീടുവൻ കേട്ടുകൊണ്ടാലും.
പോരെഴും തെക്കുവടക്കെന്നദിക്കുക-
ന്നേരേ കിഴക്കു വാരണാസിയും തഥാ.
പശ്ചിമഭാഗത്തു ജാഹ്നവിയും പാശ-
ഹസ്തനായീടും വിഘ്നനായകദേവനാം.

ചിത്തുന്നവാരാണസിയാമിതിനുടെ
യന്തഃസ്ഥിതമായതിതരാംരമ്യമായ്.
നിത്യംവിശേഷഫലസാധനമവി
മുക്തമെന്നിങ്ങിനെപാരിൽപ്രസിദ്ധമായ്.
ക്ഷേത്രമൊന്നുണ്ടതിന്നുള്ളോരളവിനെ
യത്രഞാൻസംക്ഷേപമായുരച്ചീടുവൻ.
പന്നഗഭൂഷനാംവിശ്വേശ്വരൻതങ്കൽ
നിന്നുവഴിപോലെനാലുദിക്കിങ്കലും.
അന്യൂനമായിരുനൂറുവില്പാടൊട്ടു
മേവുന്നുള്ളവിടത്തവിമുക്തമെന്നുള്ള.
ധന്യമാംക്ഷേത്രംവിളങ്ങുന്നിതത്ര
സന്ദേഹമില്ലകൈവല്യംകരസ്ഥമാം.
പശ്ചിമദിക്കിലുംപൂർവ്വദിക്കിങ്കലും
നിശ്ചലനായഗോകർണ്ണേശ്വരൻതാനും.
ഗംഗതൻമദ്ധ്യത്തിൽനിന്നുത്തരാദിശി
ത്തുംഗാനുഭാവനാംഭാരഭൂതൻതാനും.
തെക്കുമഗസ്ത്യബ്രഹ്മേശാനനുമെന്നു
ചൊൽക്കൊണ്ടപണ്ഡിതന്മാരുരച്ചീടുന്നു.
വിശ്വവിഖ്യാതമായിട്ടുമത്തുതന്നേ
വിശ്വനാഥാലയമെന്നറിഞ്ഞീടുവിൻ.
എന്നതുകേട്ടുമുനികൾഭൃഗുവിനെ
വന്ദിച്ചുചോദിച്ചുപിന്നെയുംസാദരം.
കേൾക്കഭഗവൻമുനേനിന്തിരുവടി
യാക്കമോടേവിശ്വനായകൻതന്നുടെ.
ക്ഷേത്രത്തെനാലുവിധമായരുൾചെയ്യു-
തത്രവിസ്താരമായോതുകയുംവേണം.
തത്രതത്രൈവദേഹത്തെവെടിഞ്ഞോരു
മർത്ത്യരെന്തെന്തുഫലത്തെലഭിച്ചീടും.
സത്തമനാകുംഭവാനതുഞങ്ങൾക്കു
ചിത്തസന്ദേഹമൊഴിയുമാറോതുക.
ഉക്തമേവംകേട്ടനേരംഭൃഗുതാനു-
മെത്രയുംമോദംകലർന്നുചൊല്ലീടിനാൻ.
ക്ഷേത്രംചതുർവ്വിധമെന്നങ്ങിരിക്കിലു-
മെത്രയുംപാവനമാകുമിക്ഷേത്രത്തിൽ.

മൃത്യുഭവിച്ചാലവൻഗൎഭയാതനാ
പാത്രമായീടുകയില്ലൊരുകാലവും.
ഇത്തരമുള്ളൊരുൽകൃഷ്ടവിശേഷമി-
ക്ഷേത്രത്തിനുണ്ടെന്നറിവിൻമുനികളെ.
കാശിയിൽവെച്ചുമരിച്ചീടുകിലവ-
നാശുസാക്ഷാൽഗമിച്ചീടുന്നുസാലോക്യം.
പിന്നെസ്സരൂപതയേയുമനന്തരം
സാന്നിദ്ധ്യവുംവഴിപോലെഭുജിക്കുന്നു.
പിന്നെഗ്ഗമിക്കുന്നുബ്രഹ്മൈക്യവുംക്ഷണാൽ
പിന്നെയവൻപരാവൎത്തിക്കയില്ലെല്ലാം.
വാരാണസിയിൽമരിച്ചോരുജന്തുതാൻ
സാരൂപ്യമാശുസാക്ഷാൽഭുജിച്ചീടുന്നു.
പിന്നെഗ്ഗമിക്കുന്നുസാന്നിദ്ധ്യമാശുതാൻ
പിന്നെയാംബ്രഹ്മൈകതയുംലഭിക്കുന്നു.
വിഖ്യാതമാമവിമുക്തെമരിച്ചവൻ
സാക്ഷാൽഗമിക്കുന്നുസാന്നിദ്ധ്യവുംതഥാ.
പിന്നെച്ചിദാനന്ദരൂപമാംബ്രഹ്മത്തിൽ
തന്നേലയിക്കുന്നുസംശയമില്ലേതും.
സാലോക്യസാരൂപ്യസാന്നിദ്ധ്യമെന്നിവ
ചാലവെകല്പങ്ങളാംതോറുംലഭിക്കുന്നു.
പിന്നീടുബ്രഹ്മാത്മകനായ്ഭവിക്കുന്നി-
തെന്നങ്ങറിഞ്ഞുകൊണ്ടാലുംമുനികളേ.
അന്നേരമാദരപൂൎവ്വംഭൃഗുവിനെ
വന്ദിച്ചുചൊന്നാർമുനികളുമിങ്ങിനെ.
നിശ്ശേഷവേദാൎത്ഥതത്വജ്ഞനാംഭവാൻ
വിശ്വേശവാസമാംകാശീപ്രഭാവത്തെ.
നിശ്ശങ്കമെല്ലാമരുൾചെയ്തതുകേട്ടു
വിശ്വാസമേററംഭവിച്ചുഭൃഗുമുനേ.
ചൊല്ലീടവേണംഭവാൻഞങ്ങളോടിനി
നല്ലവിജ്ഞാനോദയമായമാൎഗ്ഗവും.
കല്യരാംമാമുനിമാരുടെവാക്കുകേ-
ട്ടുല്ലാസമോടെഭൃഗുമുനിയുംചൊന്നാൻ.
നാലുവിധമായ്വിഭാവിതമാകുമി-
ശൈലജാവല്ലഭക്ഷേത്രമെല്ലാററിലും.

നീലകണ്ഠൻഭഗവാൻവിശ്വനായകൻ
ചാലവേബ്രഹ്മൈക്യബോധകമാകിയ.
താരകവാക്യോപദേശവുംചെയ്യുന്നു
നേരൊടെന്നാലുമവിടവിടങ്ങിങ്കൽ.
മൃത്യുവെപ്രാപിച്ചവൻഭോഗപൂർവ്വകം
മുക്തിയെപ്രാപിച്ചിടുന്നിതെത്രതന്നേ.
പാർക്കിൽജീവന്മുക്താവസ്ഥയെന്നുള്ളതു
നീക്കമില്ലാകേട്ടുകൊള്ളുവിനിന്നിയും.
അന്തർഗൃഹങ്ങളിങ്കൽവെച്ചുമരിച്ചവ-
നന്തരമില്ലകൈവല്യംഗമിക്കുന്നു.
യാതൊരുപായേനലഭ്യമെന്നാലതും
സാദരംചൊല്ലാംശ്രവിച്ചുകൊണ്ടീടുവിൻ.
ജന്മാന്തരസഹസ്രങ്ങളിൽചെയ്തുള്ളോ-
രമ്മഹാദേവാപ്പിതങ്ങളായീടുന്നു.
ധർമ്മകർമ്മങ്ങളെക്കൊണ്ടുവിശ്വേശ്വരൻ
തന്മഹാക്ഷേത്രേഗമിപ്പാനിടവരും.
പങ്കജബാണാരിതന്റെയാരാധന-
ത്തിങ്കലതിനിഷ്ഠരാകിയഭക്തന്മാർ.
ശങ്കരാനുഗ്രഹാൽതന്നെയക്ഷേത്രത്തി-
ലങ്ങുഗമിക്കുന്നുകേൾപ്പിൻമുനികളേ.
മററുള്ളസാധനകോടികളെക്കൊണ്ടും
പൊററുമസാധിക്കയില്ലെന്നറിയുവിൻ.
ഏററംരഹസ്യമായൊന്നുചൊല്ലുന്നുഞാൻ
കററാമെന്ന്യേകേട്ടുകൊള്ളുവിനിന്നിയും.
ഗൗരീശ്വരാവാസമായ്വിളങ്ങീടുമീ
വാരാണസീമഹാക്ഷേത്രസമാനമായ്.
പാരിടംമൂന്നിലുമില്ലെന്നതല്ലിതിൽ
പാരമധികമാംക്ഷേത്രവുമില്ലല്ലോ.
സത്യമിതുസത്യമെന്നകതാരതി-
ലോർത്തുകൊണ്ടാലുംമുനികളേസാമ്പ്രതം.
അത്രാത്മധർമ്മസംയുക്തനായ്സന്തതം
ഗാത്രപതനേച്ഛയോടുംവസിക്കേണം.
അല്ലെന്നാകിലുംനാശകൃത്തായുള്ള
കിൽബിഷംചെയ്തീടരുതൊരുനാളുമേ.

സപ്രമാദത്താൽകൃതമായപാതകം
ക്ഷിപ്രംനശിപ്പിക്കവെണമെന്നാകിലൊ.
തല്പാപനാശെച്ശയൊടുകൂടിസ്സദാ
മുപ്പുരാരാതിയാംവിശ്വെശ്വരൻതന്റെ.
ക്ഷെത്രത്തെനിത്യംപ്രദക്ഷിണംചെയ്യെണ-
മത്യന്തഭക്തിയൊടെന്നുധരിച്ചാലും.
വാരാണസിയാംപുരിതൻപ്രദക്ഷിണം
പാരാതയനങ്ങൾരണ്ടിലുംചെയ്യെണം.
സംവത്സരംതൊറുമെങ്കിലുംകാശിയെ
സ്സംവൃദ്ധഭക്ത്യാപ്രദക്ഷിണംചെയ്യെണം.
ലിംഗഭൂതങ്ങളിലെല്ലാററിലുംസദാ
തിങ്ങിനഭക്ത്യാവപൂജചെയ്യീടെണം.
രുദ്രസൂക്തത്തെനിത്യംജപിച്ചീടെണം
രുദ്രമന്ത്രത്തെയുംശീലിച്ചുകൊള്ളെണം.
രുദ്രരൂപത്തെയുംപ്രാണമന്ത്രത്തെയും
വിദ്യാവിജിതെന്ദ്രിയനായ്ജപിക്കണം
ഏററംവിരക്തനായ്കാമനാധീനനായ്
ചെററമെദ്വെഷദംഭാദികൾകൂടാതെ
കുററൻമുക്തികരമീശ്വരാവാസമാം
കുററമററുള്ളൊരുവാരാണസീപുരെ.
നിത്യംവാണുകൊണ്ടീടുന്നവൻസദാ
സത്യമാംബ്രഹ്മരൂപംകണ്ടുമെവുന്നു.
തീൎത്ഥസാമൎത്ഥ്യസംസ്ഥമായിരിക്കുന്നൊ-
രുത്തമഭാഗീരഥിയാൽവിമിശ്രമാം.
വാരാണസിയാകിൽമുക്തിസാദ്ധ്യമതിൽ
പാരമാശ്ചൎയ്യമെന്തൊന്നുള്ളതൊൎക്കകിൽ.
ഒന്നുമറിയാതെയൊബുദ്ധിപൂൎവ്വമൊ
തന്നുടെതൊയശരീരമുപെക്ഷിച്ചു.
ധന്യനകെവലാമന്ദാകിനീജന്നു
നന്ദനാമൊക്ഷംകൊടുക്കുന്നിതുദൃഢം.
ഏതൊരുജന്തുവെന്നാകിലുംഭൂതലെ
സാദരംഗംഗയിൽദെഹമുപെക്ഷിച്ചാൽ.
പാതകംതൽസംഗമത്താൽനശിച്ചുടൻ
പൂതനായ്ബ്രഹ്മഭാവംലഭിക്കുംദൃഢം.

സച്ചിദാനന്ദസ്വരൂപമാംബ്രഹ്മംതാൻ
നിശ്ചയംസ്വർന്നദീഭാവംഗമിച്ചിതു.
സത്യമായുള്ളതേപറയുന്നതൊന്നിതിൽ
ചിത്തസന്ദേഹംഭവിക്കരുതേതുമേ.
മന്നിടപുണ്യയായ്സോമോത്ഭവയാകു-
മിന്നദിയുംമറ്റുമുള്ളനദികളും
ഒന്നൊഴിയാതെമന്ദാകിനീതോയത്തിൽ
നന്നായ്നിമജ്ജനംചെയ്തുവഴിപോലെ.
പാരിടമെല്ലാംപവിത്രമാക്കിക്കൊണ്ടു
പാരംമഹിമയോടേവിളങ്ങീടുന്നു.
കുംഭജന്മാവാമഗസ്ത്യമുനീശ്വര-
നംഭോധിതന്നിലുള്ളോരുജലമെല്ലാം.
തൻപാണിപങ്കജത്തിങ്കലാക്കിക്കൊണ്ടു
വൻപിനോടാചമനംചെയ്തൊരുകാലം.
ഉമ്പർനദീജലത്താൽതന്നെവാരിധി
സമ്പൂർണ്ണകല്ലോലമാലാവൃതമായിതു.
ദിവ്യംമഹാപ്രഭാവത്തോടുപേതയായ്.
നിർവ്വാണദായകസൽപ്രവാഹയായ്
ഗോവിന്ദപാദാരവിന്ദസംഭൂതയായ്
കേവലംദർശനമാത്രപാപഘ്നിയായ്.
സർവ്വജ്ഞമസ്തകലാളിതയാകിയ
ശുചിയാംഭാഗീരഥീജഗന്നന്ദനാ
നിർവ്വാണമായശങ്കരക്ഷേത്രത്തിൽ
സർവ്വദാപ്രത്യക്ഷയായ്വിളങ്ങീടുന്നു.
ചിന്തിച്ചുകാണ്കിലൊരോന്നുതന്നെയിഹ
സന്തതംമോക്ഷത്തിന്നുസാധനമാണല്ലൊ.
പിന്നെരണ്ടുംകൂടിമോക്ഷത്തെയേകുന്നി-
തെന്നുള്ളതിൽചിത്രമെന്തുവിചാരിച്ചാൽ.
കീടതതിങ്കൽമരിച്ചവനാകിലു-
മേകാന്തപാപകർമ്മശ്രദ്ധനാകിലും.
യാതൊരുത്തൻതന്റെയസ്ഥിഖണ്ഡാപരി
പൂതയായീടുന്നമന്ദാകിനീതന്നിൽ.
ദൈവയോഗത്താൽപതിക്കുന്നതാകിലോ
കേവലമായവൻതാനമപ്പോൾതന്നെ.

സൎവ്വപാപങ്ങളുംവേർപെട്ടുവൈകാതെ
ദിവ്യമഹാഭോഗസംയുക്തനായ്പിന്നെ.
ദേവലോകത്തിലറുപതിനായിരം
സംവത്സരംസംപൂജ്യനായിവാഴുംദൃഢം.
ഏവമുള്ളോരുമന്ദാകിനീപാവനീ
ദേവനദീസൎവ്വതീൎത്ഥസമന്വിതാ.
ഏതൊരേടത്തുവിളങ്ങുന്നുസന്തതം
പാതകനാശിനിയാകുമക്കാശിയെ.
ഘോരസംസാരമോക്ഷാൎത്ഥമായ്പാരതി-
ലാരൊരുത്തൻസേവചെയ്യാതെയുള്ളതും.
സൎവ്വരുംസേവിച്ചുസൎവ്വകല്യാണവും
നിൎവ്വാണവുംദേഹനാശേലഭിക്കുന്നു.
ഉത്തമമായുള്ളകാശിമാഹാത്മ്യത്തെ
യിത്തരംനിങ്ങളോടൊട്ടുഞാൻചൊല്ലിനേൻ.
സത്യമിതിന്റെശ്രവണമാത്രത്തിനാ-
ലത്തുംഗപാപങ്ങളൊക്കെയുംവേർപെട്ടും.
ധീമൻമഹാമതേശൌനകമാമുനേ
മാമുനിവൎയ്യനായീടുംഭൃഗുമുനി.
ശ്രീസോമചൂഡക്ഷേത്രമാഹാത്മ്യമിങ്ങിനെ
ലോമശനാദിമുനികളോടോതിനാൻ.
നിത്യമിതിനെശ്രവിച്ചുകൊണ്ടാൽത്തന്നെ
ബഹുലമാംപാതകസംഘാതപഞ്ജരം.
സത്വരംസൎവ്വംനശിച്ചീടുമെന്നതു
ചിത്തേദൃഢമായ്ധരിച്ചുകൊണ്ടീടുവിൻ.
പാപസംഘങ്ങൾക്കുനാശത്തിനായ്ക്കൊണ്ടും
പാൎവ്വതീശപ്രീതിലാഭത്തിനായ്ക്കൊണ്ടും.
മാനസതാരിലസൂയാദിദുൎഗ്ഗുണ
ഹീനരായീടുന്നമാനവന്മാർതന്നെ.
ആനന്ദമോക്ഷപ്രദമാമിതുസദാ
നൂനംപഠിക്കയുംകേൾക്കയുംചെയ്യേണം.
മംഗലമാമിതുതന്നെപരന്തപാ
ത്തുംഗമായീടുംതപസ്സുമിതുതന്നേ.
ഇങ്ങിനെചിന്തിച്ചനന്യധീയായിട്ടു
തിങ്ങിനഭക്ത്യാസതതംജപിക്കേണം.

കാശീപുരാധീശ്വരൻവിശ്വനായക-
നീശനിതിന്റെപാഠനാൽപ്രസന്നനായ്.
ആശയത്തിങ്കലഭീഷ്ടാൎത്ഥമൊക്കയു-
മാശുനൽകീടുമതിനില്ലസംശയം.
അഷ്ടോത്തരശതംശൈവലിംഗങ്ങളെ
പ്പുഷ്ടഭക്ത്യാദിനംതോറുമൎച്ചിക്കിലും.
ശിഷ്ടമായീടുമിക്കാശിമാഹാത്മ്യത്തെ-
ത്തുഷ്ട്യാനിയമേനനിത്യംവായിക്കിലും.
സംവത്സരംകൊണ്ടതിദീൎഘായുസ്സായ്
സംവിൽപ്രവരനായേററവുംശ്രീമാനായ്.
സൎവ്വഗുണാന്വിതനാകിയനന്ദനൻ
ശൈവപൂജാപരനായുളവാസ്സുതം * * *
ഘോരസംസാരാബ്ധിതന്നെക്കടക്കുവാൻ
പാരിതിൽമോഹമുണ്ടാകുന്നതെങ്കിലോ.
വാരാണസിയെഗ്ഗമിച്ചുമന്ദാകിനീ
തീരത്തിൽമജ്ജനംചെയ്തുവിശേഷമെ.
പൂരിച്ചഭക്ത്യാനമിക്കേണമായതു
പാരമസാദ്ധ്യമെന്നോൎത്തുപാഴ്ജനങ്ങൾ.
തന്മഹാമാഹാത്മ്യമാകുമിപ്പുസ്തകം
ചെമ്മെനിജഗൃഹത്തിങ്കൽവെച്ചാദരാൽ.
അൎച്ചിച്ചുവന്ദിച്ചുനിത്യംപഠിക്കിലോ
നിശ്ചയംതൽഫലസിദ്ധിയുംവന്നീടും.
ഏവംബഹുവിധംചൊല്ലുന്നതെന്തിന
കൈവരുംസൎവ്വസൌഖ്യങ്ങളുംനിൎണ്ണയം.
നൈമിശാരണ്യനിവാസികളാകിയ
മാമുനിമാരോടുസൂതനരുളിനെ.
വാരാണസിതന്റെമാഹാത്മ്യമാദര-
ലീരണ്ടുംചെയ്യാനതൊട്ടൊന്നിനിപ്പോൾ.
ഗൌരീശകാരുണ്യലേശമുണ്ടാകയാൽ
നേരോടെനിങ്ങളോടേവമുരചെയ്തേൻ.
പാരംപ്രമോദമുണ്ടെന്നാകിലിനിയും
സാരമായുള്ളതുചൊല്ലാംശ്രവിച്ചാലും.
മന്നിതിലോരോപുരാണശാസ്ത്രങ്ങളിൽ
നന്നായുരക്കുന്നപുണ്യമാംസേതുവിൽ.

നന്ദിയോടേകളിച്ചങ്ങുരാമേശ്വരൻ
തന്നെവഴിപോലെയർച്ചിച്ചുവന്ദിച്ചു.
സന്തോഷംപുറപ്പെട്ടുവാരാണസീ
തന്നിൽഗമിച്ചുതിലോത്തമയോടുംകൂടി.
സ്വർന്നദീതന്നിലവഗാഹനംചെയ്തു
പന്നഗഭൂഷണനാംവിശ്വേശ്വരനെയും.
വന്ദിച്ചുഗംഗാസലിലവുംകൊണ്ടങ്ങു
പിന്നെയുംരാമേശ്വരത്തുചെന്നാദരാൽ.
മജ്ജനവുംചെയ്തുരാമേശ്വരനുടൻ
നിർജ്ജരഗംഗാജലാഭിഷേകംചെയ്തു.
ധൂർജ്ജടിയാകിയരാമേശ്വരൻതന്നനു-
ജ്ഞനംചെയ്തുഭർത്താവുമൊത്തവളും.
തീർത്തുമഹാഘോരസംസാരമാകിയ
വാരിധിയിൽനിന്നുകരേറിമോദത്തോടെ.
പൊൽത്താരടിയോടുചേർന്നുകൊള്ളുന്നതു
മൃത്യുഞ്ജയനാമനാഥനെന്നോർപ്പവർ.
ഇത്ഥംപ്രാർത്ഥിച്ചുചെന്നുപുരിപുക്കു
ചിത്തേസമസ്തവിഷയാശകളെയും.
ത്യക്തപാശമദമത്സരനായ്സന്തതം
ചിത്തശുദ്ധ്യാവസിച്ചീടിനാനങ്ങവൻ.
ശാസ്ത്രങ്ങളിൽപറഞ്ഞപോലെനിത്യചില-
മന്ത്രജപംസ്നാനഗോദാനങ്ങളിൽ.
ഗാത്രത്തെമുക്കിയോരാനന്ദസ്വർന്നദീ
തീർത്ഥാഭിഷേകവുംചെയ്തുവഴിപോലെ.
പത്തനെചെന്നുവിശ്വേശ്വരസേവിതനായ്
സത്യാദിയുത്തവിശുദ്ധമതികളായ്.
ചിത്തജവൈരിതൻപാദപങ്കേരുഹം
ചിത്തെക്ഷണനേരമെങ്കിലുംവിട്ടീടാതെ.
നിത്യംദ്വിജേന്ദ്രാദിപൂജകന്മാരായ്
വൃത്ഥമല്ലാതെകാലംകഴിക്കുന്നകാലം.
ഗാത്രമിതാദ്യാൽക്ഷണഭംഗുരംമല-
മൂത്രാദികൾക്കിരിപ്പിടമാവതാം.
രക്തമാംസാദിസമ്മേളിതംസർവദാ
മൃത്യുവിനാൽപരിഗ്രസ്തവുംദുഃഖദം.
എത്രചപലംശിശുകാലംകഴിയുന്നു

എത്രവേഗംയൌവ്വനംഗമിച്ചീടുന്നു.
എത്രവേഗംജരാവന്നുബാധിക്കുന്നു
എത്രവേഗംരോഗപീഡിതനാകുന്നു.
എത്രവേഗംമൃത്യുവന്നുപോയീടുന്നി-
തത്രകാണുന്നതില്ലനാംപലരെയും.
എത്രജനംനാമറിയജ്ജനിച്ചിതി-
ങ്ങെത്രജനംനാമറിയമരിച്ചിതു.
എത്രജനമതിചിത്രവാസോചിത
നിൎദ്ധനന്മാരായുലഞ്ഞുകാണുന്നിതു.
എത്രജനംധനഹീനരായുള്ളവർ
നിസ്തുലസമ്പത്തിയോടുകാണുന്നിതു.
മൎത്ത്യനായാലവനല്പമെന്നാകിലും
ചിത്തവിവേകവിജ്ഞാനാദിയില്ലെങ്കിൽ.
എത്രയുംഗോഖരശ്വാദിമൃഗങ്ങളോ-
ടൊത്തുമരണോപമമാമിതോൎക്കുമ്പോൾ.
അത്യന്തമാഹാരനിദ്രാവിഹാരാദി
സന്തതിയവൎക്കുമുണ്ടെപ്പോഴുമോൎക്കിലോ.
നിത്യമായ്സൎവ്വസതതാനന്ദമായ്പര-
തത്വാൎത്ഥമായ്സൎവ്വസാക്ഷിയായ്ശാന്തമായ്.
ഇത്രിലോകംനിറഞ്ഞെങ്ങുംവിളങ്ങുന്ന
വസ്തുവൊന്നുണ്ടതിനെക്കണ്ടറിയുവാൻ.
മൎത്ത്യനൊന്നല്ലാതെമറ്റുജന്തുക്കൾക്കു
സാദ്ധ്യമല്ലതുമേനിശ്ചയമാകയാൽ.
മൎത്ത്യജന്മംലഭിച്ചാലവൻസൎവ്വദാ
സത്തുക്കളെക്കണ്ടവരോടുസംഗമം.
നിത്യവുംചെയ്കിലോകാലക്രമാൽമന-
ശ്ശുദ്ധിവന്നീടുമന്നേരംഎദന്തരെ.
ശാസ്ത്രങ്ങളുണ്ടറിവാൻപലതുംസൎവ്വ-
ശക്തനാമീശനുമുണ്ടിങ്ങതിനൊട.
തത്വമറിയേണമെന്നുതോന്നുംതദാ
നിത്യാപഠിച്ചുതുടങ്ങുംവഴിപോലെ.
ഇങ്ങിനെകാലംകുറഞ്ഞൊന്നുചെല്ലുകി-
ലങ്ങുളവാകുംപരമാത്മതത്വവും.
എങ്ങുംനിറഞ്ഞുവിളങ്ങുന്നവസ്തുവെ
ത്തിങ്ങുമാനന്ദമോടാത്മനികണ്ടിട്ടു

സച്ചിദാനന്ദസ്വരൂപനായ്സന്തതം
നിശ്ചലംവാണുകൊള്ളാംതദമെകനായ്.
അങ്ങിനെയുള്ളോരുമാഗ്ഗംവെടിഞ്ഞുദു-
സ്സംഗവുംചെയ്യുഗവ്വാന്ധരായുള്ളവർ.
ഗംഗാജലത്തിലുംസേതുബന്ധത്തിലും
മുങ്ങിക്കുളിച്ചാലൊരുഫലമെന്തുള്ളു.
എത്രതന്നെതീത്ഥതോയമുഴുകിലും
ചിത്തസംശുദ്ധിഭവിക്കയില്ലോക്കേണം
ചിത്തവിശുദ്ധിഭവിക്കേണമെങ്കിലൊ
തത്വാത്ഥമായുള്ളവസ്തുവറിയേണം.
സോമനുമക്കനുമഗ്നിയുംവായുവും
ഭൂമിയുമാകാശവുംജലവുംപിന്നെ.
രാവുംപകലുംഹൃദയവുംധമ്മവു-
മെവമസ്സന്ധ്യകൾരണ്ടുംയമൻതാനും.
ഇത്ഥംപതിന്നാലുപേർമനുഷ്യന്റെ
വൃത്തമശേഷമറിയുന്നുസവ്വദാ.
സത്യമകലെക്കളഞ്ഞസത്യംചൊല്ലി
മത്ത്യക്കുവിശ്വാസവുംവരുത്താംഭൃശം.
നിത്യവുംമത്ത്യവൃത്തമറിഞ്ഞീടുന്നൊ-
രുത്തമസാക്ഷികളാണിവരെവരും.
മൃത്യുവരുമ്പോളിവരെവഴിപോലെ
വിസ്മരിച്ചന്തകൻതീച്ചയാക്കാംദൃഢം.
സത്യത്തെയായിരമശ്വമേധത്തിനോ-
ടൊത്തുതൂക്കീടിനാൻപണ്ടുബ്രഹ്മാവപ്പോൾ.
സത്യമധികമായ്ത്തൂങ്ങിയതുകൊണ്ടു
സത്യംവലുതെന്നുചൊല്ലിനാൻപത്മജൻ.
നാവിന്നുസാമത്ഥ്യമേററമുണ്ടെങ്കിലൊ
സവ്വഥാവ്യാജമുരെക്കണമെന്നുണ്ടൊ.
ചേതസിസത്യംവെടിയുകിലോററവും
ഭൂതേശ്വരൻശിക്ഷചെയ്യുമെന്നോക്കണം.
ഇത്തരമോരോജനങ്ങളുടെവൃത്ത
മത്രഞാൻസംക്ഷേപമായൊട്ടുചൊല്ലിനേൻ.
മൃത്യുഞ്ജയസമസ്തേശ്വരശങ്കര
നിത്യവുംപാലിച്ചുകൊൾകദയാനിധെ.
വിശ്വനാഥഭക്തവത്സലഗോപതെ

വിശ്വമൂൎത്തേകൃപാവാരിരാശേവിഭോ.
വിശ്വസംഹാരസൃഷ്ടിസ്ഥിതികാരണ
വിശ്വസാക്ഷിൻപരമേശ്വരദൈവമേ.
സൎവ്വഭൂതാന്തസ്ഥിതവൃഷഭധ്വജ
പാൎവ്വതീവല്ലഭദേവദേവപ്രഭോ.
സൎവ്വജ്ഞസൎവ്വലോകാധാരശാശ്വത
നിൎവ്വാണദനിഖിലാൎത്ഥദനിൎമ്മല.
ഗംഗാധരഗജചൎമ്മാംബരധര
തുംഗഭുജംഗാഭരണജഗൽപ്രഭോ.
അംഗജഗൎവ്വാപഹാന്തകനാശന
പിംഗജടാധരസ്വാമിൻവിഷധര
സച്ചിദാനന്ദസ്വരൂപസനാതന
നിശ്ചലനിത്യനിരഞ്ജനനിൎമ്മമ.
നിശ്ചയിച്ചുള്ളമറിവാനരുതാത്തൊ-
രച്ചിന്ത്യമൂൎത്തേശരണാഗതപ്രിയ.
എന്നുടെപാദങ്ങൾകൊണ്ടുസദാതവ
മന്ദിരംചുറ്റിനടക്കുമാറാകേണം.
ഹസ്തങ്ങൾകൊണ്ടുഭവല്പാദപങ്കജം
നിത്യമൎച്ചനംചെയ്യുമാറാകേണം.
നാവുകൊണ്ടേറ്റംതവതിരുനാമങ്ങൾ
സൎവ്വദാമേജപിക്കായ്വരേണംവിഭോ.
നാസികകൊണ്ടുനിൻപാദാൎച്ചനംചെയ്ത
ഭാസുരവില്വസൌരഭ്യമേല്ക്കാകേണം.
നേത്രങ്ങൾകൊണ്ടു ശിവലിംഗമെപ്പൊഴു-
മാൎത്തിവിനാശനകാണുമാറാകേണം.
ഉത്തമാംഗേനഭവല്പാദപങ്കജം
നിത്യംനമസ്കരിക്കായ്വരേണംമമ.
ഗാത്രത്തിനാലതിമാത്രംഭവാനുടെ
ഭൃത്യത്വമന്വഹംചെയ്യുമാറാകേണം.
മാനസമെപ്പൊഴുംത്വല്പദാംഭോരുഹ
സ്ഥാനത്തുതന്നെവസിക്കേണമേവിഭോ.
ആനന്ദമൂൎത്തേമമബുദ്ധിയുംതവ-
ധ്യാനനിരതയായ്വന്നുഭവിക്കേണം.
ഭക്തപ്രിയഭഗവൻകരുണാനിധേ
മുക്തിപ്രദമുകുന്ദാദിനിഷേവിത.

കാശീമാഹാത്മ്യം

അഹമവനിമണ്ഡലമുള്ളജഗന്മയ
ഭ്രമൽസകലചരാചരാന്തസ്ഥിതം.
സോമകലാധരശങ്കരനിർത്തിത-
നാമമന്ത്രങ്ങളീരഞ്ചിയോമെന്നുടെ.
സീമാതീതമാംശോഭകനാശോത്തമ്യ-
മാർക്കണ്ഡേയനുംചെയ്തുസന്തതം.
അമ്മഹത്വമിവകളിച്ചകാണിടുക
ശ്രീമഹാദേവനമസ്കാരമെപ്പോഴും.
മന്ദമതികളായുള്ളജനങ്ങളി-
ലൊന്നായനായഞാനെന്റെഗുരുശാസനാൽ.
വന്ദ്യമായിട്ടിക്കാശീമാഹാത്മ്യത്തെ
യിന്നുവരെക്കറിയുംവണ്ണമോതിനേൻ.
സാരമെന്നുള്ളാർത്ഥമിങ്ങറിയാതെയോ
പാരമായിട്ടും പ്രമാദംനിമിത്തമോ.
പാരംപിഴയിതിലുണ്ടെന്നിരിക്കിലും
സൂരിജനങ്ങൾക്ഷമിപ്പാൻവണങ്ങുന്നേൻ.
ശോഭനരായുള്ളബാലകൻ
സൌരഭ്യമേറുന്നപുഷ്പങ്ങളെക്കൊണ്ടു.
പാരാതെതാരമാലകെട്ടിയാലായതു
ഗൌരീശനംശിരസാധരിക്കുന്നില്ലേ.
ശ്രീരിനമാധുര്യമില്ലന്നിരിക്കിലും
വാരാണസീതന്റെമാഹാത്മ്യമാകയാൽ.
നല്ലജനമിതുകണ്ടുകൊണ്ടാടുമെ-
ന്നുല്ലസിച്ചീടുന്നിതെന്മനസാമ്പ്രതം.
ചൊല്ലുള്ളകാശീമാഹാത്മ്യമിതുനിത്യ-
മുല്ലാസമോടെപഠിക്കിലുംകേൾക്കിലും.
വല്ലാത്തയെല്ലാമകന്നിഹസൌഖ്യവും
കില്ലില്ലദേഹനാശേമുക്തിയുംവരും.
കല്യാണശീലയാംഗൗരികാന്തിങ്കലേ
ചൊല്ലിയോരാദൃംവുണ്ടുവാണാൻസുമംഗളം.

ഇതി ശ്രീ കാശീമാഹാത്മ്യം

പഞ്ചമാദ്ധ്യായം

സമാപ്തം.